മാസിക
# സുന്നത്ത്

2026 ഏപ്രിൽ, 1447 ശവ്വാൽ – ദുൽഖഅ്ദ്
പുസ്തകം 49 / ലക്കം 2, വില 18 രൂപ

Samastha Kerala
Sunni Jam-iyyathul Mu-allimeen
Samastha Islamic Centre,
P.O Eranhippalam, Calicut-6

**Ph: 0495 277 2846**

sunnethmonthly@gmail.com
Sunnethcirculation@gmail.com




മുഖക്കുറി

## ജാഗ്രത വേണം വാക്കിലും പ്രവൃത്തിയിലും

തെരഞ്ഞെടുപ്പ് കാലമാണ്. ജനാധിപത്യവും മതേതരത്വവും രാജ്യത്തിന്റെ ബഹുസ്വരതയും സംരക്ഷിക്കുന്നവർക്കായിരിക്കണം നമ്മുടെ വോട്ട്. നാടിന്റെ സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ വികസനപ്രവർത്തനങ്ങളെ സംബന്ധിച്ച് ഓരോ പൗരന്മാർക്കും കൃത്യമായ ബോധ്യം വേണം. മാധ്യമങ്ങളിലൂടെയും മറ്റും പ്രചരിക്കുന്ന വാർത്തകളും വിവരങ്ങളും സൂക്ഷ്മതയോടെ അവലോകനം ചെയ്യണം. വ്യാജപ്രചാരണങ്ങളിലും വാർത്തകളിലും നാം വഞ്ചിതരായിപ്പോകരുത്.

നമ്മുടെ സമയവിനിയോഗത്തിലും സംസാരത്തിലും സോഷ്യൽമീഡിയ ഉപയോഗത്തിലും അതീവജാഗ്രത പുലർത്തേണ്ട കാലം കൂടിയാണിത്. കക്ഷിരാഷ്ട്രീയത്തെ സംബന്ധിച്ചുള്ള അനാവശ്യ ചർച്ചകളിലും സംവാദങ്ങളിലും മുഴുകി നമ്മുടെ നേരങ്ങൾ പാഴായിപ്പോകരുത്. ഗുണത്തേക്കാളേറെ ദോഷമാണ് ഇത്തരം ചർച്ചകളിലൂടെ നാം സമ്പാദിക്കുക. ഏഷണി, പരദൂഷണം, പരിഹാസം, വ്യക്തിഹത്യ തുടങ്ങിയ ഗൗരവമേറിയ തിന്മകളെ തെരഞ്ഞെടുപ്പിന്റെ പേരിൽ ലാഘവത്തോടെ കാണരുത്. ക്രിയാത്മകമായ ചിന്തകളും വാക്കുകളും പ്രവർത്തനങ്ങളുമാണ് വിശ്വാസിയിൽനിന്ന് ഉണ്ടാവേണ്ടത്. പാരത്രിക ലോകത്തെ തെരഞ്ഞെടുപ്പിനാണ് കൂടുതൽ പ്രാധാന്യമെന്ന് നാം മറന്നുപോകരുത്.

**എഡിറ്റർ**

**Managing Editor**
Sayyid Ali Bafaqy Thangal

**Chief Editor**
V.P.M Villyapalli
9446 731 889, 0496 253 4373

**Executive Editor**
Shafeeq Bukhari Kanthapuram
cp222306@gmail.com

**General Manager**
Sulaiman Saqafi Kunhukulam

**Editor**
Muhammed Parannur

**Sub Editor**
E.M Sufyan Bukhari

**Circulation Manager**
Shareef saqafi Edayur

**Design & Layout**
Anvar Sadique Bukhari

കവർസ്റ്റോറി

## ഈ യുദ്ധം സമാധാനത്തിനല്ല

○ സൈനുദ്ദീൻ ഇർഫാനി

നികത്താനാവാത്ത നഷ്ടങ്ങളും തീരാത്ത ദുരിതങ്ങളുമായിരിക്കും യുദ്ധങ്ങളുടെ ബാക്കിപത്രം. രാഷ്ട്രീയവും സാമ്പത്തികവുമായ അധികാരമോഹങ്ങളാണ് ഓരോ യുദ്ധങ്ങളുടെയും അടിസ്ഥാന ഹേതുവായി മാറുന്നത്.

06



കവർസ്റ്റോറി

## മതവിദ്യാഭ്യാസം അവഗണിക്കരുതേ

○ സിയാദ് സഖാഫി പാറന്നൂർ

മൂല്യാധിഷ്ഠിത വിദ്യാഭ്യാസം പേരിൽ മാത്രം ഒതുങ്ങുന്ന കാലത്ത് മതവിദ്യാഭ്യാസത്തിന്റെ പ്രസക്തിയേറെയാണ്. ധാർമികബോധമുള്ള സമൂഹത്തെ സൃഷ്ടിച്ചെടുക്കുന്നതിൽ മദ്റസകളുടെയും മതപാഠശാലകളുടെയും പങ്ക് നിസ്തുലമാണ്.

10



കവർസ്റ്റോറി

## ജലം വേണം ജീവനുവേണ്ടി

○ അനസ് ബുഖാരി

ജീവന്റെ അടിസ്ഥാനമാണ് ജലം. ദൗർലഭ്യത അനുഭവിക്കുമ്പോഴാണ് നാം വെള്ളത്തിന്റെ വില തിരിച്ചറിയുന്നത്. ഭാവിതലമുറയ്ക്കു വേണ്ടി വെള്ളം സംഭരിക്കാനും സൂക്ഷ്മതയോടെ ഉപയോഗിക്കാനും നാം തയ്യാറാകണം.

16





19 **യാചന നീചമാണ്**
അബ്ദുല്ല ചെമ്പ്ര

**സോംബിമനുഷ്യർ പിറക്കുമ്പോൾ**
മുഹമ്മദ് വിളയിൽ



23



30 **ആതുരകാലത്തിന്റെ സ്മരണകളിലൂടെ**
സൈറ അലി അരീക്കോട്

05 തസ്കിയ
28 ശാഫിഈ ഫിഖ്ഹ്
49 വാർത്തകൾ
ചരിത്രാഖ്യായിക 25
നോവൽ 38
ഹനഫീ ഫിഖ്ഹ് 41

09 **വേനൽച്ചൂട് കനക്കുമ്പോൾ**
റൈഹാൻ

33 **യൂറിക് ആസിഡ് നിയന്ത്രിക്കാം**
അബൂലിയാന

34 **കുട്ടികളുടെ വ്യക്തിത്വ വളർച്ച**
ജാശിർ കുന്നളം

42 **നിങ്ങളുടെ സ്ക്രീൻടൈം എത്ര?**
മുഹമ്മദ് പാറന്നൂർ

46 **പേടിയില്ലാത്തവർ**
അലി സഖാഫി പുൽപ്പറ്റ

# പ്രശംസ ഇഷ്ടമാണോ?

## തസ്കിയ

തിരുനബി(സ) ഇരിക്കുന്ന ഒരു സദസ്സിൽ ഒരാൾ മറ്റൊരാളെ പുകഴ്ത്തി സംസാരിച്ചു. അപ്പോൾ അവിടുന്ന് പറഞ്ഞു: 'നാശം! നീ നിന്റെ സഹോദരന്റെ പിരടി മുറിച്ചിരിക്കുന്നു.' മൂന്നുപ്രാവശ്യം അവിടുന്ന് ഇങ്ങനെ പറഞ്ഞു. ശേഷം തുടർന്നു: 'നിങ്ങളിലൊരാൾക്ക് മറ്റൊരാളെ സ്തുതിക്കൽ അനിവാര്യമായി വന്നാൽ ഇങ്ങനെ പറഞ്ഞുകൊള്ളുക: 'ഞാൻ അയാളെക്കുറിച്ച് ഇങ്ങനെയെല്ലാമാണ് മനസ്സിലാക്കുന്നത്, കൂടുതൽ അറിയുക അല്ലാഹുവിനു മാത്രമാണ്.' ആ മനുഷ്യനിൽ പ്രശംസാർഹമായ ഗുണങ്ങളുണ്ടെന്ന് ബോധ്യമുണ്ടെങ്കിൽ മാത്രമേ ഇങ്ങനെയും പറയാവൂ. എന്നാൽ, അല്ലാഹുവിനെക്കാൾ മറ്റൊരാളെയും സ്തുതിക്കാൻ പാടില്ല.' (ബുഖാരി)

പ്രശംസ ഇഷ്ടപ്പെടാത്തവരുണ്ടാവില്ല. കേട്ടിരിക്കാൻ നല്ല സുഖമാണ്. പിന്നെയും പിന്നെയും അതോർത്ത് അഭിമാനിക്കുകയും ആനന്ദം കൊള്ളുകയും ചെയ്യും. എന്നാൽ, ഓർക്കണം; അത്യന്തം അപകടകരമായ സംസാരമാണത്. പ്രശംസ വ്യക്തികളെ നശിപ്പിക്കുന്ന വിനയായാണ് മഹാത്മാക്കൾ കണ്ടിരുന്നത്. തന്റെ സഹോദരന്റെ കഴുത്തു വെട്ടിക്കളയുന്നതിനു സമാനമാണ് അതെന്നാണല്ലോ പ്രസ്തുത വചനത്തിൽ നിന്നു മനസ്സിലാകുന്നതും. പ്രശംസ പ്രശംസിക്കപ്പെടുന്ന വ്യക്തിയുടെ മനസ്സിൽ അഹന്തയും അഹങ്കാരവും നിറയ്ക്കും. അപ്പോൾ അയാൾ സ്വന്തം ന്യൂനതകളും ദൗർബല്യങ്ങളും മറക്കും. പറയപ്പെട്ട ഗുണങ്ങളെല്ലാം തന്നിലുണ്ടെന്ന് ധരിക്കുമ്പോൾ അഹങ്കാരം കടന്നുവരും. ആത്മവിമർശനത്തിന്റെ വഴികൾ അടഞ്ഞുപോകും. ആത്മസംസ്കരണത്തിനു സന്മനസ്സില്ലാതാവും. അതുകൊണ്ടുതന്നെ ഒരാളെയും പ്രശംസിക്കുന്നത് അത്ര നല്ല കാര്യമല്ലെന്നോർക്കുക.

പലപ്പോഴും നിശ്ചിത വ്യക്തികളുടെ പ്രീതി നേടാനും സ്വാർത്ഥതാൽപര്യങ്ങൾ പൂർത്തീകരിക്കാനുമായിരിക്കും പ്രശംസകൾ. അതൊരുതരം കാപട്യമാണ്. തിരുനബി(സ) പറഞ്ഞത് 'മുഖസ്തുതി പറയുന്നവരുടെ മുഖത്ത് മണ്ണ് വാരിയെറിയണം' എന്നാണ്. (ബുഖാരി, മുസ്‌ലിം) ഉസ്മാൻ(റ)വിന്റെ സദസ്സിൽ ഒരാൾ അദ്ദേഹത്തെ പുകഴ്ത്തുന്നതു കണ്ടപ്പോൾ മിഖ്ദാദ്(റ) മുട്ടുകുത്തിനിന്ന് അയാളെ ചരൽക്കല്ല് വാരിയെറിയുകയും തിരുനബി(സ) ഇങ്ങനെ ചെയ്യാൻ കൽപ്പിച്ചിട്ടുണ്ടെന്ന് പറയുകയും ചെയ്തതായി ഹദീസിൽ കാണാം.

പ്രശംസയെ സ്വാഗതം ചെയ്യുന്നവരല്ല മഹദ്വ്യക്തികൾ; അതിനെ തടയുകയും അവഗണിക്കുകയും ചെയ്യുന്നവരായിരിക്കും. അലി(റ)വിനെ ഒരാൾ പരസ്യമായി പ്രശംസിച്ചപ്പോൾ അദ്ദേഹം പ്രാർത്ഥിച്ചു: 'അല്ലാഹുവേ, അവർ അറിയാത്ത കാര്യങ്ങൾ നീ എനിക്ക് പൊറുത്തുതരണേ. അവർ പറയുന്നതു നിമിത്തം നീ എന്നെ ശിക്ഷിക്കരുതേ. അവർ കരുതുന്നതിനെക്കാൾ എന്നെ നീ നന്മയിലാക്കണേ.'

ഒരാൾ നിങ്ങളെ പ്രശംസിക്കുന്നുവെങ്കിൽ ആ പ്രശംസകൾ കേട്ടിരിക്കണമെന്നല്ല; അവരുടെ വാക്കുകളിലൂടെ വന്നുചേരുന്ന അപകടം തിരിച്ചറിയുകയും കൂടുതൽ വിനയാന്വിതനായി അല്ലാഹുവിൽ അഭയം തേടുകയുമാണ് വേണ്ടത്. എങ്കിൽ, അതുവഴി ഉണ്ടായേക്കാവുന്ന അപകടങ്ങളിൽ നിന്ന് രക്ഷ ലഭിച്ചേക്കാം.

കവർസ്റ്റോറി

സൈനുദ്ദീൻ ശാമിൽ ഇർഫാനി മാണൂർ

# ഈ യുദ്ധം സമാധാനത്തിനല്ല



മനുഷ്യചരിത്രത്തിലെ ഏറ്റവും ഭീകരമായ വാക്കുകളിലൊന്നാണ് യുദ്ധം. ചെറുതും വലുതുമായ അനേകം യുദ്ധങ്ങൾ മനുഷ്യചരിത്രത്തിൽ നടന്നിട്ടുണ്ട്. ലോകത്ത് സ്വാഭാവികമായി മരിച്ചുപോയ മനുഷ്യരുടെ അനേകം ഇരട്ടി വരും ഓരോ യുദ്ധക്കാലത്തും പൊലിഞ്ഞു പോയ മനുഷ്യജീവനുകൾ.

പ്രാചീനയുദ്ധങ്ങൾ യഥാർത്ഥത്തിൽ ഗോത്രസംഘർഷങ്ങളായിരുന്നു. അപരഗോത്രങ്ങളുടെ സമ്പത്ത് കൊള്ളയടിക്കാൻ വേണ്ടിയായിരുന്നു മിക്കയുദ്ധങ്ങളും. കാലക്രമേണ യുദ്ധലക്ഷ്യങ്ങൾ പൂർണ്ണമായി മാറി. ഇന്ന് യുദ്ധം മനുഷ്യാവകാശ ധ്വംസനങ്ങളുടെ ക്രൂരമായ പ്രയോഗമാണ്. നിസ്സഹായതയുടെ ആഴങ്ങളിലേക്ക് മനുഷ്യരെ എടുത്തെറിയുന്ന രോദനങ്ങളാണ് ഓരോ യുദ്ധവും സമ്മാനിക്കുന്നത്. എല്ലാം നഷ്ടപ്പെട്ട സാധാരണക്കാരുടെ കരച്ചിലും രോദനവുമല്ലാതെ മറ്റൊന്നും യുദ്ധങ്ങൾ നൽകുന്നില്ല. യുദ്ധത്തിൽ ആത്യന്തികമായി ആരും വിജയിക്കുന്നുമില്ല.

ഓരോ യുദ്ധവും അവസാനിക്കുന്നത്, എന്തിനാണ് തുടങ്ങിയതെന്ന ചോദ്യത്തിന്റെ ഉത്തരം കണ്ടെത്തുന്നതിൽ പരാജയപ്പെട്ടുകൊണ്ടാണ്. യുദ്ധം ചെയ്തവർക്കോ അവരുടെ ഭാവി തലമുറക്കോ ഈ യുദ്ധങ്ങളൊന്നും ഒരു വളർച്ചയും നൽകുന്നില്ലെന്നതാണ് യാഥാർത്ഥ്യം. തലമുറകൾകൊണ്ട് ഒരു ജനത നേടിയെടുത്ത നേട്ടങ്ങളെ മുഴുവൻ ഒറ്റനിമിഷം കൊണ്ട് ഭസ്മമാക്കിക്കളയുന്നു യുദ്ധങ്ങൾ.

ആധുനിക കാലത്ത് യുദ്ധങ്ങൾ ഒരു വ്യാപാരസാധ്യത കൂടിയാണ്. ആയുധവ്യവസായത്തിന്റെ നട്ടെല്ല് യുദ്ധങ്ങളാണ്. കോർപറേറ്റുകൾക്ക് ആയുധവിപണിയിൽ ലാഭം കൊയ്യാനും രാഷ്ട്രീയാധികാരം വികസിപ്പിക്കാനും വലിയ സാമ്പത്തിക ലാഭം കൊയ്യാനും മാത്രമാണ് ഇന്ന് യുദ്ധം സഹായകമാകുന്നത്. ഭരണാധികാരികളെപ്പോലും ചട്ടുകങ്ങളാക്കി നിർത്താൻ ശേഷിയുള്ള ആയുധഭീമന്മാർ നടത്തുന്ന വാണിജ്യമത്സരങ്ങളുടെ ഇരകളാകേണ്ടി വരുന്നത് വിവിധ രാജ്യങ്ങളിൽ വസിക്കുന്ന നിരപരാധികളായ അസംഖ്യം മനുഷ്യരാണെന്ന കാര്യം വിസ്മരിക്കപ്പെടുന്നു.

1914ൽ ആരംഭിച്ച ഒന്നാം ലോകയുദ്ധം 1918ൽ അവസാനിക്കുമ്പോഴേക്കും ലക്ഷക്കണക്കിന് സാധാരണക്കാരാണ് കൊല്ലപ്പെട്ടത്. യുദ്ധത്തിൽ പങ്കെടുത്ത ഏഴു കോടിയോളം സൈനികരിൽ ഒരുകോടിയിലധികം പേർ കൊല്ലപ്പെട്ടു. മൂന്നുകോടിയിലധികം പട്ടാളക്കാർക്ക് ഗുരുതരമായ മുറിവേറ്റു. രോഗവും പട്ടിണിയും മൂലം ലക്ഷക്കണക്കിനാളുകൾ മരിച്ചു. ഒട്ടനവധി ഗ്രാമങ്ങളും നഗരങ്ങളും നാമാവശേഷമായി. കൃഷിയും വ്യവസായവും സമ്പദ്‌വ്യവസ്ഥയും തകർന്നടിഞ്ഞു. ഹിരോഷിമയിലും നാഗസാക്കിയിലും അണുബോംബുകൾ വർഷിച്ച് അമേരിക്ക ആരംഭിച്ച രണ്ടാം ലോകയുദ്ധവും ലോകത്ത് മഹാനഷ്ടങ്ങളുണ്ടാക്കി.

ഓരോ വ്യക്തിയുടെയും അന്തസ്സും സുരക്ഷയും ഉറപ്പാക്കി ജീവിക്കാനുള്ള അവകാശം മനുഷ്യാവകാശ പ്രഖ്യാപനത്തിൽ ഐക്യരാഷ്ട്രസഭ വിളംബരം ചെ



ണ്ടനാമോ തടവറയിലും അബൂ ഗുറൈബ് ജയിലിലും യു എസ് നടത്തിയ ക്രൂരതകൾ ലോകം മുഴുവൻ കണ്ടതാണ്.

## അധിനിവേശത്തിന്റെ പുതിയപ്രയോഗങ്ങൾ

ഇസ്രയേലിന്റെയും അമേരിക്കയുടെയും പുതിയ കാലത്തെ ആക്രമണങ്ങൾ മൂലം പശ്ചിമേഷ്യയുടെ മാത്രമല്ല, ലോകത്തിന്റെയാകെ മനഃസമാധാനമാണു നഷ്ടപ്പെട്ടത്. കനത്ത ആക്രമണങ്ങളുമായി ഇരുകൂട്ടരും പിടിവാശിയോടെ മുന്നോട്ടു നീങ്ങുന്നതു രാജ്യാന്തര സമൂഹത്തിന്റെ നെഞ്ചിടിപ്പു കൂട്ടുന്നുണ്ട്. ഇസ്രായേലിന്റെ ബോംബുകൾ ഇറാനിലെ സ്കൂളിൽ പഠിക്കുന്ന പിഞ്ചുകുഞ്ഞുങ്ങളെ കൂട്ടത്തോടെ കൊന്നൊടുക്കിയത് നിയമപരമായും നയതന്ത്രപരമായും മനുഷ്യത്വപരമായും ഭീകരമായ കുറ്റമാണ്. ലോകത്തിന്റെ സർവ്വ നിയമവ്യവസ്ഥകളെയും പാടെ തള്ളി രണ്ടു തെമ്മാടി രാഷ്ട്രങ്ങൾ നടത്തുന്ന പൈശാചികത എന്നു മാത്രമേ ഇതിനെക്കുറിച്ച് പറയാൻ സാധിക്കുകയുള്ളൂ. നുണകൾ കൊണ്ട് കൊട്ടാരം തീർക്കുന്ന ഇത്തരക്കാരുടെ അടിസ്ഥാന ലക്ഷ്യം തന്നെ തങ്ങളുടെ വിദ്വേഷ നിലപാടുകളുടെ പ്രചാരണമാണല്ലോ.

ഇസ്രായേൽ ഗസ്സയിൽ നിരന്തരം നടത്തിയ ക്രൂരതകളും വിവരണാതീതമാണ്. ലക്ഷക്കണക്കിനാളുകളുടെ കണ്ണീരുകൊണ്ടും ചോരകൊണ്ടും എഴുതിയ ഭൂപടമാണ് ഗസ്സ. ലോകത്തേക്കു കണ്ണ് തുറക്കുമ്പോൾ തന്നെ മരണത്തിന്റെ വെടിയൊച്ച കേൾക്കുന്ന നവജാത ശിശുക്കളാണ് ഗസ്സയിലുള്ളത്. കളിചിരികളുടെ ഇളം പ്രായത്തിൽ അവയവങ്ങൾക്ക് ഭംഗം വന്നവരും അനാഥരുമായ എത്രയോ കുരുന്നുകൾ ഫലസ്തീനിലുണ്ട്.

സാധ്യമായ വഴികളിലൂടെയെല്ലാം ഗസ്സ നിവാസികളെ പ്രയാസപ്പെടുത്താൻ ഇസ്രായേൽ ഭരണകൂടം ശ്രമിച്ചിട്ടുണ്ട്. അവരുടെ എല്ലാ ജലസ്രോതസ്സുകളും ജലവിതരണ കേന്ദ്രങ്ങളും ഇസ്രയേൽ സൈന്യം നശിപ്പിച്ചു. മലിനജലം കുടിക്കേണ്ടി വന്നതിനാൽ ജലജന്യരോഗങ്ങളും ഗസ്സയിൽ വ്യാപകമായി. പാവപ്പെട്ട ജനങ്ങൾ ചികിത്സക്ക് പോകുന്ന ആശുപത്രികൾ പോലും ഇടിച്ചു തകർത്തു. അന്താരാഷ്ട്ര സഹായങ്ങൾ തങ്ങൾ സ്വീകരിച്ചു വിതരണം ചെയ്യാമെന്ന ഇസ്രായേലിന്റെ ശാഠ്യം ദുരിതാശ്വാസത്തെ പോലും ആക്രമണ തന്ത്രമാക്കി മാറ്റാനായിരുന്നു. ഭക്ഷണപ്പൊതികൾ കാണുമ്പോൾ ഓടി വന്നിരുന്ന പിഞ്ചുപൈതങ്ങളുടെ ശരീരങ്ങളിൽ അവർ നിറയൊഴിച്ചു. വൃദ്ധരെയും വനിതകളെയും കൂ

യ്യുന്നുണ്ടെങ്കിലും അവയെല്ലാം നോക്കുകുത്തികളാണെന്നതാണ് സത്യം. മനുഷ്യാവകാശങ്ങളെക്കുറിച്ചു ഏറ്റവും കൂടുതൽ സംസാരിക്കുന്ന അമേരിക്കൻ ഭരണകൂടമാണ് അവകാശധ്വംസനത്തിൽ ഏറ്റവും മുന്നിൽ. അഭിപ്രായസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, സംഘടിക്കാനുള്ള സ്വാതന്ത്ര്യം, ക്രൂരവും അസാധാരണവുമായ ശിക്ഷകളിൽ നിന്നുള്ള സ്വാതന്ത്ര്യം, ന്യായയുക്തമായ നീതിനിർവഹണ സ്വാതന്ത്ര്യം എന്നിവയെല്ലാം യു എസ് ഭരണഘടന ഉറപ്പ് നൽകുന്നുണ്ടെങ്കിലും കടുത്ത മനുഷ്യാവകാശലംഘനങ്ങളാണ് അമേരിക്കൻ സാമ്രാജ്യത്വം ലോകമെമ്പാടും നടത്തിക്കൊണ്ടിരിക്കുന്നത്. ഗ്വാ

**മനുഷ്യാവകാശങ്ങളെക്കുറിച്ചു ഏറ്റവും കൂടുതൽ സംസാരിക്കുന്ന അമേരിക്കൻ ഭരണകൂടമാണ് അവകാശധ്വംസനത്തിൽ ഏറ്റവും മുന്നിൽ. അഭിപ്രായസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, സംഘടിക്കാനുള്ള സ്വാതന്ത്ര്യം, ക്രൂരവും അസാധാരണവുമായ ശിക്ഷകളിൽ നിന്നുള്ള സ്വാതന്ത്ര്യം, ന്യായയുക്തമായ നീതിനിർവഹണ സ്വാതന്ത്ര്യം എന്നിവയെല്ലാം യു എസ് ഭരണഘടന ഉറപ്പ് നൽകുന്നുണ്ടെങ്കിലും കടുത്ത മനുഷ്യാവകാശലംഘനങ്ങളാണ് അമേരിക്കൻ സാമ്രാജ്യത്വം ലോകമെമ്പാടും നടത്തിക്കൊണ്ടിരിക്കുന്നത്.**

ട്ടക്കുരുതി നടത്തി. കാലങ്ങളായി അത്യന്തം ഹീനവും മനുഷ്യത്വരഹിതവുമായ ആക്രമണ പരമ്പരകളിലൂടെ അവർ നിരന്തരം സർവ്വനാശം വിതയ്ക്കുകയാണ്.

## നാം ചെയ്യേണ്ടത്

യുദ്ധം പൂർണ്ണമായും ഒഴിവാക്കാനുള്ള പരിശ്രമങ്ങളാണ് ലോകരാഷ്ട്രങ്ങളുടെ ഭാഗത്തുനിന്നുണ്ടാകേണ്ടത്. പക്ഷം ചേരലിനപ്പുറത്ത്, ശാന്തിയിലേക്കുള്ള വാതിലുകൾ ഹൃദയപൂർവം തുറന്നുവയ്ക്കാൻ എല്ലാവരും തയ്യാറാവണം. ചോരകൊണ്ടല്ല, സഹവർത്തിത്വവും മാനവികതയും കൊണ്ടാവണം പുതിയ ലോകക്രമത്തിന്റെ നിർമിതിയെന്ന തിരിച്ചറിവിലേക്ക് നാം എത്തണം. യുദ്ധങ്ങൾ പെട്ടെന്ന് അവസാനിക്കാൻ നാം പ്രാർത്ഥിക്കണം. മനുഷ്യത്വമെന്ന വികാരം ഉൾക്കൊണ്ട് അവരുടെ വേദനകൾ നമ്മുടെ കൂടി വേദനകളായി മാറണം.

ഇസ്രായേലിന്റെ കശാപ്പിന് ശക്തി പകരുന്ന കമ്പനികളെയും ഉൽപ്പന്നങ്ങളെയും ബഹിഷ്കരിച്ചുകൊണ്ടെങ്കിലും മനുഷ്യത്വത്തിന്റെ നേർത്ത ശബ്ദത്തിന് ശക്തി പകരാൻ നമുക്കാവണം. മനസ്സാക്ഷി മരവിക്കാത്ത ഒരു വിഭാഗം ഇപ്പോഴും ഇസ്രായേൽ അധിനിവേശത്തിനെതിരെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രക്ഷോഭങ്ങൾ നടത്തുന്നുണ്ട്. അവരോടൊപ്പം നമുക്കും ചേരാം.

## മതപരിപ്രേക്ഷ്യം

ഇസ്‌ലാമിന്റെ അടിസ്ഥാന സങ്കൽപം സമാധാനമാണ്. ഇസ്‌ലാം എന്ന അറബി പദത്തിന് സമാധാനം എന്ന അർഥവുമുണ്ട്. ഇസ്‌ലാം പരസ്പര സ്നേഹത്തിനും സൗഹൃദത്തിനും വലിയ പ്രാധാന്യം നൽകുന്ന മതമാണ്. മനുഷ്യർ ഒന്നാണെന്നും ഒത്തൊരുമയോടെ വർത്തിക്കേണ്ടവരാണെന്നുമുള്ള സന്ദേശമാണ് ഇസ്‌ലാം എക്കാലത്തും മുന്നോട്ടുവെച്ചത്. വിശുദ്ധ ഖുർആനിൽ അല്ലാഹു മനുഷ്യകുലത്തെ മുഴുവൻ ഒരാണിന്റെയും പെണ്ണിന്റെയും മക്കളായാണല്ലോ പരിചയപ്പെടുത്തിയത്.




യുദ്ധങ്ങൾ പെട്ടെന്ന് അവസാനിക്കാൻ നാം പ്രാർത്ഥിക്കണം. മനുഷ്യത്വമെന്ന വികാരം ഉൾക്കൊണ്ട് അവരുടെ വേദനകൾ നമ്മുടെ കൂടി വേദനകളായി മാറണം. ഇസ്രായേലിന്റെ കശാപ്പിന് ശക്തി പകരുന്ന കമ്പനികളെയും ഉൽപ്പന്നങ്ങളെയും ബഹിഷ്കരിച്ചുകൊണ്ടെങ്കിലും മനുഷ്യത്വത്തിന്റെ നേർത്ത ശബ്ദത്തിന് ശക്തി പകരാൻ നമുക്കാവണം. മനസ്സാക്ഷി മരവിക്കാത്ത ഒരു വിഭാഗം ഇപ്പോഴും ഇസ്രായേൽ അധിനിവേശത്തിനെതിരെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രക്ഷോഭങ്ങൾ നടത്തുന്നുണ്ട്. അവരോടൊപ്പം നമുക്കും ചേരാം.

അല്ലാഹു പറയുന്നത് കാണുക: 'മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽ നിന്ന് സൃഷ്ടിക്കുകയും അതിൽനിന്നു തന്നെ അതിന്റെ ഇണയെ സൃഷ്ടിക്കുകയും ചെയ്ത രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ.' (4:01) 'മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. അന്യോന്യം തിരിച്ചറിയേണ്ടതിനു വേണ്ടി നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കുകയും ചെയ്തു.' (49:13)

## യുദ്ധം വേണ്ട

യുദ്ധം പ്രതിരോധത്തിന്റെ രൂപത്തിൽ ഒരനിവാര്യതയായി വന്നതിനാലാണ് ഇസ്‌ലാമിക ഗ്രന്ഥങ്ങളിൽ യുദ്ധനിയമങ്ങൾ പ്രതിപാദിക്കേണ്ടി വന്നത്. ശത്രുക്കളുടെ പീഡനവും പരിഹാസവും ഏറ്റുവാങ്ങിയ ഒരു പ്രബോധകനായിരുന്നു തിരുനബി(സ). മർദ്ദനങ്ങൾ നാൾക്കുനാൾ വർധിച്ചപ്പോഴും അവിടുന്ന് തിരിച്ചടിക്കാൻ മുതിർന്നില്ല. അക്രമം മൂലം പൊറുതിമുട്ടി അനുയായികൾ പരാതി പറഞ്ഞപ്പോഴും ക്ഷമ കൈക്കൊള്ളാനാണവിടുന്ന് നിർദ്ദേശിച്ചത്.

മദീനയിലേക്ക് തിരുനബി(സ)യും അനുയായികളും പലായനം ചെയ്തപ്പോൾ അവിടത്തെ ജൂതന്മാരുമായി ഖുറൈശികൾ രഹസ്യധാരണകളിലേർപ്പെട്ട് ഇസ്‌ലാമിക രാഷ്ട്രത്തെ അട്ടിമറിക്കാൻ ശ്രമിച്ചപ്പോൾ അത്തരം അപകടനീക്കങ്ങൾ ചെറുക്കേണ്ട സാഹചര്യം മുസ്‌ലിംകൾക്കുണ്ടായി. ഭൂമിയും അധികാരവും പിടിച്ചടക്കാനല്ല, മുസ്‌ലിം സമൂഹത്തെയും ഇസ്‌ലാമിക ആദർശത്തെയും സംരക്ഷിക്കാൻ വേണ്ടി മാത്രമായിരുന്നു ഈ പ്രതിരോധം.

അല്ലാഹു പറഞ്ഞു: 'യുദ്ധത്തിനിരയായവർക്ക് തിരിച്ചടിക്കാൻ അനുവാദം നൽകിയിരിക്കുന്നു. കാരണം അവർ മർദ്ദിതരാണ്. ഉറപ്പായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവൻ തന്നെ. സ്വന്തം വീടുകളിൽനിന്ന് അന്യായമായി ഇറക്കപ്പെട്ടവരാണവർ. ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്നു പ്രഖ്യാപിച്ചതല്ലാതെ ഒരു തെറ്റും അവർ ചെയ്തിട്ടില്ല. അല്ലാഹു ജനങ്ങളിൽ ചിലരെ മറ്റു ചിലരെക്കൊണ്ട് തടുക്കുന്നില്ലെങ്കിൽ സന്യാസിമഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂതദേവാലയങ്ങളും അല്ലാഹുവിന്റെ നാമം കൂടുതൽ പ്രകീർത്തിക്കപ്പെടുന്ന പള്ളികളും തകർക്കപ്പെടുമായിരുന്നു. തന്നെ സഹായിക്കുന്നവരെ ഉറപ്പായും അല്ലാഹു സഹായിക്കും. അല്ലാഹു സർവശക്തനും ഏറെ പ്രതാപിയും തന്നെ.' (ഹജ്ജ്: 39, 40)

അഭിമുഖീകരിക്കുന്ന ഒരു പ്രശ്നത്തിന്റെ അവസാന പരിഹാരം എന്ന നിലക്ക് മാത്രമാണ് അല്ലാഹു അനുവദിച്ചു കൊടുത്തത്. പരസ്പരം സന്ധിചെയ്ത് സമാധാനത്തോടെ ജീവിക്കാൻ സാധ്യമെങ്കിൽ അങ്ങനെ ചെയ്യണമെന്നു തന്നെയാണ് മതം പഠിപ്പിക്കുന്നത്.

ആരോഗ്യം

# വേനൽ കനക്കുമ്പോൾ

വേനലെത്തിയതോടെ കഠിനമായ ചൂടും ആരംഭിച്ചിരിക്കുന്നു. ചൂടിൽ നിന്ന് രക്ഷനേടാൻ ശ്രദ്ധിക്കേണ്ട 11 പ്രധാന കാര്യങ്ങൾ വായിക്കാം:

1. ധാരാളം വെള്ളം കുടിക്കുക: ദാഹം തോന്നിയില്ലെങ്കിലും കൃത്യമായ ഇടവേളകളിൽ വെള്ളം കുടിക്കാൻ ശ്രദ്ധിക്കുക.

2. അയഞ്ഞ പരുത്തി വസ്ത്രങ്ങൾ ധരിക്കുക: വായുസഞ്ചാരമുള്ളതും ഇളം നിറത്തിലുള്ളതുമായ കോട്ടൺ വസ്ത്രങ്ങൾ ധരിക്കുന്നത് ചൂട് കുറയ്ക്കാൻ സഹായിക്കും.

3. പുറത്തിറങ്ങുമ്പോൾ കുടയോ തൊപ്പിയോ ഉപയോഗിക്കുക: നേരിട്ട് വെയിൽ ഏൽക്കാതിരിക്കാൻ കുട, തൊപ്പി അല്ലെങ്കിൽ സൺ ഗ്ലാസ് എന്നിവ ഉപയോഗിക്കുക.

4. ഉച്ചസമയത്തെ വെയിൽ കൊള്ളുന്നത് ഒഴിവാക്കുക: രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണി വരെയുള്ള സമയത്ത് നേരിട്ട് വെയിൽ കൊള്ളുന്നത് പരമാവധി ഒഴിവാക്കുക.

5. കഠിനമായ ജോലികൾ ഒഴിവാക്കുക: ഉച്ചസമയത്ത് കൂടുതൽ ശാരീരികാധ്വാനം ആവശ്യമുള്ള ജോലികൾ ചെയ്യുന്നത് ഒഴിവാക്കുക.

6. ചായ, കാപ്പി എന്നിവ കുറയ്ക്കുക: ഇവ ശരീരത്തിലെ ജലാംശം നഷ്ടപ്പെടുത്താൻ കാരണമാകും. തണ്ണിമത്തൻ, കക്കിരി തുടങ്ങിയ ജലാംശം കൂടുതലുള്ള പഴങ്ങളും പച്ചക്കറികളും ഭക്ഷണത്തിൽ ഉൾപ്പെടുത്താം.

7. കുട്ടികളെയും മുതിർന്നവരെയും ശ്രദ്ധിക്കുക: ചൂട് മൂലമുള്ള അസ്വസ്ഥതകൾ കുട്ടികൾക്കും പ്രായം ചെന്നവർക്കും വേഗത്തിൽ ബാധിക്കാൻ സാധ്യതയുണ്ട്.

8. വീടിനുള്ളിലെ വായുസഞ്ചാരം ഉറപ്പാക്കുക: ജനലുകൾ തുറന്നിട്ടും ഫാൻ ഉപയോഗിച്ചും വീടിനുള്ളിലെ ചൂട് കുറയ്ക്കാൻ ശ്രമിക്കുക.

9. തണുത്ത വെള്ളത്തിൽ കുളിക്കുക: ശരീരതാപനില കുറയ്ക്കാൻ ഇത് സഹായിക്കും.

10. വാഹനത്തിനുള്ളിൽ ആളെ ഇരുത്തി പോകരുത്: നിർത്തിയിട്ടിരിക്കുന്ന കാറുകൾക്കുള്ളിലെ ചൂട് പെട്ടെന്ന് വർദ്ധിക്കുമെന്നതിനാൽ കുട്ടികളെയോ വളർത്തുമൃഗങ്ങളെയോ അതിനുള്ളിൽ തനിച്ചാക്കരുത്.

11. കട്ടി കുറഞ്ഞ ഭക്ഷണങ്ങൾ കഴിക്കുക: ദഹിക്കാൻ പ്രയാസമുള്ളതും എണ്ണമയം കൂടുതലുള്ളതുമായ ഭക്ഷണങ്ങൾ ഒഴിവാക്കുക.

കവർസ്റ്റോറി

സിയാദ് സഖാഫി പാറന്നൂർ

# മതവിദ്യാഭ്യാസം അവഗണിക്കരുതേ



അറിവ്, മനുഷ്യന്റെ പ്രവർത്തനങ്ങളുടെ ആധാരവും ഊർജ്ജസ്രോതസ്സുമാണ്. ശരിതെറ്റുകളുടെ തിരിച്ചറിവിന് അവലംബമായ അറിവ് മനുഷ്യനെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് നയിക്കുന്നു. അറിവിന്റെ മാർഗ്ഗങ്ങളായ എഴുത്തിനെയും വായനയെയും പരാമർശിച്ചുകൊണ്ടാണ് ഖുർആൻ അവതരണം ആരംഭിക്കുന്നതു തന്നെ. നാഥന്റെ നാമത്തിൽ വിജ്ഞാനം നുകരാനുള്ള കല്പനയാണത്. വിശുദ്ധഖുർആനിൽ അല്ലാഹുവിനെ മഹത്വപ്പെടുത്തുന്ന പദങ്ങൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ വന്നത് വിജ്ഞാന സംബന്ധമായ പദങ്ങളാണെന്നു കാണാം.

മനുഷ്യൻ സ്വായത്തമാക്കുന്ന അറിവുകൾ ധാരാളമുണ്ട്. അതിൽ ഏറ്റവും ശ്രേഷ്ഠമായത് അല്ലാഹുവും റസൂലും പഠിപ്പിച്ച ശറഇയ്യായ വിജ്ഞാനമാണ്. അധർമ്മത്തിലേക്ക് കൂപ്പുകുത്തുന്ന മനുഷ്യസമൂഹത്തിനു സമുദ്ധാരണത്തിന്റെ വഴിയാണ് പ്രസ്തുത അറിവ്. ഏകദൈവ വിശ്വാസത്തിലേക്കും പാരത്രിക മോക്ഷത്തിലേക്കും മനുഷ്യനെ നയിക്കുന്ന വിദ്യകൾക്കു മാത്രമേ ഇസ്‌ലാം പ്രാധാന്യം കല്പിക്കുന്നുള്ളൂ.

മനുഷ്യമനസ്സുകളിലുള്ള മാലിന്യങ്ങൾ നീക്കി നന്മയെ പ്രകാശിപ്പിക്കുന്നതാണ് ധാർമികവിദ്യാഭ്യാസം. ഈ അറിവുകളിലൂടെ മൂല്യങ്ങൾ സംവേദനം ചെയ്യപ്പെടുകയും ധാർമിക പരിരക്ഷ ലഭിക്കുകയും ചെയ്യും. ജ്ഞാന സമ്പാദനവും പ്രസാരണവും അല്ലാഹുവിനുള്ള മഹത്തായ ആരാധനയായി പരിഗണിക്കുന്ന മതമാണ് വിശുദ്ധ ഇസ്‌ലാം. അമൂല്യമായ സമയങ്ങളിൽ ഏറ്റവും പുണ്യകരം വിജ്ഞാനസമ്പാദനത്തിന് വിനിയോഗിക്കുന്ന സമയങ്ങളാണ്.

ഒരു ദിവസം അസ്വർനിസ്കാരം കഴിഞ്ഞ് നബി(സ) ഒരു വ്യക്തിയുമായി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. തത്സമയം അദ്ദേഹത്തിന്റെ മരണം അടുത്തിട്ടുണ്ടെന്ന ദിവ്യസന്ദേശം അല്ലാഹു നബി(സ)ക്ക് അറിയിച്ചുകൊടുത്തു. ഇതറിഞ്ഞ ആ സ്വഹാബി തന്റെ അവസാന നിമിഷങ്ങളിൽ എന്തുചെയ്താലാണ് അല്ലാഹുവിന്റെയടുക്കൽ വലിയ പ്രതിഫലം ലഭിക്കുക എന്ന് ചോദിച്ചു. അപ്പോൾ പ്രവാചകരുടെ(സ) മറുപടി 'നിങ്ങൾ വിജ്ഞാനസമ്പാദനത്തിൽ വ്യാപൃതനാവുക' എന്നായിരുന്നു. (തഫ്സീർ റാസി) അല്ലാഹുവിലുള്ള ഭയം ജനിപ്പിക്കാൻ ജ്ഞാനസമ്പാദനം കാരണമാകും. ഖുർആൻ പറയുന്നു: 'നിശ്ചയം അല്ലാഹുവിനെ ഭയപ്പെടുന്ന അടിമകൾ പണ്ഡിതർ മാത്രമാകുന്നു.' (സൂറത്തുൽ ഫാത്വിർ:28)

ഇമാം നവവി(റ) വിശ്വപ്രസിദ്ധ ഗ്രന്ഥമായ മിൻഹാജിന്റെ ആമുഖത്തിൽ പറയുന്നു: 'നിശ്ചയം, വിജ്ഞാന സമ്പാദനത്തിൽ വ്യാപൃതരാകൽ ആരാധനകളിൽ ഏറ്റവും ശ്രേഷ്ഠവും അതിന് വിനിയോഗിക്കപ്പെടുന്ന സമയം ഏറ്റവും വിലപിടിപ്പുള്ളതുമാണ്.'

(മിൻഹാജ്) ഇതിന്റെ വ്യാഖ്യാനത്തിൽ ഇമാം മഹല്ലി(റ) വിശദീകരിക്കുന്നു: 'അറിവ് ഫർള്, സുന്നത്ത് എന്നിങ്ങനെ രണ്ടു വിധമുണ്ട്. നിർബന്ധമായ കാര്യങ്ങളെക്കുറിച്ചുള്ള അറിവാണ് സുന്നത്തായ കാര്യങ്ങളെക്കുറിച്ചുള്ള അറിവുകളെക്കാൾ ശ്രേഷ്ഠം. നിർബന്ധമായ കാര്യങ്ങളെക്കുറിച്ചുള്ള അറിവ് നിർബന്ധവും സുന്നത്തായ കാര്യങ്ങളെക്കുറിച്ചുള്ള അറിവ് സുന്നത്തുമാണ്. നിർബന്ധമായ കാര്യങ്ങളിൽ ഏറ്റവും ശ്രേഷ്ഠം നിർബന്ധമായ കാര്യങ്ങളെക്കുറിച്ച് അറിവ് നേടലാണ്. സുന്നത്തായ ആരാധനകളിൽ ഏറ്റവും ശ്രേഷ്ഠമായത് സുന്നത്തായ കാര്യങ്ങളെക്കുറിച്ച് പഠിക്കലാണ്. (മഹല്ലി)

## മതപഠനം വേണ്ടേ?

മതപഠനത്തിന് വ്യവസ്ഥാപിതമായ സംവിധാനങ്ങൾ കേരളത്തിൽ ധാരാളമുണ്ട്. പ്രാഥമിക മതപഠനത്തിന് മദ്റസകളും ഉന്നതപഠനത്തിന് ദർസുകളും ദഅ്വകോളേജുകളും പ്രവർത്തിച്ചുവരുന്നു. ശാസ്ത്രീയമായ ഈ മതപഠന സംവിധാനത്തിന് കളമൊരുക്കിയത് തലയെടുപ്പും ദീർഘവീക്ഷണവുമുള്ള പണ്ഡിതമഹത്തുക്കളാണ്. സംഘടനാസംവിധാനങ്ങളും ഉമറാക്കളുടെ പിന്തുണയും ഈ പുരോഗതിക്ക് ആക്കം കൂട്ടി. ബാല്യകാലത്തിൽ തന്നെ മതപഠനം തുടങ്ങുന്നതിന് സംവിധാനങ്ങളുള്ളതിനാൽ ഇസ്‌ലാമിക ആചാരങ്ങളും സംസ്കാരങ്ങളും ശീലിക്കാൻ ഭാഗ്യം ലഭിച്ചവരാണ് നാം. ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് മതബോധത്തിലുള്ള കേരളക്കരയുടെ മുന്നേറ്റം അനുഭവിച്ചറിഞ്ഞവരാണ് നാം.

**മനുഷ്യന്റെ ശാശ്വത ജീവിതമായ പരലോക വിജയത്തിന് മതപരമായ അറിവ് നുകരണം. ധാർമികബോധം വളർത്തുന്നതിനും സാംസ്കാരികത്തനിമ നിലനിർത്തുന്നതിനും മതപഠനം അനിവാര്യമാണ്. ആത്മാവിന്റെ അന്നവും പ്രകാശവുമാണ് മദ്റസകളിൽ നിന്ന് കരസ്ഥമാക്കുന്നത്. ഇരുലോകത്തും അഭിമാനത്തോടെ നിലനിൽക്കാൻ ഇത് അനിവാര്യമാണ്. ഭൗതിക വിജ്ഞാനത്തിന് ഭൗതിക ജീവിതകാലത്തിൽ മാത്രമാണ് ആയുസ്സുള്ളത്. മരണത്തോടെ നാം സമ്പാദിച്ച സർട്ടിഫിക്കറ്റുകളുടെയും അംഗീകാരങ്ങളുടെയും പ്രസക്തി നഷ്ടപ്പെടും.**



എന്നാൽ, ഇന്ന് ഭൗതികവിദ്യാഭ്യാസ ഭ്രമം മതപഠനത്തിന്റെ പ്രാധാന്യം നഷ്ടപ്പെടുത്തുന്നുവോ എന്ന് നാം ഗൗരവത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നു. ഭൗതികവിദ്യാഭ്യാസ സംവിധാനങ്ങൾക്ക് മക്കളെ പാകപ്പെടുത്താൻ മതവിദ്യാഭ്യാസം അറിഞ്ഞുകൊണ്ടോ അറിയാതെയോ നിർത്തിവെക്കുന്നവരുണ്ട്. ഇത് ഗൗരവത്തിൽ കാണേണ്ട ഒരു വിഷയം തന്നെയാണ്. മനുഷ്യന്റെ ശാശ്വത ജീവിതമായ പരലോക വിജയത്തിന് മതപരമായ അറിവ് നുകരണം. ധാർമികബോധം വളർത്തുന്നതിനും സാംസ്കാരികത്തനിമ നിലനിർത്തുന്നതിനും മതപഠനം അനിവാര്യമാണ്. ആത്മാവിന്റെ അന്നവും പ്രകാശവുമാണ് മദ്റസകളിൽ നിന്ന് കരസ്ഥമാക്കുന്നത്. ഇരുലോകത്തും അഭിമാനത്തോടെ നിലനിൽക്കാൻ ഇത് അനിവാര്യമാണ്. ഭൗതികവിജ്ഞാനത്തിന് ഭൗതിക ജീവിതകാലത്തിൽ മാത്രമാണ് ആയുസ്സുള്ളത്. മരണത്തോടെ നാം സമ്പാദിച്ച സർട്ടിഫിക്കറ്റുകളുടെയും അംഗീകാരങ്ങളുടെയും പ്രസക്തി നഷ്ടപ്പെടും.

മതവിദ്യാഭ്യാസം ഭൗതിക വിദ്യാഭ്യാസത്തിന് ഒരിക്കലും തടസ്സമാവുകയില്ലെന്ന് തെളിയിക്കുന്നതാണ് ദർസ്, ദഅ്വകോളേജ് പഠനസംവിധാനങ്ങൾ. ഇവിടങ്ങളിൽ നിന്നെല്ലാം പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന വിദ്യാർത്ഥികൾ ഇന്ന് മതവിദ്യാഭ്യാസരംഗത്ത് അവഗാഹം നേടുന്നതോടൊപ്പം ഭൗതികവിദ്യാഭ്യാസരംഗത്തും ഉയർന്ന പദവികൾ കരസ്ഥമാക്കുന്നുണ്ട്. രണ്ടും ഒരുമിച്ച് മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ലെന്ന മിഥ്യാധാ

**കേരളീയ മുസ്‌ലിംകളുടെ മതവിജ്ഞാന രംഗത്ത് വലിയ സ്വാധീനം ചെലുത്തിയ സംവിധാനമാണ് പള്ളിദർസുകൾ. പള്ളികൾ കേന്ദ്രീകരിച്ച് നടത്തി വരുന്ന ഈ പഠനസംവിധാനം ചെലവ് ചുരുങ്ങി യതും വളരെ ഉപകാരപ്രദവുമാണ്. മഹല്ലിൽ ദർ സ് നടക്കുമ്പോൾ അതിന്റെ ഗുണഭോക്താക്കൾ അവിടെ പഠിക്കുന്ന മുതഅല്ലിംകൾ മാത്രമല്ല; ദർസുമായി ബന്ധപ്പെടുന്ന നാട്ടുകാരും ചെല വുവീട്ടുകാരുമെല്ലാം ഈ നല്ല വിഭാഗത്തോടുള്ള സമ്പർക്കം കാരണം അറിവുള്ളരും മൂല്യബോധ മുള്ളവരുമായിത്തീരും.**

രണയാണ് മതവിദ്യാഭ്യാസത്തെ മാറ്റിവെക്കുന്നതിന് പ്രേരിപ്പിക്കുന്നത്. സ്കൂളിൽ ഉയർന്ന ക്ലാസുകളിലെത്തുമ്പോൾ മദ്റസപഠനം നിർത്തുന്നവരും പേരിനുമാത്രം മദ്റസയിൽ പറഞ്ഞയക്കുന്നവരും കൂടിവരികയാണ്. ഇതിന്റെ പ്രത്യാഘാതം സമീപഭാവിയിൽ നാം അനുഭവിക്കേണ്ടി വരും.

സ്വന്തം പിതാവിന്റെ മയ്യിത്ത് നിസ്കരിക്കാൻ പോലും അറിയാത്തവരായി മക്കൾ വളരും. ഇസ്ലാമിന്റെ യഥാർത്ഥ വിശ്വാസവും ആചാരവും പ്രമാണബദ്ധമായി പഠിക്കാതിരുന്നാൽ പുത്തനാശയക്കാരുടെ കെണിവലകളിൽ വീണുപോവാനും സാധ്യതയേറെയാണ്.

## ദർസുകളെന്ന പർണശാലകൾ

മതപഠനത്തിന് ഇന്ന് മദ്റസ, ദർസ്, ദഅ്വ കോളേജുകൾ തുടങ്ങി നിരവധി മാർഗങ്ങൾ നിലവിലുണ്ട്. കൂടാതെ, പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന മതപ്രഭാഷണങ്ങൾ, മതപഠന ക്ലാസുകൾ തുടങ്ങിയവയുമുണ്ട്. ഇതെല്ലാം പരമാവധി ഉപയോഗപ്പെടുത്തണം. കേരളീയ മുസ്‌ലിംകളുടെ മതവിജ്ഞാന രംഗത്ത് വലിയ സ്വാധീനം ചെലുത്തിയ സംവിധാനമാണ് പള്ളിദർസുകൾ. പള്ളികൾ കേന്ദ്രീകരിച്ച് നടത്തിവരുന്ന ഈ പഠനസംവിധാനം ചെലവ് ചുരുങ്ങിയതും വളരെ ഉപകാരപ്രദവുമാണ്. മഹല്ലിൽ ദർസ് നടക്കുമ്പോൾ അതിന്റെ ഗുണഭോക്താക്കൾ അവിടെ പഠിക്കുന്ന മുതഅല്ലിംകൾ മാത്രമല്ല; ദർസുമായി ബന്ധപ്പെടുന്ന നാട്ടുകാരും ചെലവുവീട്ടുകാരുമെല്ലാം ഈ നല്ല വിഭാഗത്തോടുള്ള സമ്പർക്കം കാരണം അറിവുള്ളരും മൂല്യബോധമുള്ളവരുമായിത്തീരും. നാട്ടുദർസുകൾ വളർന്നുവരുന്ന തലമുറക്ക് ദിശാബോധം നൽകാനും പ്രായോഗിക പഠനത്തിലൂടെ ആരാധനകൾ ശരിപ്പെടുത്താനും ഉതകുന്നതാണ്.

തിരുനബി(സ)യുടെ മൊഴികൾ നേരിട്ടുകേട്ട അഹ്‌ലുസ്സുഫ്ഫയാണ് പള്ളിദർസിലെ പൂർവ്വികർ. ഇവർ പ്രവാചകർ പഠിപ്പിച്ച വൈജ്ഞാനിക രീതിശാസ്ത്രം അതേപടി പ്രായോഗികമാക്കി. അടുത്ത തലമുറയിലേക്കത് കൈമാറുകയും ചെയ്തു. ഗുരുക്കളിൽ നിന്ന് ശിഷ്യന്മാരിലേക്കുള്ള ഈ കൈമാറ്റത്തിന്റെ തനതായ രൂപം ഇന്നും നിലനിൽക്കുന്നു. ദീനീപഠനത്തിന്റെ യഥാർത്ഥ പാരമ്പര്യം നിലനിന്നത് ദർസുകളിലൂടെയാണ്. ആദ്യകാലങ്ങളിൽ മതഭൗതിക വിദ്യാഭ്യാസ വിവേചനം ഇല്ലാതിരുന്നതിനാൽ ഖുർആനും ഹദീസും കർമശാസ്ത്രവും ഗോളശാസ്ത്രവും തച്ചുശാസ്ത്രവും ഗണിതശാസ്ത്രവുമെല്ലാം പള്ളിദർസുകളിൽ പഠിപ്പിക്കപ്പെട്ടിരുന്നു. ആത്മീയാന്തരീക്ഷത്തിൽ വളർന്ന് പൊതുസമൂഹത്തെ സമുദ്ധരിക്കാൻ പ്രാപ്തരായ ഉസ്താദുമാരെ വാർത്തെടുത്തത് പള്ളിദർസുകളാണ്.

## മുതഅല്ലിം മഹത്വവും മര്യാദകളും

അറിവു പഠിക്കാൻ നാടും വീടും കുടുംബവും ഉപേക്ഷിച്ച് പുറപ്പെടുന്ന തൂവെള്ള വസ്ത്രധാരികളെ മുതഅല്ലിം എന്ന ഓമനപ്പേരിൽ നാം വിളിക്കുന്നു. ജനിച്ചുവളർന്ന സാഹചര്യങ്ങൾ മാറ്റിവെച്ച് അന്യനാട്ടിൽപോയി പഠനം നടത്തുന്നത് ഖുർആൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. 'അവരിൽ ഓരോ വിഭാഗത്തിൽ നിന്നും ഓരോ സംഘം എന്തുകൊണ്ട് പുറപ്പെട്ടുപോകുന്നില്ല; മതകാര്യങ്ങളിൽ അറിവ് നേടുവാനും തിരിച്ചെത്തിയാൽ ആളുകൾക്ക് താക്കീത് നൽകുവാനും കഴിയുന്നതിനുവേണ്ടി? അവർ സൂക്ഷ്മത പാലിച്ചേക്കാം.' (സൂറതുത്തൗബ 122)

യഥാർത്ഥ മുതഅല്ലിമിന് നരകാഗ്നിയിൽ നിന്ന് അല്ലാഹു സുരക്ഷിതത്വം വാഗ്ദാനം ചെയ്യുന്നു. അറിവന്വേഷിച്ച് ജ്ഞാനിയുടെ വാതിൽപടിയിലെത്തുന്ന മുതഅല്ലിമിന്റെ ഓരോ കാലടിക്കും ഒരു വർഷത്തെ ഇബാദത്ത് അല്ലാഹു രേഖപ്പെടുത്തുന്നു. സ്വർഗ്ഗത്തിലേക്കുള്ള വഴി അല്ലാഹു എളുപ്പമാക്കുകയും ചെയ്യുന്നു.

അബൂഹുറയ്റ(റ) നിവേദനം. നബി(സ) പറഞ്ഞു: 'അറിവ് തേടുന്ന വഴിയിൽ പ്രവേശിക്കുന്നവർക്ക് അതുകാരണം അല്ലാഹു സ്വർഗ്ഗത്തിലേക്കുള്ള വഴി എളുപ്പമാക്കിക്കൊടുക്കുന്നതാണ്.' (ഹദീസ്) അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചുകൊണ്ട് അറിവു പഠിക്കാൻ പുറപ്പെടുന്ന വിദ്യാർത്ഥിക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ ഇമാംനവവി(റ) ശറഹുൽമുഹദ്ദബിൽ പറയുന്നതിങ്ങനെ:

1. പഠനം കൊണ്ട് അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിക്കുക. സമ്പത്ത്, സ്ഥാനമാനങ്ങൾ തുടങ്ങിയ ഐഹികനേട്ടങ്ങളൊന്നുമാകരുത് താത്പര്യം.

2. നിർബന്ധകർമ്മങ്ങൾക്കു പുറമെ സുന്നത്തായ കർമ്മങ്ങളും ദിക്റുകളും ദുആകളും വർദ്ധിപ്പി



ക്കുക.

3. വിജ്ഞാനം സ്വീകരിക്കാൻ പാകപ്പെട്ട മാലിന്യമുക്തമായ ഹൃദയമാകണം. കൃഷിക്കു വേണ്ടി കൃഷിയിടം പാകപ്പെടുത്തുന്നതു പോലെ വിജ്ഞാനത്തിനുവേണ്ടി ഹൃദയത്തെ ശുദ്ധീകരിക്കണം.

4. പഠനത്തെ ദോഷകരമായി ബാധിക്കുന്ന എല്ലാ ബന്ധങ്ങളും അവസാനിപ്പിക്കണം.

5. എളിമയാർന്ന ജീവിതം ശീലിക്കുകയും കുറഞ്ഞ ഭക്ഷണം കൊണ്ട് തൃപ്തിപ്പെടുകയും വേണം. ഇമാം ശാഫിഈ(റ) പറയുന്നു: 'കഷ്ടപ്പാടുകളും അവഗണനകളും സഹിച്ചാൽ മാത്രമേ വിജ്ഞാനം കരസ്ഥമാക്കാൻ കഴിയൂ.'

6. പഠനകാലത്ത് വിവാഹം കഴിക്കാതിരിക്കൽ സുന്നത്താണ്.

7. ഗുരുനാഥന്മാരെ അനുസരിക്കുകയും നിർദ്ദേശങ്ങൾ പാലിക്കുകയും എല്ലാ വിഷയങ്ങളിലും അവരുമായി കൂടിയാലോചന നടത്തുകയും വേണം.

8. ഗുരുനാഥന്മാർ യോഗ്യരാവണം. ഇബ്നുസീരീൻ(റ), ഇമാം മാലിക്(റ) തുടങ്ങിയ പണ്ഡിതർ പറയുന്നു: 'വിജ്ഞാനം മതമാണ്. അതിനാൽ, മതം ആരിൽ നിന്ന് നിങ്ങൾ സ്വീകരിക്കണമെന്ന് നന്നായി ചിന്തിക്കുക'

9. ഗുരുനാഥന്മാരോട് ആദരവും ബഹുമാനവും കാത്തു സൂക്ഷിക്കണം. തന്റെ ഗുരു യോഗ്യനും സമകാലികരിൽ പ്രഗൽഭനുമാണെന്ന് വിശ്വസിക്കണം.

**ഉസ്താദുമാരെക്കുറിച്ച് ഹൃദയത്തിൽ നല്ല മതിപ്പും ബഹുമാനവും സൂക്ഷിക്കണം. അവരിൽ വല്ല ന്യൂനതയുമുണ്ടോ എന്ന് അന്വേഷിക്കുന്ന സ്വഭാവം ഒരിക്കലും മുതഅല്ലിമിനുണ്ടാവരുത്. ന്യൂനതകൾ വല്ലതും കണ്ടാൽ അതിന് നല്ല വ്യാഖ്യാനം നൽകണം. അതിന്റെ യുക്തി എനിക്ക് മനസ്സിലാവാത്തതുകൊണ്ടാണെന്ന് മനസ്സിനെ ബോധ്യപ്പെടുത്തണം. മുൻഗാമികൾ തങ്ങളുടെ ഗുരുനാഥന്മാരിൽ നിന്ന് മനുഷ്യസഹജമായി വന്നേക്കാവുന്ന ന്യൂനതകൾ കാണാതിരിക്കാൻ പാവപ്പെട്ടവർക്ക് സ്വദഖ ചെയ്ത് ദുആ ചെയ്യാറുണ്ടായിരുന്നു.**

10. ഉസ്താദിന്റെ പൊരുത്തം പരിഗണിക്കണം. അവരുടെ സാന്നിധ്യത്തിൽ ആരെയും പരദൂഷണം പറയരുത്.

11. ഉസ്താദിനെ സംബന്ധിച്ച് പരദൂഷണം പറയുന്നതു കേട്ടാൽ അതിനു മറുപടി പറയണം. സാധ്യമല്ലെങ്കിൽ ആ സദസ്സിൽ നിന്ന് എഴുന്നേറ്റു പോകണം.

12. ഗുരുസവിധത്തിലേക്ക് ഹൃദയസാന്നിദ്ധ്യത്തോടെയും ഭക്തിയോടെയും അനുവാദത്തോടെയും മാത്രമേ പ്രവേശിക്കാവൂ.

13. അനാവശ്യമായി ശബ്ദം ഉയർത്തൽ, പൊട്ടിച്ചിരിക്കൽ, കളിതമാശകൾ തുടങ്ങിയവ ഉപേക്ഷിക്കണം.

14. അനാവശ്യമായി ഗുരുസദസ്സിൽ നിന്ന് തിരിഞ്ഞുനോക്കരുത്. ഗുരുവിന്റെ ഉന്മേഷസമയത്ത് ചോദിച്ച് സമ്പാദിക്കുകയും ക്ഷീണമുള്ള സമയത്ത് ബുദ്ധിമുട്ടിക്കാതിരിക്കുകയും വേണം.

15. സംശയമുള്ള കാര്യങ്ങൾ ചോദിക്കാൻ ലജ്ജിക്കരുത്. മനസ്സിലായോ എന്ന് ഗുരു ചോദിക്കുമ്പോൾ വ്യക്തമായി മനസ്സിലാകാതെ 'അതേ' എന്ന് മറുപടി



**മനുഷ്യരുടെ പാരത്രികവിജയത്തിന് കാരണമാകുന്ന ശരീഅത്ത് പഠിപ്പിച്ചു തരുന്നവരാണ് ഉസ്താദുമാർ. നശിച്ചുപോകുന്ന ഭൗതികശരീരത്തിന് അന്നം നൽകുന്നവരാണ് മാതാപിതാക്കളെങ്കിൽ ഒരിക്കലും നശിച്ചുപോവാത്ത ആത്മാവിന് ഭക്ഷണം നൽകുന്നവരാണ് ഉസ്താദുമാർ. ശരീരത്തിന് അന്നം നൽകിയവരെക്കാൾ ആത്മാവിന് അന്നം നൽകിയവരാണ് കൂടുതൽ ബഹുമാനമർഹിക്കുന്നത്. ഇമാം നവവി (റ) പറയുന്നു: 'അറിവ് നുകർന്നു തരുന്ന മശാഇഖ്, ദീനിലുള്ള പിതാക്കളും ലോകരക്ഷിതാവായ അല്ലാഹുവിനോടു ബന്ധം സ്ഥാപിച്ചവരുമാണ്.'**

പറയരുത്. അങ്ങനെ പറഞ്ഞാൽ അത് കളവാകുമെന്നതിലുപരി വിഷയം മനസ്സിലാവാതെ പോവുകയും ചെയ്യും.

16. പഠിച്ച കാര്യങ്ങൾ ഗുരുവിന്റെ ശ്രദ്ധയിൽപ്പെടുത്തി ശരിയാണെന്ന് ഉറപ്പുവരുത്തിയശേഷം മനഃപാഠമാക്കുക.

17. പഠിച്ച കാര്യങ്ങൾ ആവർത്തിച്ചു കേൾക്കാനിടവന്നാൽ ആദ്യം കേൾക്കുന്ന താൽപര്യത്തോടെത്തന്നെ കേൾക്കണം. (ശറഹുൽ മുഹദ്ദബ്: 1/29,35)

ഉസ്താദുമാരെക്കുറിച്ച് ഹൃദയത്തിൽ നല്ല മതിപ്പും ബഹുമാനവും സൂക്ഷിക്കണം. അവരിൽ വല്ല ന്യൂനതയുമുണ്ടോ എന്ന് അന്വേഷിക്കുന്ന സ്വഭാവം ഒരിക്കലും മുതഅല്ലിമിനുണ്ടാവരുത്. ന്യൂനതകൾ വല്ലതും കണ്ടാൽ അതിന് നല്ല വ്യാഖ്യാനം നൽകണം. അതിന്റെ യുക്തി എനിക്ക് മനസ്സിലാവാത്തതുകൊണ്ടാണെന്ന് മനസ്സിനെ ബോധ്യപ്പെടുത്തണം. മുൻഗാമികൾ തങ്ങളുടെ ഗുരുനാഥന്മാരിൽ നിന്ന് മനുഷ്യസഹജമായി വന്നേക്കാവുന്ന ന്യൂനതകൾ കാണാതിരിക്കാൻ പാവപ്പെട്ടവർക്ക് സ്വദഖ ചെയ്ത് ദുആ ചെയ്യാറുണ്ടായിരുന്നു. മാനുഷികമായ വല്ല ചാപല്യങ്ങളും ദൃഷ്ടിയിൽ പെട്ടാൽ അവരോടുള്ള മതിപ്പ് നഷ്ടപ്പെട്ട് പോകുമല്ലോ. ആദരവ് കുറഞ്ഞുപോകാനും അതുകാരണം ലഭ്യമായ അറിവിൽ ബറകത്ത് നഷ്ടമാവാനും കാരണമാകുമെന്നതാണ് ഇങ്ങനെ ദുആ ചെയ്യാനുള്ള കാരണം.

ഇമാം നവവി(റ)വിന്റെ പതിവ് ഇമാം ശഅ്റാനി(റ) പറയുന്നു: 'ഇമാം നവവി(റ) ഗുരുനാഥന്റെയടുക്കലേക്ക് പോകുമ്പോൾ വല്ലതും പാവപ്പെട്ടവർക്ക് ധർമ്മം ചെയ്യുമായിരുന്നു. എന്നിട്ടിങ്ങനെ പ്രാർത്ഥിക്കും: 'അല്ലാഹുവേ, എന്റെ ഗുരുനാഥന്റെ ന്യൂനതകൾ എന്നിൽനിന്ന് മറച്ചുവെക്കേണമേ. അവരുടെ ഇൽമിന്റെ ബറകത്ത് എനിക്ക് നീ നഷ്ടപ്പെടുത്തരുതേ.' (ലത്വാഇഫുൽമിനൻ)

## ഉസ്താദുമാർ ആദരണീയർ

അല്ലാഹുവിന്റെ ദീൻ പഠിപ്പിക്കുന്ന ഗുരുനാഥന്മാർ വലിയ ആദരവ് അർഹിക്കുന്നവരാണ്. ഹൃദയത്തിൽ നിന്ന് രൂപപ്പെടേണ്ട ബഹുമാനമാണ് ആദരവായി മാറേണ്ടത്. കേവലം ഒരു ഭയപ്പെടലല്ല; സ്നേഹവും പ്രിയവും ചാലിച്ച ആദരവായിരിക്കണം. മനുഷ്യരുടെ പാരത്രികവിജയത്തിന് കാരണമാകുന്ന ശരീഅത്ത് പഠിപ്പിച്ചു തരുന്നവരാണ് ഉസ്താദുമാർ. നശിച്ചുപോകുന്ന ഭൗതികശരീരത്തിന് അന്നം നൽകുന്നവരാണ് മാതാപിതാക്കളെങ്കിൽ ഒരിക്കലും നശിച്ചുപോവാത്ത ആത്മാവിന് ഭക്ഷണം നൽകുന്നവരാണ് ഉസ്താദുമാർ. ശരീരത്തിന് അന്നം നൽകിയവരെക്കാൾ ആത്മാവിന് അന്നം നൽകിയവരാണ് കൂടുതൽ ബഹുമാനമർഹിക്കുന്നത്. ഇമാം നവവി (റ) പറയുന്നു: 'അറിവ് നുകർന്നു തരുന്ന മശാഇഖ്, ദീനിലുള്ള പിതാക്കളും ലോകരക്ഷിതാവായ അല്ലാഹുവിനോടു ബന്ധം സ്ഥാപിച്ചവരുമാണ്.' (തഹ്ദീബുൽ അസ്മാഉ വല്ലുഗാത്ത് 1/18) എങ്കിലും ദുആ ചെയ്യുമ്പോൾ ആദ്യം പരിഗണിക്കേണ്ടത് മാതാപിതാക്കളെയാണ്.

ഇമാം അബൂഹനീഫ(റ) തന്റെ ഉസ്താദ് ഹമ്മാദ്(റ)വിനോടുള്ള ആദരവിനെക്കുറിച്ച് പറയുന്നു: 'എന്റെ ഗുരുനാഥനായ ഹമ്മാദ്(റ) വിനോടുള്ള ആദരവ് കാരണം അവരുടെ വീടിനുനേരെ ഞാൻ കാൽ നീട്ടുക പോലും ചെയ്യാറുണ്ടായിരുന്നില്ല. എന്റെ വീടിനും ഉസ്താദിന്റെ വീടിനുമിടയിൽ ഏറെ ദൂരമുണ്ടായിരുന്നു. ഉസ്താദിന്റെ മരണശേഷം ഞാൻ എപ്പോൾ ദുആ ചെയ്യുകയാണെങ്കിലും അദ്ദേഹത്തിനു വേണ്ടി ദുആ ചെയ്യാതിരുന്നിട്ടില്ല.

## ഗുരുനാഥന്മാരെ വേദനിപ്പിക്കല്ലേ

ഗുരുനാഥന്മാരെ വേദനിപ്പിച്ചവർക്കും അവരോട് അദബുകേട് കാണിച്ചവർക്കും തൗബപോലും ലഭിക്കുകയില്ലെന്ന് ആരിഫുകൾ പറഞ്ഞിട്ടുണ്ട്. ഇമാം നവവി(റ) ഉദ്ധരിക്കുന്നു: അബൂഅബ്ദുറഹ്മാൻ അസ്സുലമി(റ) പറഞ്ഞു: 'അബൂസഹ്ൽ(റ) എന്നോട് പറഞ്ഞു: 'മാതാപിതാക്കളെ വേദനിപ്പിച്ച പാപങ്ങൾ തൗബ ചെയ്താൽ മായ്ക്കപ്പെടാം. ഉസ്താദുമാരെ വേദനിപ്പിച്ചത് ഒരിക്കലും മായ്ക്കപ്പെടുകയില്ല.' (തഹ്ദീബുൽ അസ്മാഇ വല്ലുഗാത്ത് 2/243)

ഉസ്താദുമാരെ വേദനിപ്പിച്ചവർക്ക് ഒന്നുകിൽ തൗബക്ക് അവസരം ലഭിക്കുകയില്ല. അവസരം ലഭിച്ചാലും അതിന്റെ നിബന്ധനകൾ പൂർണ്ണമായി പാലിക്കാൻ കഴിയില്ല എന്നെല്ലാമാവാം ഇതിന്റെ വ്യാഖ്യാനം. അറിവ് പഠിപ്പിച്ചു തരുന്ന ഉസ്താദുമാരോടുള്ള ആദരവ് എന്നും ഒരു പടി മുന്നിൽ തന്നെയാവണം. അവരോടുള്ള ബന്ധം രക്തബന്ധത്തിനു തുല്യമാണെന്ന് ഇമാം ശാഫിഈ(റ) പറഞ്ഞിട്ടുണ്ട്.

## മുൻഗാമികളുടെ ആദരവ്

നാല് മദ്ഹബിന്റെ ഇമാമുമാരിൽ പ്രധാനിയായ ഇമാം അബൂഹനീഫ(റ) തന്റെ ഉസ്താദ് ഹമ്മാദ്(റ)വിനോടുള്ള ആദരവിനെക്കുറിച്ച് പറയുന്നു: 'എന്റെ ഗുരുനാഥനായ ഹമ്മാദ്(റ) വിനോടുള്ള ആദരവ് കാരണം അവരുടെ വീടിനുനേരെ ഞാൻ കാൽ നീട്ടുക പോലും ചെയ്യാറുണ്ടായിരുന്നില്ല. എന്റെ വീടിനും ഉസ്താദിന്റെ വീടിനുമിടയിൽ ഏറെ ദൂരമുണ്ടായിരുന്നു. ഉസ്താദിന്റെ മരണശേഷം ഞാൻ എപ്പോൾ ദുആ ചെയ്യുകയാണെങ്കിലും അദ്ദേഹത്തിനു വേണ്ടി ദുആ ചെയ്യാതിരുന്നിട്ടില്ല. ഉസ്താദിനും മാതാപിതാക്കൾക്കും എനിക്ക് അറിവ് പഠിപ്പിച്ചു തന്ന എല്ലാ ഗുരുനാഥന്മാർക്കും ഞാൻ പൊറുക്കൽതേടാറുണ്ട്.' (അൽജവാഹിറുൽ മുളിയ്യ 2/497)

ഇമാം ശാഫിഈ(റ) തന്റെ ഉസ്താദിനോടുള്ള ആദരവിനെക്കുറിച്ച് പറയുന്നു: 'ഉസ്താദായ ഇമാംമാലിക്(റ)വിന്റെ മുന്നിൽ വളരെ പതുക്കെ മാത്രമേ ഞാൻ കിതാബിന്റെ പേജുകൾ മറിച്ചിരുന്നുള്ളൂ. അതിന്റെ ശബ്ദം ഉസ്താദിന് അലോസരമാവാതിരിക്കാൻ വേണ്ടിയായിരുന്നു അത്.' (മജ്മൂഅ് 1/37)

ഇമാം ശാഫിഈ(റ)വിന്റെ ശിഷ്യനായിരുന്ന ഇമാം റബീഹ്(റ) പറയുന്നു: 'ഉസ്താദ് ഇമാം ശാഫിഈ(റ) എന്റെ അടുത്തേക്കു നോക്കുമ്പോൾ ഞാൻ ഗുരുസന്നിധിയിൽ വച്ച് വെള്ളം കുടിക്കാൻ ധൈര്യപ്പെട്ടിരുന്നില്ല. ഉസ്താദിനോടുള്ള ബഹുമാനമായിരുന്നു കാരണം.' (മജ്മൂഅ് 1/36)

ഇമാം അഹ്മദുബ്നുഹമ്പൽ(റ) ഗുരുവായ ഇമാം ശാഫിഈ(റ) യാത്ര ചെയ്യാനുദ്ദേശിച്ചാൽ കുതിരയുടെ രികാബ് (കുതിര സവാരി നടത്തുമ്പോൾ കാൽ വെക്കുന്ന സ്ഥലം) ബഹുമാനത്തോടെ എടുത്ത് കാലിൽ വെച്ചുകൊടുക്കുമായിരുന്നു. ഇതു കണ്ട് കൗതുകത്തോടെ ഹമ്പലി ഇമാമിന്റെ ശിഷ്യൻ യഹ്‌യബ്നു മഈൻ(റ) ചോദിച്ചു: 'ഗുരോ, അങ്ങ് അവിടുത്തെ ഗുരുവിനെ ഇത്രമേൽ ആദരിക്കുന്നോ?'

ഇതുകേട്ട് ഹമ്പലി ഇമാം പറഞ്ഞു: 'അറിവ് നേടാൻ കൊതിയുള്ളവർ ഈ കുതിരയുടെ വാൽ മണത്തുകൊള്ളട്ടെ.' ഉസ്താദ് യാത്ര ചെയ്യുന്ന വാഹനത്തിന്റെ വാലു വരെ ബഹുമാനം അർഹിക്കുന്നു എന്ന സന്ദേശമാണ് ഹമ്പലി ഇമാം(റ) ഇതിലൂടെ നൽകിയത്. ഉസ്താദുമാരോടുള്ള ബഹുമാനം പോലെ അവരുമായി ബന്ധപ്പെട്ട വസ്തുക്കളോടും ബഹുമാനം വേണമെന്നും ഈ സംഭവം സൂചിപ്പിക്കുന്നു. ഈ ബഹുമാനം കൂടുതൽ അറിവ് ലഭിക്കാൻ കാരണമാകുമെന്നും മഹാൻ പറയുന്നു.

അല്ലാഹുവിന്റെ ദീൻ പഠിപ്പിച്ചുതരുന്ന എല്ലാവരും നമ്മുടെ ഉസ്താദുമാരാണ്. അത് മദ്റസയിലോ ദർസിലോ മറ്റു വൈജ്ഞാനികവേദികളിലോ ആകാം. പിന്നീട് നാം അവരെക്കാൾ വലിയ പണ്ഡിതന്മാരായാലും അവർക്ക് അർഹിക്കുന്ന ബഹുമാനം നൽകണം. ചെറിയ ക്ലാസുകളിൽ നിന്ന് അവർ പഠിപ്പിച്ച ആദ്യാക്ഷരങ്ങളാണ് ഉന്നതപഠനത്തിന് എപ്പോഴും കൂട്ടിനുള്ളതെന്നോർക്കണം. അവരോട് അദബ് പാലിച്ചും ആദരവോടെയും പെരുമാറണം.

മക്കൾക്ക് ഈ ബഹുമാനം നാം പഠിപ്പിച്ചുകൊടുക്കണം. കൂലിക്ക് തൊഴിലെടുക്കുന്ന തൊഴിലാളിയാണെന്ന ലാഘവത്തോടെ ഉസ്താദുമാരെ കാണരുത്. പഠിക്കാത്തതിന്റെ പേരിലും അച്ചടക്കമില്ലാത്തതിന്റെ പേരിലും വിദ്യാർത്ഥിയെ അടിക്കുകയോ കണ്ണുരുട്ടുകയോ ചെയ്താൽ ഉസ്താദുമാർക്കെതിരെ തിരിയുന്ന രക്ഷിതാക്കൾ വലിയ തെറ്റാണ് ചെയ്യുന്നത്. ഇവർ സ്വന്തം മക്കളെ അച്ചടക്കമില്ലാത്തവരാക്കി മാറ്റുകയാണ്. ശിക്ഷണം പൂർണ്ണമാവണമെങ്കിൽ ശിക്ഷ കൂടി വേണ്ടിവരും.

കവർസ്റ്റോറി

അനസ് ബുഖാരി ആമപ്പൊയിൽ

# ജലം വേണം ജീവനുവേണ്ടി



പ്രപഞ്ചത്തിലെ ഏറ്റവും വലിയ വിസ്മയങ്ങളിലൊന്നാണ് ഭൂമിയും അതിലെ ജീവന്റെ നിലനിൽപ്പും. ജീവന്റെ അടിസ്ഥാനമായി വർത്തിക്കുന്നത് അല്ലാഹു മനുഷ്യരാശിക്ക് നൽകിയിട്ടുള്ള അമൂല്യമായ അനുഗ്രഹങ്ങളിലൊന്നായ ജലമാണ്. കോടിക്കണക്കിന് വർഷങ്ങൾക്കു മുമ്പ് സമുദ്രത്തിന്റെ ആഴങ്ങളിലാണ് ജീവന്റെ ആദ്യത്തെ തുടിപ്പുണ്ടായതെന്നാണ് ശാസ്ത്ര നിരീക്ഷണം. മനുഷ്യസംസ്കാരങ്ങളെല്ലാം നദീതടങ്ങളിലാണ് ഉത്ഭവിച്ചതും വളർന്നുവികസിച്ചതുമെന്നു കാണാം. സിന്ധുനദീതട സംസ്കാരവും മെസൊപ്പൊട്ടേമിയൻ സംസ്കാരവും ഈജിപ്ഷ്യൻ സംസ്കാരവുമെല്ലാം നദികളെ ആശ്രയിച്ച് പടുത്തുയർത്തപ്പെട്ടവയാണ്. എന്നാൽ, പുരോഗതിയുടെ പടവുകൾ കയറിയപ്പോൾ നാം ഏറ്റവും കൂടുതൽ അവഗണിച്ചതും ചൂഷണം ചെയ്തതും ഈ ജീവാമൃതത്തെയാണ്. വിശുദ്ധഖുർആൻ പലയിടങ്ങളിലായി വെള്ളത്തിന്റെ പ്രാധാന്യം മനുഷ്യസമൂഹത്തെ ഓർമപ്പെടുത്തിയിട്ടുണ്ട്. ഭൂമിയിലെ വെള്ളം മുഴുവൻ നാം വറ്റിച്ചുകഴിഞ്ഞാൽ നിങ്ങൾക്ക് ആര് വെള്ളം നൽകുമെന്ന് അല്ലാഹു ചോദിക്കുന്നുണ്ട്. (സൂറതുൽ മുൽക് - 30)

## ജീവന്റെ ആധാരം

പൂർണ്ണമായും ജലത്തെ ആശ്രയിച്ചാണ് ഭൂമിയിലെ സകല ജീവജാലങ്ങളുടെയും നിലനിൽപ്പ്. മനുഷ്യശരീരത്തിന്റെ ഏകദേശം അറുപതു ശതമാനവും ജലമാണ്. രക്തചംക്രമണം, കോശങ്ങളുടെ നിർമ്മിതി, ശരീരതാപനില നിയന്ത്രിക്കൽ, ദഹനപ്രക്രിയ തുടങ്ങി ശരീരത്തിന്റെ ഓരോ സൂക്ഷ്മ പ്രവർത്തനത്തിനും ജലം അത്യന്താപേക്ഷിതമാണ്. മനുഷ്യന് മാത്രമല്ല; ഭൂമിയിലെ ഓരോ പുൽക്കൊടിക്കും വൻമരങ്ങൾക്കും ജീവിക്കണമെങ്കിൽ ജലം കൂടിയേ തീരൂ. പ്രകാശസംശ്ലേഷണത്തിലൂടെ സസ്യങ്ങൾ ഭക്ഷണം നിർമ്മിക്കുന്നത് ജലത്തിന്റെ സഹായത്തോടെയാണ്. വനങ്ങളും തണ്ണീർത്തടങ്ങളും പുൽമേടുകളും അടങ്ങുന്ന വിശാലമായ ആവാസവ്യവസ്ഥയെ നിലനിർത്തുന്നതും പോഷിപ്പിക്കുന്നതും ജലമാണ്. ഭൂമിയിലെ കാലാവസ്ഥയെ നിയന്ത്രിക്കുന്നതിലും ജലത്തിനുള്ള പങ്ക് വളരെ വലുതാണ്. കടലിൽ നിന്ന് ജലം ബാഷ്പീകരിക്കപ്പെട്ട് മേഘങ്ങളായി മാറി വീണ്ടും മഴയായി ഭൂമിയിൽ പതിക്കുന്ന പ്രക്രിയ നിലച്ചാൽ ഭൂമി ജീവിക്കാൻ കൊള്ളാത്ത ചുട്ടുപഴുത്ത ഗോളമായി മാറും.

ഭൂമിയുടെ ഉപരിതലത്തിന്റെ ഏഴുപത്തിയൊന്ന് ശതമാനവും വെള്ളത്താൽ ചുറ്റപ്പെട്ടതാണ്. അനന്തമായി പരന്നുകിടക്കുന്ന സമുദ്രങ്ങൾ കണ്ട് ജലം ഒരിക്കലും തീർന്നുപോകാത്ത ഒരു വിഭവമാണെന്ന് നാം തെറ്റിദ്ധരിക്കുന്നു. എന്നാൽ, ഭൂമിയിൽ ആകെയുള്ള ജലത്തിന്റെ തൊണ്ണൂറ്റിയേഴു ശതമാനവും ഉപ്പുവെള്ളമാണ്. ഇത് കുടിക്കാനോ കൃഷിക്കോ മറ്റു ദൈനംദിന ആവശ്യങ്ങൾക്കോ ഉപയോഗിക്കാൻ സാധിക്കില്ല. ബാക്കിയുള്ള മൂന്നു ശതമാനം ശുദ്ധജലത്തിൽ ഭൂരിഭാഗവും ഉത്തര-ദക്ഷിണധ്രുവങ്ങളിൽ മഞ്ഞുമലകളായും ഹിമാനികളായും ഉറഞ്ഞുകിടക്കുകയാണ്. ഭൂഗർഭജലമായും നദികളായും തടാകങ്ങളായും മനുഷ്യർക്ക് എളുപ്പത്തിൽ ലഭ്യമാകുന്ന ശു

> **നദികളും തടാകങ്ങളും ഇന്ന് വ്യവസായശാലകളിൽ നിന്നും മറ്റുമുള്ള മാലിന്യങ്ങൾ തള്ളാനുള്ള ഇടമായി മാറിയിരിക്കുന്നു. മാരകമായ രാസവസ്തുക്കളും പ്ലാസ്റ്റിക്കും മറ്റു ഘനലോഹങ്ങളും കലർന്ന് ശുദ്ധജലസ്രോതസ്സുകൾ വിഷമയമാകുന്നു. കൃഷിയിടങ്ങളിൽ പ്രയോഗിക്കുന്ന രാസവളങ്ങളും കീടനാശിനികളും മഴവെള്ളത്തോടൊപ്പം ഒഴുകി നദികളിലും തടാകങ്ങളിലും എത്തിച്ചേരുന്നു. ഇത് ജലത്തിലെ ഓക്സിജന്റെ അളവ് കുറയ്ക്കുകയും മത്സ്യങ്ങളും മറ്റു ജലജീവികളും കൂട്ടത്തോടെ ചത്തൊടുങ്ങാൻ കാരണമാവുകയും ചെയ്യുന്നു.**

ദ്ധജലം ഭൂമിയിലെ ആകെയുള്ള ജലത്തിന്റെ ഒരു ശതമാനത്തിൽ താഴെ മാത്രമാണ്. ഈ ചെറിയ ശതമാനം വെള്ളമാണ് കോടിക്കണക്കിന് മനുഷ്യരും ജീവിജാലങ്ങളും സസ്യങ്ങളും പങ്കിട്ടെടുക്കുന്നത് എന്നറിയുമ്പോഴാണ് ജലസമ്പത്തിന്റെ യഥാർത്ഥ മൂല്യം മനസ്സിലാകുന്നത്.

ഈ അമൂല്യനിധിയെ നാം ഏറെ പാഴാക്കിക്കളയുന്നു എന്നത് അങ്ങേയറ്റം ഖേദകരമാണ്. ദൈനംദിന ജീവിതത്തിൽ നാം അറിഞ്ഞും അറിയാതെയും വലിയ തോതിൽ ജലം പാഴാക്കുന്നുണ്ട്. പൈപ്പുകൾ തുറന്നിട്ട് പല്ലുതേക്കുന്നതും വാഹനം കഴുകാൻ ആവശ്യത്തിലധികം വെള്ളം ഉപയോഗിക്കുന്നതും ചോർച്ചയുള്ള പൈപ്പുകൾ യഥാസമയം നന്നാക്കാത്തതുമെല്ലാം ജലനഷ്ടത്തിന്റെ ചെറിയ ഉദാഹരണങ്ങൾ മാത്രമാണ്. കാർഷിക-വ്യാവസായിക മേഖലകളിലും അശാസ്ത്രീയമായ രീതികളിലൂടെ വൻതോതിൽ ജലം പാഴായിപ്പോകുന്നുണ്ട്. ഒരു കിലോ അരി ഉൽപ്പാദിപ്പിക്കാൻ ആയിരക്കണക്കിന് ലിറ്റർ വെള്ളം ആവശ്യമാണ്. അതുപോലെ നാം ധരിക്കുന്ന വസ്ത്രങ്ങൾ, ഉപയോഗിക്കുന്ന കടലാസ് തുടങ്ങി പല തരം അനിവാര്യ ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും വലിയ തോതിൽ ജലം ഉപയോഗിക്കപ്പെടുന്നുണ്ട്. ഇതൊന്നും മനസ്സിലാക്കാതെ ജലം പാഴാക്കുന്ന പ്രവണത മനുഷ്യന്റെ ഏറ്റവും വലിയ വീഴ്ചയാണ്.

## മലിനീകരണം എന്ന അപകടം

പാഴാക്കുന്നതിനെക്കാൾ ഭയാനകമാണ് ജലസ്രോതസ്സുകളുടെ മലിനീകരണം. നദികളും തടാകങ്ങളും ഇന്ന് വ്യവസായ ശാലകളിൽ നിന്നും മറ്റുമുള്ള മാലിന്യങ്ങൾ തള്ളാനുള്ള ഇടമായി മാറിയിരിക്കുന്നു. മാരകമായ രാസവസ്തുക്കളും പ്ലാസ്റ്റിക്കും മറ്റു ഘനലോഹങ്ങളും കലർന്ന് ശുദ്ധജലസ്രോതസ്സുകൾ വിഷമയമാകുന്നു. കൃഷിയിടങ്ങളിൽ പ്രയോഗിക്കുന്ന രാസവളങ്ങളും കീടനാശിനികളും മഴവെള്ളത്തോടൊപ്പം ഒഴുകി നദികളിലും തടാകങ്ങളിലും എത്തിച്ചേരുന്നു. ഇത് ജലത്തിലെ ഓക്സിജന്റെ അളവ് കുറയ്ക്കുകയും മത്സ്യങ്ങളും മറ്റു ജലജീവികളും കൂട്ടത്തോടെ ചത്തൊടുങ്ങാൻ കാരണമാവുകയും ചെയ്യുന്നു. നമ്മുടെ നാട്ടിലെ പല പ്രമുഖ നദികളും ഇന്ന് മാലിന്യവാഹിനികളായി മാറിക്കഴിഞ്ഞു. ഭൂഗർഭജലം പോലും മലിനീകരിക്കപ്പെടുന്ന അവസ്ഥയിലാണുള്ളത്. കുടി





കാടുകൾ വെട്ടിനശിപ്പിക്കുമ്പോൾ മണ്ണിന് ജലം പിടിച്ചുനിർത്താനുള്ള കഴിവ് നഷ്ടപ്പെടുന്നു. ഇത് മഴവെള്ളം ഭൂമിയിലേക്കിറങ്ങാതെ വേഗത്തിൽ കടലിലേക്ക് ഒഴുകിപ്പോകാൻ കാരണമാകുന്നു. ആഗോളതാപനത്തിന്റെ ഫലമായി മഴയുടെ ലഭ്യതയിൽ വലിയ മാറ്റങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ചില സ്ഥലങ്ങളിൽ അതിശക്തമായ മഴയും പ്രളയവുമുണ്ടാകുമ്പോൾ, മറ്റിടങ്ങളിൽ തുടർച്ചയായ വരൾച്ചയാണ് അനുഭവപ്പെടുന്നത്. ഭൂഗർഭജലവിതാനം അപകടകരമായ രീതിയിൽ താഴ്ന്നുകൊണ്ടിരിക്കുന്നു. വേനൽക്കാലമാകുമ്പോഴേക്കും കിണറുകളും കുളങ്ങളും വറ്റിവരളുന്ന കാഴ്ച ഇന്ന് സർവ്വസാധാരണമാണ്.

വെള്ളത്തിൽ രോഗാണുക്കളുടെ സാന്നിധ്യം വർദ്ധിക്കുന്നത് ഈ മലിനീകരണത്തിന്റെ നേരിട്ടുള്ള ഫലമാണ്.

വനനശീകരണവും കാലാവസ്ഥാ വ്യതിയാനവും ഈ ദുരവസ്ഥയെ കൂടുതൽ രൂക്ഷമാക്കുന്നു. കാടുകൾ വെട്ടിനശിപ്പിക്കുമ്പോൾ മണ്ണിന് ജലം പിടിച്ചുനിർത്താനുള്ള കഴിവ് നഷ്ടപ്പെടുന്നു. ഇത് മഴവെള്ളം ഭൂമിയിലേക്കിറങ്ങാതെ വേഗത്തിൽ കടലിലേക്ക് ഒഴുകിപ്പോകാൻ കാരണമാകുന്നു. ആഗോളതാപനത്തിന്റെ ഫലമായി മഴയുടെ ലഭ്യതയിൽ വലിയ മാറ്റങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ചില സ്ഥലങ്ങളിൽ അതിശക്തമായ മഴയും പ്രളയവുമുണ്ടാകുമ്പോൾ, മറ്റിടങ്ങളിൽ തുടർച്ചയായ വരൾച്ചയാണ് അനുഭവപ്പെടുന്നത്. ഭൂഗർഭജലവിതാനം അപകടകരമായ രീതിയിൽ താഴ്ന്നുകൊണ്ടിരിക്കുന്നു. വേനൽക്കാലമാകുമ്പോഴേക്കും കിണറുകളും കുളങ്ങളും വറ്റിവരളുന്ന കാഴ്ച ഇന്ന് സർവ്വസാധാരണമാണ്. ഒരു മൂന്നാം ലോകമഹായുദ്ധം ഉണ്ടാവുകയാണെങ്കിൽ അത് ജലത്തിനു വേണ്ടിയായിരിക്കും എന്ന ശാസ്ത്രജ്ഞരുടെ മുന്നറിയിപ്പ് നാം ഗൗരവത്തോടെ കാണേണ്ടതുണ്ട്. പല രാജ്യങ്ങളും സംസ്ഥാനങ്ങളും തമ്മിൽ ഇപ്പോൾ തന്നെ നദീജല തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്. ഈ വലിയ പ്രതിസന്ധികളെ മറികടക്കാൻ പ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

## ജലസംരക്ഷണം

ജലസംരക്ഷണം സർക്കാരിന്റെ മാത്രം ഉത്തരവാദിത്തമല്ല; ഭൂമിയിലെ ഓരോ മനുഷ്യന്റെയും കടമയാണത്. പെയ്യുന്ന മഴവെള്ളം മുഴുവൻ ഒഴുക്കിക്കളയാതെ മണ്ണിലിറക്കാനുള്ള സംവിധാനങ്ങൾ നാം ഒരുക്കണം. വീടുകളിലും സ്ഥാപനങ്ങളിലും മഴവെള്ള സംഭരണികൾ നിർബന്ധമാക്കണം. മഴക്കുഴികൾ നിർമ്മിച്ചും പുരയിടങ്ങളിൽ മരങ്ങൾ വെച്ചുപിടിപ്പിച്ചും ഭൂഗർഭജലം സമ്പുഷ്ടമാക്കാൻ നാം തയ്യാറാകണം. കാർഷിക മേഖലയിൽ ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് ജലോപയോഗം കുറയ്ക്കണം. നദികളിലേക്കും ജലാശയങ്ങളിലേക്കും മാലിന്യങ്ങൾ വലിച്ചെറിയുന്ന ശീലം പൂർണ്ണമായും അവസാനിപ്പിക്കണം. ഉപയോഗിച്ച വെള്ളം ശുദ്ധീകരിച്ച് വീണ്ടും ഉപയോഗിക്കാൻ വ്യവസായ ശാലകൾ തയ്യാറാകണം.

ജലത്തിന്റെ മൂല്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നതാണ് ഏറ്റവും പ്രധാനം. ഓരോ തുള്ളി വെള്ളവും ജീവന്റെ തുടിപ്പാണെന്നും ഇന്നത്തെ അശ്രദ്ധ നാളത്തെ തലമുറയുടെ ദാഹജലം മുട്ടിക്കുമെന്നും നാം തിരിച്ചറിയണം. പ്രകൃതി കനിഞ്ഞുനൽകിയ ഈ വലിയ അനുഗ്രഹത്തെ പാഴാക്കാതെ സംരക്ഷിച്ച് വരുംതലമുറകൾക്ക് സുരക്ഷിതമായി കൈമാറാൻ നമുക്ക് സാധിക്കണം.

ലൈഫ്സ്റ്റൈൽ

അബ്ദുല്ല ചെമ്പ്ര

# യാചന നീചമാണ്

മനുഷ്യരുടെ അന്തസ്സിനെയും വ്യക്തിത്വത്തെയും ഉയർത്തിപ്പിടിക്കുന്ന ഒരു സമ്പൂർണ്ണ ജീവിതപദ്ധതി എന്ന നിലയിൽ, ഇസ്‌ലാം അധ്വാനത്തിന് ഏറെ പ്രാധാന്യം നൽകുന്നുണ്ട്. ഉപജീവനത്തിനായി മനുഷ്യൻ നടത്തുന്ന പരിശ്രമങ്ങളെ വെറുമൊരു സാമ്പത്തിക ഇടപാടായിട്ടല്ല, മറിച്ച് അല്ലാഹുവിനോടുള്ള ആരാധനയുടെ ഭാഗമായാണ് ഇസ്‌ലാം പരിഗണിക്കുന്നത്. ഇതിനു വിരുദ്ധമായി, അധ്വാനശേഷിയും വിവേകവുമുള്ളവർ യാചനയെ ജീവിതമാർഗ്ഗമാക്കുന്നതിനെ ഇസ്‌ലാം കഠിനമായി നിരുത്സാഹപ്പെടുത്തുന്നു.

ഇസ്‌ലാമികവീക്ഷണത്തിൽ ഭൂമിയിലെ വിഭവങ്ങൾ മനുഷ്യർക്കായി സംവിധാനിക്കപ്പെട്ടതാണ്. വിഭവങ്ങൾ നിയമാനുസൃത മാർഗ്ഗങ്ങളിലൂടെ നേടിയെടുക്കാൻ മനുഷ്യൻ ബാധ്യസ്ഥനാണ്. നബഅ് സൂറത്തിലെ പതിനൊന്നാം സൂക്തത്തിൽ 'പകലിനെ നാം ഉപജീവനത്തിനുള്ള സമയമാക്കി' എന്നുണ്ട്. ഇത് കേവലം ഒരു പ്രസ്താവനയല്ല. പ്രത്യുത, മനുഷ്യൻ സജീവമായി ലോകത്ത് ഇടപെടണമെന്ന ആഹ്വാനമാണ്. അല്ലാഹു നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുന്നതിന്റെ പ്രായോഗിക രൂപമാണ് അധ്വാനമെന്ന് ഖുർആനികാധ്യാപനങ്ങളിൽ നിന്ന് വ്യക്തമാണ്.

## അധ്വാനം എന്ന ആരാധന

അധ്വാനം ഒരു ആരാധനയായാണ് മുത്തുനബി(സ) പഠിപ്പിച്ചത്. അതൊരു വലിയ പുണ്യകർമ്മം കൂടിയാണ്. സ്വന്തം കുടുംബത്തിന്റെ പട്ടിണി മാറ്റാൻ വേണ്ടി അധ്വാനിക്കുന്നവൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുന്നവനെപ്പോലെയാണെന്ന് നബി(സ) പറഞ്ഞിട്ടുണ്ട്.

ഒരിക്കൽ നബി(സ)യും അനുചരന്മാരും കഠിനാധ്വാനം ചെയ്യുന്ന ഒരു യുവാവിനെ കാണാനിടയായി. അപ്പോൾ ചുറ്റുമുള്ളവർ പറഞ്ഞു: 'ഈ ആരോഗ്യം ഇയാൾ അല്ലാഹുവിന്റെ വഴിയിൽ ഉപയോഗിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു.' ഇതുകേട്ട നബി(സ) അവരെ തിരുത്തിക്കൊ



ടുത്തുകൊണ്ട് പറഞ്ഞു: 'അങ്ങനെയല്ല, തന്റെ ചെറിയ കുട്ടികളെ പോറ്റാനോ പ്രായമായ മാതാപിതാക്കളെ പരിചരിക്കാനോ ആരെയും ആശ്രയിക്കാതെ അന്തസ്സോടെ ജീവിക്കാനോ വേണ്ടിയാണ് അയാൾ കഷ്ടപ്പെടുന്നതെങ്കിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിലാണ് പണിയെടുക്കുന്നത്.' മറ്റൊരിക്കൽ, പണിയെടുത്തു തഴമ്പിച്ച മുആദുബ്നു ജബൽ(റ)വിന്റെ കൈകൾ പിടിച്ച് 'ഈ കൈകളെ അല്ലാഹുവും അവന്റെ റസൂലും ഇഷ്ടപ്പെടുന്നു' എന്ന് പ്രവാചകർ(സ) പറഞ്ഞത് അധ്വാനത്തിനുള്ള ഏറ്റവും വലിയ ആത്മീയ അംഗീകാരമാണ്.

## പ്രവാചകന്മാരുടെ തൊഴിലുകൾ

പൂർവ്വകാല പ്രവാചകന്മാരെല്ലാം തൊഴിലെടുത്താണ് ജീവിതം പുലർത്തിയിരുന്നത്. അവരിലാരും മറ്റുള്ളവരുടെ മുന്നിൽ കൈ നീട്ടിയിട്ടില്ല. വലിയൊരു സാമ്രാജ്യത്തിന്റെ രാജാവായിരുന്നിട്ടും ദാവൂദ് നബി(അ) പടച്ചട്ടകൾ നിർമ്മിച്ചു വിറ്റായിരുന്നു ഉപജീവനത്തിനുള്ള വക കണ്ടെത്തിയിരുന്നത്. 'സ്വന്തം കൈകൊണ്ട് അധ്വാനിച്ചു തിന്നുന്നതിനെക്കാൾ ഉത്തമമായ ഭക്ഷണം മറ്റൊന്നില്ല' എന്ന തിരുവചനവും ശ്രദ്ധേയമാണ്. സകരിയ്യനബി(അ) ഒരു ആശാരിയായിരുന്നു. ഇദ്‌രീസ്‌നബി(അ) തുന്നൽപണിയിലും എഴുത്തുവിദ്യയിലുമാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. നൂഹ്‌നബി(അ) കപ്പൽ നിർമ്മാണത്തിനു പുറമെ കൃഷിപ്പണിയിലും ഏർപ്പെട്ടിരുന്നു. പ്രവാചകന്മാരെല്ലാം മാതൃകയാക്കിയ ഈ അധ്വാനത്തിന്റെ വഴി വിശ്വാസികൾക്ക് വലിയൊരു പാഠമാണ്.

## യാചനയും ആത്മാഭിമാനവും

ശേഷിയുണ്ടായിട്ടും മറ്റുള്ളവരുടെ സമ്പത്ത് കൊതിക്കുന്നത് ഇസ്‌ലാം കഠിനമായി എതിർക്കുന്നു. യാചിക്കുമ്പോൾ ഒരാൾ സ്വന്തം അന്തസ്സിനെയാണ് ഇല്ലാതാക്കുന്നത്. മുത്തുനബി(സ) പറഞ്ഞു: 'ജനങ്ങളോട് യാചിച്ചുനടക്കുന്നവർ പരലോകത്ത് അല്ലാഹുവിനെ കണ്ടുമുട്ടുമ്പോൾ മുഖത്ത് മാംസത്തിന്റെ അംശം പോലുമുണ്ടാവില്ല.' (സ്വഹീഹുൽ ബുഖാരി 1474, സ്വഹീഹു മുസ്‌ലിം 1040) യാചനയെ 'മുഖത്തുണ്ടാവുന്ന മുറിവുകൾ', 'മായാത്ത കലകൾ' എന്നിങ്ങനെയാണ് തിരുനബി(സ) വിശേഷിപ്പിച്ചത്. (സുനനുഅബൂദാവൂദ് 1639)

അനാവശ്യമായി ജനങ്ങളുടെ മുന്നിൽ കൈനീട്ടുന്നവർ നരകത്തിലെ തീക്കനലാണ് ചോദിക്കുന്നതെന്ന് തിരുനബി(സ) പറഞ്ഞിട്ടുണ്ട്. (സ്വഹീഹു മുസ്‌ലിം 2399) 'ഉയർന്ന കൈ (നൽകുന്ന കൈ) താഴ്ന്ന കൈയെക്കാൾ (വാങ്ങുന്ന കൈ) ഉത്തമമാണ്' എന്ന നബിവചനം ഓരോ വിശ്വാസിയും ഹൃദയത്തിൽ കുറിച്ചിടേണ്ടതാണ്. (സ്വഹീഹുൽ ബുഖാരി 1427)

മഹാനായ ലുഖ്മാനുൽഹകീം(റ) മകന് നൽകിയ ഉപദേശം ശ്രദ്ധേയമാണ്: 'മകനേ, അധ്വാനിക്കാതെ ദരിദ്രനാകുന്നവന് മൂന്നു ദുരന്തങ്ങൾ സംഭവിക്കും:

**ഒരിക്കൽ നബി(സ)യും അനുചരന്മാരും കഠിനാധ്വാനം ചെയ്യുന്ന ഒരു യുവാവിനെ കാണാനിടയായി. അപ്പോൾ ചുറ്റുമുള്ളവർ പറഞ്ഞു: 'ഈ ആരോഗ്യം ഇയാൾ അല്ലാഹുവിന്റെ വഴിയിൽ ഉപയോഗിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു.' ഇതുകേട്ട നബി(സ) അവരെ തിരുത്തിക്കൊടുത്തുകൊണ്ട് പറഞ്ഞു: 'അങ്ങനെയല്ല, തന്റെ ചെറിയ കുട്ടികളെ പോറ്റാനോ പ്രായമായ മാതാപിതാക്കളെ പരിചരിക്കാനോ ആരെയും ആശ്രയിക്കാതെ അന്തസ്സോടെ ജീവിക്കാനോ വേണ്ടിയാണ് അയാൾ കഷ്ടപ്പെടുന്നതെങ്കിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിലാണ് പണിയെടുക്കുന്നത്.'**



മതബോധത്തിന്റെ ദൗർബല്യം, ബുദ്ധിശക്തിയുടെ ബലഹീനത, ജനമധ്യത്തിൽ ആത്മാഭിമാനം നഷ്ടപ്പെടൽ.' (ഇഹ്‌യാഉലൂമിദ്ദീൻ – ഇമാം ഗസ്സാലി) അതുകൊണ്ട്, മറ്റുള്ളവരുടെ കൈവശമുള്ളത് കിട്ടാൻ കൊതിക്കുന്നതിനെക്കാൾ വലിയ ദുർഗതി വേറെയില്ല.

എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ഇസ്‌ലാം മറ്റുള്ളവരുടെ സഹായം തേടാൻ അനുവാദം നൽകുന്നുണ്ട്. രണ്ടു വിഭാഗങ്ങൾക്കിടയിൽ സമാധാനം സ്ഥാപിക്കാൻ സാമ്പത്തിക ബാധ്യത ഏറ്റെടുത്തവർ, പ്രകൃതിക്ഷോഭത്തിൽ സർവ്വതും നഷ്ടപ്പെട്ടവർ, വിശ്വസ്തരായ മൂന്ന് വ്യക്തികൾ സാക്ഷ്യപ്പെടുത്തുന്ന തരത്തിൽ കഠിന ദാരിദ്ര്യം അനുഭവിക്കുന്നവർ തുടങ്ങിയവരാണവർ. ഒരു വശത്ത് യാചനയെ നിരുത്സാഹപ്പെടുത്തുമ്പോഴും ചോദിച്ചുവരുന്നവരെ വെറുംകൈയോടെ മടക്കരുതെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ദാനം ചോദിച്ചു വരുന്നവന്റെ ജീവിതസാഹചര്യങ്ങളും പശ്ചാത്തലങ്ങളും ഇഴകീറി പരിശോധിക്കുകയല്ല വേണ്ടത്; ഉണ്ടെങ്കിൽ കൊടുക്കുക, ഇല്ലെങ്കിൽ നല്ല വാക്കുകൾ പറഞ്ഞ് മടക്കിയയയ്ക്കുക.



## നബിസന്നിധിയിലെ യാചകൻ

ഒരിക്കൽ ഒരു അൻസാരി നബി(സ)യുടെ അടുത്തു വന്ന് സഹായം ചോദിച്ചു. പ്രവാചകർ(സ) ചോദിച്ചു: 'നിന്റെ വീട്ടിൽ ഒന്നുമില്ലേ?' 'ഒരു കമ്പിളിപ്പുതപ്പും വെള്ളം കുടിക്കുന്ന പാത്രവും മാത്രമേയുള്ളൂ.' അദ്ദേഹം മറുപടി നൽകി. തിരുനബി(സ) അവ കൊണ്ടുവരാനാവശ്യപ്പെട്ടു. ശേഷം, സ്വഹാബികൾക്കിടയിൽ അത് ലേലം ചെയ്ത് രണ്ടു ദിർഹമിന് വിറ്റു. ഒരു ദിർഹം വീട്ടിലേക്ക് ഭക്ഷണം വാങ്ങിനൽകാനും മറ്റേ ദിർഹം കൊണ്ട് ഒരു കോടാലി വാങ്ങി വരാനും അദ്ദേഹത്തോട് നിർദ്ദേശിച്ചു. അയാൾ വാങ്ങിക്കൊണ്ടുവന്ന കോടാലിക്ക് സ്വന്തം കൈകൊണ്ട് ഒരു പിടി ഇട്ടുകൊടുത്ത ശേഷം നബി(സ) പറഞ്ഞു: 'നീ പോയി വിറക് വെട്ടി വിൽക്കുക. കുറച്ചുകാലത്തേക്ക് ഇങ്ങോട്ട് വരേണ്ടതില്ല.' അയാൾ വിറകു വിറ്റ് ദിവസങ്ങൾക്കകം പത്തു ദിർഹം സമ്പാദിച്ചു. (അബൂദാവൂദ് 1641) യാചകനെ അന്തസ്സുള്ള അധ്വാനശീലനാക്കി മാറ്റിയ ഈ സംഭവം നമുക്ക് വലിയൊരു പാഠമാണ്. 'കയറെടുത്ത് വിറകുകെട്ടുകൾ ചുമന്നുകൊണ്ടുപോയി വിൽക്കുന്നത് ജനങ്ങളോട് കൈനീട്ടുന്നതിനെക്കാൾ ഉത്തമമാണ്' എന്ന തിരുമൊഴിയും കാണാം. (സ്വഹീഹുൽബുഖാരി 1402)

## ഉമർ(റ)വിന്റെ നിലപാടുകൾ

രണ്ടാം ഖലീഫ ഉമറുബ്നു ഖത്താബ്(റ) അധ്വാനത്തിന്റെ കാര്യത്തിൽ ഒട്ടും വിട്ടുവീഴ്ച കാണിച്ചിരുന്നില്ല. 'ആകാശത്തുനിന്ന് വെള്ളിയോ സ്വർണ്ണമോ മഴയായി പെയ്യുകയില്ല. അതുകൊണ്ട്, നിങ്ങൾ അധ്വാനിക്കൂ' എന്ന് അദ്ദേഹം എപ്പോഴും കൂടെയുള്ളവരെ ഓർമ്മിപ്പിച്ചിരുന്നു. മുഴുസമയം പള്ളിയിലിരുന്ന് പ്രാർത്ഥിക്കുന്നവരെ അദ്ദേഹം 'നിങ്ങൾ ജനങ്ങൾക്കു ബാധ്യതയാകാതെ ചന്തയിൽ പോയി കച്ചവടം ചെയ്യൂ' എന്നു ശാസിച്ചിരുന്നു.

യുവാക്കളെ കാണുമ്പോൾ അവർക്ക് വല്ല തൊഴിലുമുണ്ടോ എന്നായിരുന്നു ഉമർ(റ) അന്വേഷിച്ചിരുന്നത്. തൊഴിലില്ലാത്തവരുടെ കാര്യത്തിൽ മഹാൻ വിഷമിച്ചിരുന്നു. 'അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ജിഹാദ് കഴിഞ്ഞാൽ, കച്ചവടത്തിനായി യാത്ര ചെയ്യുന്നതിനിടയിൽ മരണം വരിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്' എന്ന വാക്ക് തൊഴിലിനോടും അധ്വാനത്തോടുമുള്ള ഉമർ(റ)വിന്റെ ആവേശവും ആഭിമുഖ്യവും വ്യക്തമാക്കുന്നുണ്ട്.

## മഹാന്മാരുടെ അധ്വാനവഴികൾ

വില മതിക്കാനാവാത്ത സമ്പത്ത് മക്കയിൽ ഉപേക്ഷിച്ച്, പലായനം ചെയ്ത് മദീനയിലെത്തിയ അബ്ദുറഹ്മാനുബ്നു ഔഫ്(റ)വിന് തന്റെ സമ്പാദ്യത്തിന്റെ പകുതി നൽകാമെന്ന് ഒരു അൻസാരി വാഗ്ദാനം ചെയ്തു. എന്നാൽ, ആത്മാഭിമാനിയായ അദ്ദേഹം അത് നിരസിച്ചുകൊണ്ട് പറഞ്ഞു: 'എനിക്ക് ചന്തയിലേക്കുള്ള വഴി കാണിച്ചുതന്നാൽ മാത്രം മതി; ഞാനവിടെ വ്യാപാരം നടത്തി കഴിഞ്ഞുകൂടാം.' (ബുഖാരി 2048) അദ്ദേഹം ചന്തയിൽ പോയി വെണ്ണയും തൈരും കച്ചവടം ചെയ്ത് താമസിയാതെ വലിയൊരു സമ്പന്നനായി മാറി. ഏതു കാര്യത്തിലും മറ്റുള്ളവരെ ആശ്രയിക്കാതെ സ്വന്തം കാലിൽ നിൽക്കാനുള്ള ആവേശമാണ് വിശ്വാസിക്ക് വേണ്ടത്.

പണ്ഡിത വരേണ്യരായിരുന്ന ഇമാം അബൂഹനീഫ(റ) മികച്ച വസ്ത്രവ്യാപാരിയായിരുന്നു. സ്വന്തം അധ്വാനം കൊണ്ട് ജീവിച്ചതുകൊണ്ടാണ് ഭരണാധികാരികളുടെ മുന്നിൽ തല കുനിക്കാതെ സത്യം വിളിച്ചുപറയാൻ അദ്ദേഹത്തിനു സാധിച്ചത്.

സൂഫീവര്യന്മാർ അലസന്മാരായിരുന്നില്ല. ബൽഖിലെ രാജാവായിരുന്ന ഇബ്റാഹീമുബ്നു അദ്ഹം രാജപദവി ഉപേക്ഷിച്ച ശേഷം വിറകുവെട്ടിയും തോട്ടങ്ങളിൽ പണിയെടുത്തുമാണ്



**ഇസ്‌ലാമിക വീക്ഷണത്തിൽ തവക്കുൽ പരിശ്ര മങ്ങളുമായി ചേർന്നുനിൽക്കുന്ന ഒരു ആത്മീ യഭാവമാണ്. കഴിവിനനുസരിച്ചുള്ള ശ്രമങ്ങൾ നടത്തിയ ശേഷം ഫലം അല്ലാഹുവിൽ ഭരമേൽ പ്പിക്കുന്നതാണ് യഥാർത്ഥ തവക്കുൽ. ഇതി നു വിപരീതമായി, യാതൊരു പരിശ്രമവും നടത്താതെ എല്ലാം ദൈവം നൽകുമെന്നു കരുതി അലസനായിരിക്കുന്നത് 'തവാക്കുൽ' എന്ന തെറ്റായ പ്രവണതയാണ്. ഇത് വിശ്വാ സത്തിന്റെ ഭാഗമല്ല, മറിച്ച് ഉത്തരവാദിത്തങ്ങ ളിൽ നിന്നുള്ള ഒളിച്ചോട്ടമാണ്.**

ഉപജീവനം കണ്ടെത്തിയത്. (തദ്കിറത്തുൽ ഔലിയാഅ്) 'മനുഷ്യരോട് ചോദിക്കുന്നതാണ് യഥാർത്ഥ കഷ്ടപ്പാട്' എന്നദ്ദേഹം വിശ്വസിച്ചു.

ഫരീദുദ്ദീൻ അത്താർ ഒരു അത്തർ വ്യാപാരിയായിരുന്നു. സഖതി (പഴയങ്ങൾ കച്ചവടം ചെയ്യുന്നവൻ) എന്നറിയപ്പെട്ടിരുന്ന സരിയ്യുസ്സഖതിയും തന്റെ തൊഴിലിനെ ആത്മീയ വളർച്ചയ്ക്കുള്ള മാർഗമായാണ് കണ്ടിരുന്നത്.

## വെറുതെയിരക്കലല്ല തവക്കുൽ

'തവക്കുൽ' അഥവാ, നാഥനിൽ ഭരമേൽപ്പിക്കുക എന്നാൽ നിഷ്ക്രിയനായി കൈയും കെട്ടിയിരിക്കുക എന്നല്ല അർത്ഥം. ഇസ്‌ലാമിക വീക്ഷണത്തിൽ തവക്കുൽ പരിശ്രമങ്ങളുമായി ചേർന്നുനിൽക്കുന്ന ഒരു ആത്മീയഭാവമാണ്. കഴിവിനനുസരിച്ചുള്ള ശ്രമങ്ങൾ നടത്തിയ ശേഷം ഫലം അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നതാണ് യഥാർത്ഥ തവക്കുൽ. ഇതിനു വിപരീതമായി, യാതൊരു പരിശ്രമവും നടത്താതെ എല്ലാം ദൈവം നൽകുമെന്നു കരുതി അലസനായിരിക്കുന്നത് 'തവാക്കുൽ' എന്ന തെറ്റായ പ്രവണതയാണ്. ഇത് വിശ്വാസത്തിന്റെ ഭാഗമല്ല, മറിച്ച് ഉത്തരവാദിത്തങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടമാണ്.

ഈ ആശയത്തെ ഏറ്റവും മനോഹരമായി തിരുനബി(സ) വിശദീകരിച്ചിട്ടുണ്ട്. 'ഒട്ടകത്തെ കെട്ടിയിടാതെ ഞാൻ അല്ലാഹുവിൽ ഭരമേൽപ്പിച്ചോട്ടെ' എന്ന് ചോദിച്ച ഗ്രാമീണനോട് 'നീ ഒട്ടകത്തെ കെട്ടിയിടുക, ശേഷം അല്ലാഹുവിൽ ഭരമേൽപ്പിക്കുക' എന്നാണ് നബി(സ) മറുപടി നൽകിയത്. പ്രവാചകരുടെ ജീവിതം തന്നെ ഇതിന് വലിയ മാതൃകയാണ്. മദീനയിലേക്കുള്ള പലായനവേളയിൽ അല്ലാഹു സംരക്ഷിക്കുമെന്ന് ഉറപ്പുള്ളപ്പോഴും തിരുനബി(സ) സാധ്യമായ എല്ലാ സുരക്ഷാ ക്രമീകരണങ്ങളും മുൻകരുതലുകളും സ്വീകരിച്ചിരുന്നു. മനുഷ്യസാധ്യമായ പരിശ്രമങ്ങൾ നടത്തുക എന്നത് തവക്കുലിന്റെ അവിഭാജ്യ ഘടകമാണെന്നു സാരം.

പക്ഷികളുടെ ജീവിതം ഉദാഹരണമാക്കി തിരുനബി(സ) നൽകിയ പാഠം ഇവിടെ വളരെ പ്രസക്തമാണ്. 'ശരിയായ രീതിയിൽ അല്ലാഹുവിൽ ഭരമേൽപ്പിച്ചാൽ പക്ഷികൾക്കു ലഭിക്കുന്നതുപോലെ നിങ്ങൾക്ക് ഉപജീവനം ലഭിക്കുമായിരുന്നു' എന്ന് അവിടുന്ന് പഠിപ്പിച്ചു. പക്ഷികൾ കൂടിനുള്ളിൽ വെറുതെയിരിക്കുകയല്ല; അവ രാവിലെ ഒഴിഞ്ഞ വയറുമായി ഇര തേടി പുറപ്പെടുകയും വൈകുന്നേരം നിറഞ്ഞ വയറുമായി തിരിച്ചെത്തുകയും ചെയ്യുന്നു.

ചുരുക്കത്തിൽ, തവക്കുൽ വിശ്വാസിക്ക് കൂടുതൽ കരുത്തും ഉത്സാഹവും നൽകുന്നു. ഫലത്തെക്കുറിച്ച് അനാവശ്യമായി ആകുലപ്പെടാതെ, കടമകൾ മികച്ച രീതിയിൽ നിർവ്വഹിക്കാനുള്ള ആത്മവിശ്വാസമാണത് പകരുന്നത്.

യാചന ഒരു തൊഴിലെന്നപോലെ വളരുന്ന കാലത്താണ് നമ്മൾ ജീവിക്കുന്നത്. യാചിച്ചും കബളിപ്പിച്ചും മറ്റുള്ളവരുടെ സ്വത്ത് അപഹരിക്കുന്നത് ചിലർക്കെങ്കിലും ആസ്വാദനമായി മാറിയിട്ടുണ്ട്. എഴുന്നേറ്റിരിക്കാൻ പോലും കഴിയാതെ അവശതയും വൈകല്യവും അനുഭവിക്കുന്നവരുടെ യാചന അംഗീകരിക്കാം. എന്നാൽ, തൊഴിലെടുത്ത് ജീവിക്കാൻ ആരോഗ്യമുള്ളവർ ഇരന്നു ജീവിക്കുന്നത് നിന്ദ്യമാണ്. ചോദിച്ചു വരുന്നവരെ ആട്ടിയോടിക്കാൻ പാടില്ല, കുതിരപ്പുറത്ത് കയറി വരുന്നവനും കൊടുക്കണമെന്നാണല്ലോ എന്നൊക്കെ പറഞ്ഞ് ഇക്കാര്യത്തിൽ നിസ്സംഗത പുലർത്തുന്നത് ശരിയല്ല.

ലൈഫ്സ്റ്റൈൽ

മുഹമ്മദ് വിളയിൽ

# സോംബിമനുഷ്യർ പിറക്കുമ്പോൾ

സോംബി ടൂറിസമെന്നു കേട്ടിട്ടുണ്ടോ? ഔദ്യോഗികമായ ടൂറിസം പാക്കേജല്ലെങ്കിലും ആളുകൾക്കിടയിൽ അങ്ങനെ ഒരു പ്രയോഗമുണ്ട്. ആരാണ് സോംബികൾ എന്നറിയാത്തവർക്കായി പറയട്ടെ; മുന്നിൽക്കാണുന്നവരെയെല്ലാം ആക്രമിക്കുന്ന ഭീകരന്മാരായ സാങ്കല്പിക കഥാപാത്രങ്ങളാണ് സോംബികൾ. ഒരിക്കൽ ആക്രമിക്കപ്പെട്ടാൽ, അക്രമത്തിനിരയായ ആളും അക്രമിയെപ്പോലെ രൂപാന്തരപ്പെടുന്നു. എന്നാൽ ഇപ്പോൾ യഥാർത്ഥലോകത്തിലും സോംബികൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരിക്കുന്നു. സാങ്കൽപിക സോംബികളെക്കാൾ ഭീകരന്മാരാണിവർ. ജീവിച്ചിരിക്കുന്ന മനുഷ്യരാണത് എന്നതു തന്നെയാണ് കാരണം!

സ്വബോധം നഷ്ടപ്പെട്ട്, ഇഴഞ്ഞു നടക്കുന്ന, മണിക്കൂറുകളോളം കുനിഞ്ഞു നിൽക്കുന്ന, ഭീകരമാം വിധം തല താഴ്ത്തി നടക്കുന്ന, അഴിഞ്ഞുപോകുന്ന പാന്റ്സ് പോലും പിടിച്ചുവെക്കാൻ കഴിയാത്ത, ശരീരമാസകലം മുറിപ്പാടുകളുമായി നടപ്പാതകളിൽ സിറിഞ്ചുമായി നിൽക്കുന്ന വിരൂപികളായ ചില മനുഷ്യക്കോലങ്ങളെ ഇന്ന് ലോകത്തിന്റെ പലഭാഗത്തും കാണാം. അവരാണ് സോംബിടൂറിസത്തിലെ കാഴ്ചവസ്തുക്കൾ.

അമേരിക്കയിലെ സുപ്രധാന നഗരമാണ് ഫിലാഡൽഫിയ. സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ ഓർമ്മകൾ നിറഞ്ഞ ഈ നഗരം ഇന്ന് ഒരു വിചിത്രമായ പേരിൽ അറിയപ്പെടുന്നു; 'സോംബി സിറ്റി.' ഇതൊരു ഭാവനാപരമായ സിനിമാക്കഥയല്ല; മറിച്ച് ലഹരി വസ്തുക്കളുടെ അമിതവ്യാപനവും സാമൂഹിക അവഗണനയും സൃഷ്ടിച്ച യാഥാർത്ഥ്യത്തിന്റെ പ്രതീകമാണ്. അമേരിക്കയിലെ ഏറ്റവും വൃത്തികെട്ട സ്ഥലം എന്നറിയപ്പെടുന്ന ഫിലാഡൽഫിയയിലെ കെൻസിംഗ്ടൺ നഗരത്തിലാണ് ഇത്തരം ദൃശ്യങ്ങൾ കൂടുതൽ കാണാനാവുന്നത്. അടഞ്ഞുകിടക്കുന്ന കടകൾ, നിശ്ശബ്ദമായ റോഡുകൾ, അനാഥമായ ട്രോളികൾ, നിരത്തിൽ നിറയെ ഉപയോഗശേഷം വലിച്ചെറിഞ്ഞ സിറിഞ്ചുകൾ, ഇതൊക്കെയാണ് ഫിലാഡൽഫിയയെ പരിചയപ്പെടുത്താനുള്ള അടയാളങ്ങൾ.

## അമേരിക്കയും ലഹരിഉൽപ്പന്നങ്ങളും

പോലീസിന് നിയന്ത്രിക്കാൻ കഴിയാത്ത ഒരു കുഞ്ഞുനഗരം അമേരിക്കയിലുണ്ടെന്നു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? അതേ! വിശ്വസിച്ചേ പറ്റൂ. അങ്ങനെയൊരു നഗരമാണ് ഫിലാഡൽഫിയയിലെ കെൻസിംഗ്ടൺ. വർഷങ്ങളായി ശ്രമിച്ചിട്ടും ഈ കുഞ്ഞുനഗരത്തെ മാറ്റിയെടുക്കാൻ പോലിസിനോ മറ്റു നിയമസംവിധാനങ്ങൾക്കോ കഴിഞ്ഞിട്ടില്ല. ഈ മേഖലയിൽ അത്രമേൽ ലഹരി പടർന്നുകഴിഞ്ഞു. വ്യക്തി സ്വാതന്ത്ര്യത്തിനു പേരു കേട്ട ഒരു നാട്ടിൽ ഇവരെ പിന്തിരിപ്പിക്കുക പ്രയാസമാണ്.

കാരണം, ലഹരി വിരുദ്ധതയ്ക്കെതിരെയും ഇവിടെ സമരം നടക്കുന്നുണ്ട്. അമേരിക്കൻ സിവിൽ ലിബർട്ടി യൂണിയൻ (ACLU) നിരന്തരം വാദിച്ചുകൊണ്ടിരിക്കുന്നത് ലഹരി നിയന്ത്രണവും നിരോധനവുമൊക്കെ എടുത്തുകളയണമെന്നാണ്. ലഹരിക്കെതിരായ നിയമങ്ങൾ, ഭരണഘടന ഉറപ്പുനൽകുന്ന വ്യക്തിസ്വാതന്ത്ര്യത്തിന്റെയും മൗലികാവകാശത്തിന്റെയും ലംഘനമാണെന്ന് ഇവർ പറയുന്നു.

ആൽക്കഹോൾ നിരോധം നീക്കി, നിയന്ത്രിത വിതരണം സാധ്യമാക്കിയതു പോലെ മരിജ്വാന, കൊക്കെയ്ൻ തുടങ്ങിയവയ്ക്കും നിയന്ത്രിത വിതരണ സംവിധാനങ്ങൾ ആകാമല്ലോ എന്നാണ് ഇവരുടെ പക്ഷം. ലഹരിപോലെ മാരകമാണ് ലഹരിനിരോധവുമെന്ന് മുതിർന്ന ഡോക്ടർമാരും സർക്കാർജീവനക്കാരും പത്രക്കാരും സാമ്പത്തിക വിദഗ്ധരുമെല്ലാം കൂട്ടമായി പറയുന്നിടത്ത് ലഹരി വ്യാപകമാകുന്നതിൽ തെറ്റ് പറയാനാവില്ല. ലഹരിക്കുവേണ്ടി സമരം ചെയ്യുന്നവർ ഇല്ലാതിരുന്നിട്ടും നമ്മുടെ നാട്ടിലും ലഹരി യഥേഷ്ടം ഒഴുകുന്നുണ്ടല്ലോ.

സർക്കാരുകൾക്കും സോംബി തെരുവുകളുടെ നിർമാണത്തിൽ ചെറുതല്ലാത്ത പങ്കുണ്ടെന്നാണ് പുതിയ വാർത്തകൾ സൂചിപ്പിക്കുന്നത്. അമേരിക്കയിൽ കഞ്ചാവു

**അമേരിക്കയിൽ കഞ്ചാവുമായി ബന്ധപ്പെട്ട ഫെഡറൽനിയന്ത്രണങ്ങളിൽ ഇളവ് വരുത്താൻ ആലോചിക്കുന്നുവെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഈ ഡിസംബറിലാണ് പറഞ്ഞത്. കൂടെ, കഞ്ചാവിനെ കുറഞ്ഞ അപകടസാധ്യതയുള്ള ലഹരിവസ്തുവായി പുനർവർഗീകരിക്കുന്നത് പരിഗണനയിലുണ്ടെന്നും ട്രംപ് പറഞ്ഞുവെക്കുന്നു. ഒരു ലക്ഷത്തിആറായിരം പേർ 2021ൽ മാത്രം ഡ്രഗ് ഓവർഡോസ് കാരണമായി മരണപ്പെടുകയുണ്ടായി. ഇതിൽ അനാവശ്യമായി മരുന്നു കുറിച്ചുനൽകുന്ന ഡോക്ടർമാരും ഉത്തരവാദികളാണ്.**

മായി ബന്ധപ്പെട്ട ഫെഡറൽനിയന്ത്രണങ്ങളിൽ ഇളവ് വരുത്താൻ ആലോചിക്കുന്നുവെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഈ ഡിസംബറിലാണ് പറഞ്ഞത്. കൂടെ, കഞ്ചാവിനെ കുറഞ്ഞ അപകടസാധ്യതയുള്ള ലഹരിവസ്തുവായി പുനർവർഗീകരിക്കുന്നത് പരിഗണനയിലുണ്ടെന്നും ട്രംപ് പറഞ്ഞുവെക്കുന്നു. ഒരു ലക്ഷത്തിആറായിരം പേർ 2021ൽ മാത്രം ഡ്രഗ് ഓവർഡോസ് കാരണമായി മരണപ്പെടുകയുണ്ടായി. ഇതിൽ അനാവശ്യമായി മരുന്നു കുറിച്ചുനൽകുന്ന ഡോക്ടർമാരും ഉത്തരവാദികളാണ്. കാരണം പല മയക്കുമരുന്നുകളിലും മെഡിക്കൽ ആവശ്യങ്ങൾക്കു വേണ്ടി മാത്രം നിയന്ത്രണത്തിൽ ഇളവ് ചെയ്തുവരുന്നവയുണ്ട്. ഈ ആനുകൂല്യത്തിന്റെ മറ പറ്റിയാണ് പല മയക്കുമരുന്നു മാഫിയകളും തഴച്ചുവളരുന്നത്.

അമേരിക്കയിലെ സാമ്പത്തിക അസമത്വവും ഈ ലഹരിബാധയിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്. ഒരു കാലത്ത് നിരവധി വ്യവസായങ്ങൾ നില നിന്നിരുന്ന ഫിലാഡൽഫിയയിൽ നിന്ന് നിർമാണ കമ്പനികൾ പിൻവാങ്ങിയതോടെ അവിടെയുള്ള തൊഴിലാളിവർഗ്ഗം അതിദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തി. തൊഴിലില്ലായ്മ, ദാരിദ്ര്യം, കുടുംബത്തകർച്ച, മാനസികാരോഗ്യസംരക്ഷണത്തിന്റെ അഭാവം, ആരോഗ്യസംവിധാനങ്ങളുടെ പരാജയം ഇവയെല്ലാം ചേർന്നാണ് ഈ സാമൂഹിക പ്രതിസന്ധി രൂപപ്പെട്ടത്. പലരും കടുത്ത മാനസികവേദനകളിൽ നിന്നുള്ള രക്ഷക്കായി ലഹരിയെ തിരഞ്ഞെടുത്തെങ്കിലും, അതവരെ കൂടുതൽ ഇരുട്ടിലേക്കാണ് നയിച്ചത്. പിന്നീടവിടെ മയക്കുമരുന്നു സംഘങ്ങളുടെ താവളമായി മാറുകയായിരുന്നു. സിന്തറ്റിക് മരുന്നുകളിലേക്ക് ചുവടു മാറ്റിയതോടെയാണ് സ്ഥിതിഗതികൾ മാറിമറിഞ്ഞത്. കെട്ടുറപ്പില്ലാത്ത കുടുംബബന്ധങ്ങളും സാമൂഹ്യവ്യവസ്ഥകളും ഈ അവസ്ഥക്ക് ആക്കം കൂട്ടി. വീടില്ലാതെ അലഞ്ഞുതിരിയുന്നവരുടെയും വീട്ടിൽ നിന്ന് പുറത്താക്കപ്പെട്ടവരുടെയും ആത്മഹത്യക്കു പകരം സോംബി ആയി മരിക്കാൻ ഇഷ്ടപ്പെടുന്നവരുടെയും സ്വൈരവിഹാര കേന്ദ്രമായി കെൻസിംഗ്ടൺ മാറി.

## ധാർമിക സമൂഹത്തിന്റെ അഭാവം

ചരിത്രപരമായി മതം വഹിച്ചിരുന്ന സാമൂഹിക പങ്ക് എന്ന നിലയിലാണ് ഈയൊരു വിലയിരുത്തലിനെ കാണേണ്ടത്. ആരാധനാലയങ്ങൾ പ്രാർത്ഥനക്കുള്ള സ്ഥലങ്ങൾ മാത്രമായിരുന്നില്ല; അവിടെയായിരുന്നു മനുഷ്യരെ കേൾക്കപ്പെട്ടതും ശ്രദ്ധിക്കപ്പെട്ടതും, വഴിതെറ്റുന്നതിന് മുമ്പ് പിടിച്ചു നിർത്തപ്പെട്ടതും. സമൂഹത്തിൽ നിന്ന് ഒറ്റപ്പെടലിലേക്കുള്ള യാത്ര കാരണം പാശ്ചാത്യനഗരങ്ങളിൽ മതം ക്രമേണ പൊതുജീവിതത്തിൽ നിന്ന് പിന്മാറി. വിശ്വാസം സ്വകാര്യമായി; സമൂഹത്തിൽ അതിന്റെ ഇടപെടൽ അനാവശ്യമായി. ഫലമായി ഉണ്ടായത് മതനിരപേക്ഷത മാത്രമല്ല, മനുഷ്യരുടെ ഒറ്റപ്പെടലാണ്. കെൻസിംഗ്ടൺ പോലുള്ള പ്രദേശങ്ങളിൽ ഇത് വ്യക്തമായി അനുഭവപ്പെടും. ചികിത്സാകേന്ദ്രങ്ങളും ഷെൽട്ടറുകളും പൊലീസും അവിടെയുണ്ട്. ധാർമിക ചിന്തകൾ അവിടെയില്ല. ഒറ്റപ്പെടലിന്റെ മണ്ണിലാണ് ലഹരി തഴച്ചുവളരുന്നത്. ഒരിക്കൽ മതം നൽകിയിരുന്ന ആശ്വാസവും രക്ഷയും അർത്ഥവും അവർക്കു നഷ്ടമായിരിക്കുന്നു. മതം പിന്മാറുമ്പോൾ ശൂന്യത നിറയാതെ നിൽക്കില്ല. സോംബിസിറ്റികളിൽ ആ ശൂന്യത നിറക്കുന്നത് ഫെന്റനിൽപോലുള്ള ലഹരികളാണ്.

സോംബിസിറ്റികൾ ലഹരി പ്രതിസന്ധികൾ മാത്രമല്ല; അവ സാംസ്കാരിക രോഗലക്ഷണങ്ങളാണ്. സമൂഹം ദൈവത്തെ ഒഴിവാക്കിയശേഷം, മനുഷ്യന്റെ നിരാശ കൈകാര്യം ചെയ്യാൻ യാതൊന്നും പകരം വയ്ക്കാതിരുന്നാൽ എന്ത് സംഭവിക്കുമെന്ന ചോദ്യമാണവ ഉന്നയിക്കുന്നത്. ഫിലാഡൽഫിയയിലെ സോംബിതെരുവുകൾ അമേരിക്കയുടെ മാത്രം കഥയല്ല. സാമ്പത്തിക സമ്മർദ്ദവും ധാർമികശൂന്യതയും കൂടിച്ചേരുന്ന ഏത് സമൂഹത്തിനും ഇത് മുന്നറിയിപ്പാണ്. വിശ്വാസം പൂർണമായി ഒഴിഞ്ഞു പോകുന്നിടത്ത് മറ്റെന്തെങ്കിലും വന്നടിയും. അത് മനുഷ്യന് ഗുണകരമാവണമെന്നില്ല. തിന്മയെ തിന്മകൊണ്ട് നേരിടാനാകില്ല. ലഹരി ഉപയോഗം കുറയ്ക്കാൻ മദ്യശാലകൾ തുറക്കുന്നതും ബലാത്സംഗം കുറയാൻ വേശ്യാലയങ്ങൾ തുറക്കുന്നതും പരിഹാരമല്ല. മനുഷ്യനെ മനുഷ്യനായി നിലനിർത്തുന്ന സാമൂഹികബോധവും കരുണയും ഉത്തരവാദിത്വവുമാണ് യഥാർത്ഥ പ്രതിവിധി.

ചരിത്രാഖ്യായിക/മൈമൂന (റ) - 9

**മുഹമ്മദ് പാറന്നൂർ**

# റസൂലിന്റെ മണിയറയിലേക്ക്



അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹവും ഔദാര്യവും തന്നെ! സഹോദരീഭർത്താവ് അബ്ബാസിന്റെ അഭ്യർത്ഥനയും ജഅ്ഫറിന്റെ അന്വേഷണവും കഴിഞ്ഞ അന്നു തന്നെ ഈ ബർറയുടെ സ്വപ്നങ്ങൾ പൂവണിഞ്ഞു. റസൂലുല്ലാഹി ഈ അബലയെ സ്വീകരിച്ചു. അബ്ബാസ് തന്നെയാണ് വിവാഹം ചെയ്തുകൊടുത്തത്. എല്ലാ നിലയ്ക്കും ഉത്തരവാദിത്തപ്പെട്ട രക്ഷിതാവാണല്ലോ അദ്ദേഹം. 500 ദിർഹമാണ് അവിടുന്ന് മഹ്റായി സമ്മാനിച്ചത്.

അതിരില്ലാത്ത സന്തോഷത്തിന്റെ നിമിഷങ്ങളാണ്. അല്ലാഹുവിന് സ്തുതിഗീതങ്ങൾ അർപ്പിച്ചുകൊണ്ട് നിമിഷങ്ങൾ തള്ളിനീക്കി. ഇനി എന്തൊക്കെയാണ് സംഭവിക്കുക? റസൂലുല്ലാഹി ഇങ്ങോട്ട് വരുമോ, അതോ ബർറയെ അങ്ങോട്ട് കൊണ്ടുപോകുമോ? അവിടുത്തോടൊപ്പം മദീനയിലേക്ക് കൊണ്ടുപോകില്ലേ? ഈ അബലയ്ക്ക് ആ പത്നീപദത്തിലിരുന്ന് ഭാര്യയുടെ ധർമ്മം നിറവേറ്റാൻ കരുത്ത് നൽകണേ എന്ന പ്രാർത്ഥനയിലാണെപ്പോഴും.

അതിനിടെയാണ് വേദനയും ആശങ്കയുമുണ്ടാക്കിയ ആ വാർത്തയെത്തിയത്. റസൂലുല്ലാഹിക്കും അനുയായികൾക്കും മക്കയിൽ താമസിക്കാൻ ഖുറൈശികൾ അനുവദിച്ച സമയം കഴിഞ്ഞിരിക്കുന്നു. പുലരും മുമ്പ് മക്ക വിടണമെന്ന് ഖുറൈശികൾ അന്ത്യശാസനം നൽകിയിരിക്കുന്നുവത്രെ! അബ്ബാസ് വിഷമത്തോടെ വീട്ടിലെത്തിയപ്പോഴാണ് കാര്യങ്ങൾ വിശദമായറിഞ്ഞത്.

**അതിരില്ലാത്ത സന്തോഷത്തിന്റെ നിമിഷങ്ങളാണ്. അല്ലാഹുവിന് സ്തുതിഗീതങ്ങൾ അർപ്പിച്ചുകൊണ്ട് നിമിഷങ്ങൾ തള്ളിനീക്കി. ഇനി എന്തൊക്കെയാണ് സംഭവിക്കുക? റസൂലുല്ലാഹി ഇങ്ങോട്ട് വരുമോ, അതോ ബർറയെ അങ്ങോട്ട് കൊണ്ടുപോകുമോ? അവിടുത്തോടൊപ്പം മദീനയിലേക്ക് കൊണ്ടുപോകില്ലേ?**

റസൂലുല്ലാഹിയുടെ ദൂതന്മാർ വന്നു പറഞ്ഞിട്ട് ഖുറൈശി നേതാക്കൾ കനിഞ്ഞില്ല. സുഹൈലും ഹുവൈത്തിബും അപ്പോൾ തന്നെ മലമുകളിൽ നിന്നിറങ്ങി റസൂലുല്ലാഹിയുടെ അടുത്തെത്തി പറഞ്ഞുവത്രെ: ‘മുഹമ്മദേ, നീയും നിന്റെ അനുയായികളും ഉടൻ തന്നെ മക്ക വിട്ടു പോകണം. കരാർ പ്രകാരം അനുവദിച്ച സമയം കഴിഞ്ഞിരിക്കുന്നു.’

അപ്പോൾ റസൂലുല്ലാഹി അവരോടഭ്യർത്ഥിച്ചുപോലും: ‘അല്

പസമയം കൂടി ഞങ്ങളെ ഇവിടെ കഴിയാൻ അനുവദിക്കണം. അബ്ബാസിന്റെ ഭാര്യാസഹോദരി ബർറയെ ഞാനിപ്പോൾ വിവാഹം കഴിച്ചിരിക്കുകയാണ്. വിവാഹവിരുന്നിന്റെ ഭാഗമായി നിങ്ങൾക്കെല്ലാവർക്കും നല്ലൊരു സദ്യ നൽകാൻ താല്പര്യമുണ്ട്. ആ സന്തോഷത്തിൽ നിങ്ങൾക്കും പങ്കുചേർന്നുകൂടേ?'

എങ്ങനെ സഹിക്കും ഖുറൈശികൾക്ക് ഈ വാർത്ത! ഖുറൈശീകുടുംബത്തിലെ ഒരു പ്രമുഖ അംഗത്തെക്കൂടി അടർത്തിക്കൊണ്ടു പോവുകയല്ലേ? അതുവഴി ഇനി എന്തെല്ലാമാണ് സംഭവിക്കുക? അവർ പെട്ടെന്നു തന്നെ പ്രതികരിച്ചുവത്രെ: 'വേണ്ട, നിന്റെ വിരുന്നൊന്നും ഞങ്ങൾക്കുവേണ്ട. ഞങ്ങൾക്കതിന്റെ ആവശ്യമില്ല. ഉടൻതന്നെ നീയും സംഘവും സ്ഥലം വിടണം. നേരത്തെ ഉണ്ടാക്കിയ കരാർ അനുസരിച്ച് ദൈവത്തെയോർത്ത് അനുവദിച്ചതാണ് ഇത്രയും സമയം. ഇനിയൊരു നിമിഷം കൂടി ഇവിടെ നിൽക്കാതെ പോയ്ക്കൊള്ളണം.'

കടുത്ത വാക്കുകളാണ്. റസൂലുല്ലാഹിക്കു വേണമെങ്കിൽ അതേ സ്വരത്തിൽ പ്രതികരിക്കാം. കൂടെ വമ്പിച്ചൊരു ജനാവലിയുണ്ടല്ലോ, എന്തിനും തയ്യാറായി. ഖുറൈശീനേതാക്കളുടെ കടുത്ത വാക്കുകൾ കേട്ട് തിരുസന്നിധിയിൽ ഉണ്ടായിരുന്ന പലരും എരിപൊരി കൊള്ളുന്നുണ്ട്; കടുത്ത വാക്കിൽ തിരിച്ചടി നൽകാൻ. റസൂലുല്ലാഹിയുടെ മുമ്പിൽ അതിരു വിട്ടു പെരുമാറിപ്പോകാതിരിക്കാൻ സ്വയം പിടിച്ചുനിർത്തുകയാണവർ. അവരെ തണുപ്പിച്ചുകൊണ്ട് റസൂലുല്ലാഹി പറഞ്ഞു: 'ക്ഷമിക്കുക, നമ്മുടെ താവളത്തിൽ വന്നവരോട് മോശമായൊന്നും പറയേണ്ട.'

റസൂലുല്ലാഹിയിൽ നിന്നും അനുയായികളിൽ നിന്നും മോശമായ ഒരു സമീപനവും ഉണ്ടാവില്ലെന്ന ഉറപ്പുണ്ടായതുകൊണ്ടാണല്ലോ സുഹൈലും കൂട്ടുകാരനും ഇത്ര ധൈര്യത്തിൽ അങ്ങോട്ടു കടന്നുചെന്നത്. അവരുടെ വാക്കുകൾ മാനിച്ചുകൊണ്ട് റസൂലുല്ലാഹി അനുയായികൾക്ക് കൽപ്പന

**ഇനിയെന്ത് എന്ന് ആലോചിച്ചു നിൽക്കുമ്പോഴാണ് റസൂലുല്ലാഹിയുടെ പരിചാരകനായ അബൂറാഫിഅ് വീട്ടിലേക്കു വന്നത്. റസൂലുല്ലാഹി പറഞ്ഞയച്ചതാണ് അദ്ദേഹത്തെ; ബർറയെയും കൂട്ടി ഉടൻതന്നെ യാത്രാസംഘത്തെ അനുഗമിക്കാൻ. പിന്നെ തിരക്കായിരുന്നു; അധികസമയമില്ലല്ലോ ഒരുങ്ങിപ്പുറപ്പെടാൻ. ഏതായാലും പോകേണ്ടിവരും എന്ന തീരുമാനത്തിൽ ചില ഒരുക്കങ്ങളൊക്കെ നടത്തിയതു ഭാഗ്യം. അത്യാവശ്യം വേണ്ടതെല്ലാം എടുത്ത് ഉടൻതന്നെ പുറപ്പെട്ടു.**



കൊടുക്കുകയും ചെയ്തുവത്രെ; നേരം പുലരുമ്പോഴേക്കും എല്ലാവരും മക്കാപട്ടണം വിട്ടുപോകണമെന്ന്.

ഇനിയെന്ത് എന്ന് ആലോചിച്ചു നിൽക്കുമ്പോഴാണ് റസൂലുല്ലാഹിയുടെ പരിചാരകനായ അബൂറാഫിഅ് വീട്ടിലേക്കു വന്നത്. റസൂലുല്ലാഹി പറഞ്ഞയച്ചതാണ് അദ്ദേഹത്തെ; ബർറയെയും കൂട്ടി ഉടൻതന്നെ യാത്രാസംഘത്തെ അനുഗമിക്കാൻ.

പിന്നെ തിരക്കായിരുന്നു; അധികസമയമില്ലല്ലോ ഒരുങ്ങിപ്പുറപ്പെടാൻ. ഏതായാലും പോകേണ്ടിവരും എന്ന തീരുമാനത്തിൽ ചില ഒരുക്കങ്ങളൊക്കെ നടത്തിയതു ഭാഗ്യം. അത്യാവശ്യം വേണ്ടതെല്ലാം എടുത്ത് ഉടൻതന്നെ പുറപ്പെട്ടു. അതൊരു വല്ലാത്ത യാത്ര തന്നെയായിരുന്നു. ഉടപ്പിറ



പ്പുകളുടെ കൂട്ടത്തിൽ നിന്നു പിരിഞ്ഞുപോവുകയാണ്. അങ്ങകലെ മദീനയിലേക്ക്; വേരുകൾ പറിച്ചെടുത്തുകൊണ്ട്. ഭർത്താവിന്റെ മരണശേഷം ഏറെക്കാലമായി സഹോദരി ഉമ്മുൽഫള്ലിനൊപ്പമാണല്ലോ താമസം. മനസ്സറിഞ്ഞ സാഹോദര്യബന്ധമാണ് തമ്മിൽ. അതുകൊണ്ടാണല്ലോ ഈ സൗഭാഗ്യത്തിന്റെ കവാടങ്ങൾ തുറന്നു കിട്ടിയത്. ഇപ്പോൾ ആ സഹോദരിയെ പിരിഞ്ഞുപോവുകയാണ്. റസൂലുല്ലാഹിയോടൊപ്പമുള്ള ജീവിതത്തിനു വേണ്ടിയാണ് ഈ വേർപാട്. എന്നാലും നൊമ്പരമുണ്ടാവാതിരിക്കില്ലല്ലോ; ഒരു ഭാഗത്ത് സന്തോഷവും മറുഭാഗത്ത് വേദനയും. ചിരിക്കണമോ കരയണമോ എന്നറിയാതെ പോയ നിമിഷങ്ങൾ!

റസൂലുല്ലാഹിയും കൂട്ടുകാരനും പുറപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അവരോടൊപ്പം ചേരണം; എന്നാലേ യാത്ര സുരക്ഷിതമാകൂ. അബൂറാഫിഅ് ഒട്ടകത്തെ അതിവേഗം മുന്നോട്ടു നയിക്കുന്നുണ്ട്. എന്നാലും വേഗത പോരാ എന്നാണ് മനസ്സ് പറയുന്നത്. മനസ്സ് തിരുസന്നിധിയിലേക്ക് കുതിച്ചുചാടുകയാണ്.

മക്കയിൽ നിന്ന് പുറപ്പെട്ട് പത്തു നാഴിക അകലെ തൻഈമിനടുത്തുള്ള സറഫ് എന്ന സ്ഥലത്താണ് പിന്നെ തങ്ങിയത്: അബൂറാഫിഅ് കൽപ്പന പ്രകാരം ഒട്ടകത്തെ തിരുസന്നിധിയിലേക്ക് നയിച്ചു. ചങ്കിടിപ്പേറുകയാണ്. തിരുദൂതരുടെ സന്നിധിയിലേക്ക്, അവിടുത്തെ ജീവിതത്തിലേക്കാണല്ലോ നയിക്കപ്പെടുന്നത്! കാലങ്ങളായി മനസ്സിൽ കൊണ്ടുനടക്കുന്ന അദമ്യമായ മോഹമാണ്. എന്നാലും ആ നിമിഷത്തോടടുക്കുമ്പോൾ വല്ലാത്തൊരാശങ്ക; ഈ ബർറ ആ മഹദ്പദവിക്കനുയോജ്യയാണോ?

റസൂലുല്ലാഹിയുടെ മണിയറയിലേക്കാണ് പോകുന്നത്. അലങ്കാരങ്ങൾ ഒന്നുമില്ല. മണവാട്ടിയെ ചമയിച്ചൊരുക്കിയിട്ടില്ല. സ്വാഗതഗാനാലാപനമില്ല. യാത്രക്കിടയിൽ ഒരുക്കിയ പരിമിതമായ സൗകര്യങ്ങളിലായി ആദ്യരാത്രി!

തിരുസന്നിധിയിലെത്തിയപ്പോഴാണ് ആശങ്കകളും പരിഭ്രമവുമകന്നത്. ഒരിക്കലും അത്തരം വികാരങ്ങൾക്ക് ഈ സന്നിധിയിൽ ഇടമില്ലല്ലോ! എത്ര ഹൃദ്യമാണ് അവിടുത്തെ സമീപനം! എത്ര മധുരമാണാ വാക്കുകൾ, എത്ര ആശ്വാസദായകമാണാ സ്പർശനങ്ങൾ! എത്ര മാന്യവും പക്വതയാർന്നതുമാണ് ആ ചലനങ്ങൾ! ആ പുഞ്ചിരി ഒന്നു ദർശിച്ചാൽ മതിയല്ലോ ആത്മസായൂജ്യം നേടാൻ.

റസൂലുല്ലാഹി ഈ ബർറയെ ആദരവോടെ വരവേറ്റു. മധുരവാക്കുകൾ പറഞ്ഞു സ്വീകരിച്ചു. അതിനിടെ അവിടുന്ന് പറഞ്ഞു: 'നീ ഇനി ബർറയല്ല, മൈമൂനയാണ്. നിന്റെ പേര് ഞാൻ മൈമൂനയെന്നാക്കിയിരിക്കുന്നു.' (തുടരും)

**റസൂലുല്ലാഹിയുടെ മണിയറയിലേക്കാണ് പോകുന്നത്. അലങ്കാരങ്ങൾ ഒന്നുമില്ല. മണവാട്ടിയെ ചമയിച്ചൊരുക്കിയിട്ടില്ല. സ്വാഗതഗാനാലാപനമില്ല. യാത്രക്കിടയിൽ ഒരുക്കിയ പരിമിതമായ സൗകര്യങ്ങളിലായി ആദ്യരാത്രി!**

ചോദ്യോത്തരം/ ശാഫിഈ

ചെറുശ്ശോല അബ്ദുൽ ജലീൽ സഖാഫി

# പെരുന്നാൾ വെള്ളിയാഴ്ചയും ജുമുഅയും

***ചോദ്യം: 'വെള്ളിയാഴ്ച പെരുന്നാളായാൽ പെരുന്നാൾ നിസ്കാരം മതിയാകും; ജുമുഅ ആവശ്യമില്ല' എന്നു പറയുന്നത് ശരിയാണോ? നബി(സ)യുടെ കാലത്ത് വെള്ളിയാഴ്ച പെരുന്നാളായ സംഭവമുണ്ടായിട്ടുണ്ടോ? എങ്കിൽ അന്ന് നബി(സ) ജുമുഅ നിസ്കരിച്ചിട്ടുണ്ടോ? വിശദമായ മറുപടി പ്രതീക്ഷിക്കുന്നു.***

**ഉത്തരം:** റസൂലുല്ലാഹി(സ)യുടെ കാലത്ത് വെള്ളിയാഴ്ച പെരുന്നാളായിട്ടുണ്ട്. അന്ന് റസൂലുല്ലാഹി(സ) പെരുന്നാൾ നിസ്കാരവും ജുമുഅ നിസ്കാരവും നിർവ്വഹിച്ചിട്ടുമുണ്ട്. നുഅ്മാനുബ്നു ബശീർ(റ) പറയുന്നു. റസൂലുല്ലാഹി(സ) ജുമുഅ നിസ്കാരത്തിലും രണ്ട് പെരുന്നാൾ നിസ്കാരങ്ങളിലും സബ്ബിഹിസ്മയും ഹൽ അതാകയുമായിരുന്നു ഓതിയിരുന്നത്. പെരുന്നാളും ജുമുഅയും ഒരേ ദിവസമായാൽ പെരുന്നാൾ നിസ്കാരത്തിലും ജുമുഅ നിസ്കാരത്തിലും പ്രസ്തുത സൂറത്തുകൾ തന്നെ ഓതുമായിരുന്നു (സ്വഹീഹു മുസ്‌ലിം 878) വെള്ളിയാഴ്ച പെരുന്നാളായപ്പോൾ റസൂൽ(സ) പെരുന്നാൾ നിസ്കാരം നിർവ്വഹിച്ച് ജുമുഅ ഒഴിവാക്കുകയല്ല ചെയ്തിട്ടുള്ളതെന്നും അവിടുന്ന് ജുമുഅ നിസ്കാരം നിർവ്വഹിച്ചിട്ടുണ്ടെന്നും മേൽഹദീസിൽ നിന്ന് വ്യക്തമാണല്ലോ.

'വെള്ളിയാഴ്ച പെരുന്നാളായാൽ പെരുന്നാൾ നിസ്കാരം മതി; ജുമുഅ വേണ്ട' എന്നു പറയുന്നത് ശരിയല്ല. പെരുന്നാൾ നിസ്കാരം സുന്നത്തും ജുമുഅ നിസ്കാരം ഫർളുമാണ്. ഒരു നാട്ടിൽ ജുമുഅ സ്വഹീഹാവാനാവശ്യമായ നിശ്ചിത എണ്ണം മുസ്‌ലിംകളുണ്ടെങ്കിൽ അവർക്ക് ജുമുഅ നിർബന്ധവും അവരുടെ നാട്ടിൽ ജുമുഅ നടത്താതിരിക്കൽ ഹറാമുമാണ്. എന്നാൽ ഒരു നാട്ടിൽ ജുമുഅക്കാവശ്യമായ എണ്ണം മുസ്‌ലിംകളില്ല; എന്നാൽ, ജുമുഅയുള്ള നാട്ടിൽ നിന്ന് നിബന്ധനകൾക്കു വിധേയമായി ബാങ്ക് കേൾക്കും. എങ്കിൽ അവർ ജുമുഅയുള്ള നാട്ടിലേക്ക് ജുമുഅക്ക് പോകൽ നിർബന്ധമാണ്. വെള്ളിയാഴ്ച പെരുന്നാളായാൽ മേൽ പറഞ്ഞവിധം ജുമുഅക്കാവശ്യമായ ആളുകളില്ലാത്ത നാട്ടിലുള്ളവർ പെരുന്നാൾ നിസ്കാരത്തിന് ജുമുഅയുള്ള നാട്ടിൽ ഹാജറാവുകയും ജുമുഅയുടെ സമയം പ്രവേശിക്കുന്നതിനു മുമ്പ് അവർ അവരുടെ ഗ്രാമത്തിലേക്കു തന്നെ തിരിച്ചുപോവുകയും ചെയ്തിട്ടുണ്ടെങ്കിൽ അവർക്കു മാത്രം അന്ന് ജുമുഅക്ക് ഇളവുണ്ട്. പെരുന്നാൾനിസ്കാരം കഴിഞ്ഞ് ജുമുഅ കാത്തിരിക്കുകയോ പെരുന്നാൾ നിസ്കാരം കഴിഞ്ഞ് സ്വന്തം ഗ്രാമത്തിലേക്ക് തിരിച്ചുപോയവർ ജുമുഅയുള്ള നാട്ടിലേക്ക് വീണ്ടും വരികയോ ചെയ്യുന്നതിലുള്ള പ്രയാസം പരിഗണിച്ചാണ് ഈ ഇളവ്. അവർ സ്വന്തം നാട്ടിൽ ജുമുഅ ഇല്ലാത്തവരാണല്ലോ. പെരുന്നാളിൽ ജുമുഅ ഒഴിവാക്കുന്നതിൽ ഇളവുണ്ടെന്ന് സൂചിപ്പിക്കുന്ന ചില ഹദീസുകൾ സ്വന്തം നാട്ടിൽ ജുമുഅയില്ലാത്ത ഇത്തരം നാട്ടുകാരെക്കുറിച്ചാണ്. അവർ തന്നെ പെരുന്നാൾ നിസ്കാരം അവരുടെ ഗ്രാമത്തിൽ വെച്ചു തന്നെ നിർവ്വഹിച്ചതാണെങ്കിൽ ജുമുഅക്കു വേണ്ടി ജുമുഅയുള്ള നാട്ടിലേക്ക് പോകൽ നിർബന്ധവുമാണ്. നിഹായ 2-291, മുഗ്നി 1-539, തുഹ്ഫ 2-415 തുടങ്ങിയ ഗ്രന്ഥങ്ങളിലെല്ലാം ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട്.

അബൂഉബൈദ്(റ) പറയുന്നു: ഉസ്മാൻ(റ)വിനോടൊപ്പം ഞാൻ പെരുന്നാൾനിസ്കാരത്തിന് ഹാജറായി. അവർ നിസ്കാരശേഷം ഖുത്വുബ നിർവ്വഹിച്ചു. അദ്ദേഹം ഇപ്രകാരം പറഞ്ഞു: 'ഇന്ന് പെരുന്നാളും ജുമുഅയും ഒരുമിച്ചിരിക്കുന്നു. 'അഹ്‌ലുൽ അവാ

ലി'യിൽ നിന്ന് വന്നിട്ടുള്ളവരിൽ ജുമുഅ കാത്തിരിക്കാൻ താൽപ ര്യമുള്ളവർ കാത്തിരിക്കട്ടെ. മട ങ്ങിപ്പോകാൻ താൽപര്യമുള്ളവർ ക്ക് മടങ്ങിപ്പോകാവുന്നതാണ്.' (ബുഖാരി) വിദൂരസ്ഥലങ്ങളിൽ നിന്ന് വന്ന, ജുമുഅ നിർബന്ധ മില്ലാത്തവരാണ് 'അഹ്ലുൽ അവാലി' എന്നും അവർക്കാണ് ഈ അനുവാദമെന്നും ഹാഫിള് ഇബ്നുഹജർ അൽഅസ്ഖലാ നി(റ) വിശദീകരിച്ചിട്ടുണ്ട്. (ഫത് ഹുൽബാരി 12-549) ഉസ്മാൻ(റ) പ്രസ്തുത അനുവാദം പറഞ്ഞ ആ പെരുന്നാളിലും മദീനയിൽ ജുമുഅ നിർവ്വഹിച്ചിട്ടുണ്ടെന്ന് തന്നെയാണ് ഈ ഹദീസും അറിയിക്കുന്നത്. നബി(സ) യുടെ കാലത്ത് വെള്ളിയാഴ്ച പെരുന്നാളായപ്പോൾ അവിടുന്ന് ജുമുഅ നിസ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന ഹദീസ് നാം ഉദ്ധരിച്ചിട്ടുമുണ്ട്. ചുരുക്കത്തിൽ, വെള്ളിയാഴ്ച പെരുന്നാളാ യാലും ജുമുഅക്കാവശ്യമായ നിശ്ചിത എണ്ണം മുസ്‌ലിംകളുള്ള നാട്ടിലുള്ളവർക്ക് ജുമുഅ നിർബ ന്ധമാണ്. പെരുന്നാൾനിസ്കാരം സുന്നത്തും ജുമുഅ നിസ്കാരം ഫർളുമാണ്. ജുമുഅ നിർബന്ധ മുള്ളവർ പെരുന്നാൾ നിസ്കാരം കൊണ്ടു മതിയാക്കി ജുമുഅ ഒഴി വാക്കാൻ പറ്റില്ല.

***ചോദ്യം: പെരുന്നാൾ നിസ് കാരങ്ങൾ പള്ളികളിലല്ല; ഈദ്ഗാഹുകളിലും മൈതാന ങ്ങളിലും വെച്ച് നിർവ്വഹിക്കുക യാണ് വേണ്ടതെന്നും നബി(സ) മൈതാനിയിലാണ് പെരുന്നാൾ നിസ്കാരം നടത്തിയിട്ടുള്ളതെ ന്നും പറയുന്നത് ശരിയാണോ? നബി(സ) മൈതാനിയിലാണ് പെരുന്നാൾ നിസ്കാരം നടത്തി യിട്ടുള്ളതെങ്കിൽ അത് ഇത്തി ബാഅ് ചെയ്യുകയല്ലേ വേണ്ടത്?***

ഉത്തരം: പെരുന്നാൾ നിസ് കാരങ്ങൾ മസ്ജിദുകളിലല്ല; മൈതാനികളിലാണ് നിർവ്വഹി ക്കേണ്ടതെന്നു പറയുന്നത് ശരി യല്ല. പെരുന്നാൾ നിസ്കാരങ്ങൾ മസ്ജിദുകളിൽ നിർവ്വഹിക്കൽ തന്നെയാണ് ഏറ്റവും ഉത്തമം. റസൂൽ(സ) മദീനയിൽ പള്ളിക്ക്

> പെരുന്നാൾ നിസ്കാരങ്ങൾ മസ്ജിദുകളിൽ നിർവ്വഹിക്കൽ തന്നെയാണ് ഏറ്റവും ഉത്തമം. റസൂൽ(സ) മദീനയിൽ പള്ളിക്ക് പുറത്ത് മൈ താനിയിൽ പെരുന്നാൾ നിസ്കാരം നടത്തി യിട്ടുണ്ടെന്നത് ശരിയാണ്. പക്ഷേ, അത് പെരുന്നാൾ നിസ്കാരം മൈതാനിയിലാണ് നടത്തേണ്ടതെന്നതു കൊണ്ടല്ല. മറിച്ച്, സാധാ രണ നിസ്കാരങ്ങൾക്കില്ലാത്ത വിധം ധാരാ ളമാളുകൾ പെരുന്നാൾ നിസ്കാരത്തിനെ ത്തിയപ്പോൾ അവരെയെല്ലാം ഉൾകൊള്ളാൻ അന്നത്തെ മദീനപള്ളി വിശാലമല്ലാത്തതിനാ ലായിരുന്നു അങ്ങനെ ചെയ്തത്.

പുറത്ത് മൈതാനിയിൽ പെരു ന്നാൾ നിസ്കാരം നടത്തിയിട്ടു ണ്ടെന്നത് ശരിയാണ്. പക്ഷേ, അത് പെരുന്നാൾ നിസ്കാരം മൈതാനിയിലാണ് നടത്തേണ്ട തെന്നതു കൊണ്ടല്ല. മറിച്ച്, സാ ധാരണ നിസ്കാരങ്ങൾക്കില്ലാത്ത വിധം ധാരാളമാളുകൾ പെരു ന്നാൾ നിസ്കാരത്തിനെത്തിയ പ്പോൾ അവരെയെല്ലാം ഉൾകൊ ള്ളാൻ അന്നത്തെ മദീനപള്ളി വിശാലമല്ലാത്തതിനാലായിരുന്നു അങ്ങനെ ചെയ്തത്. റസൂലു ല്ലാഹി(സ)യുടെ കാലത്തും മക്കയിൽ മസ്ജിദുൽഹറാമിൽ തന്നെയാണ് പെരുന്നാൾ നിസ് കാരങ്ങൾ നടത്തിയിട്ടുള്ളതെ ന്നും അവിടെ മൈതാനിയിലേ ക്ക് മാറ്റിയിട്ടില്ലെന്നും ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. പെരുന്നാൾ നിസ്കാരങ്ങൾ മസ്ജിദിലല്ല; മൈതാനിയിലാണ് നടത്തേണ്ടത് എന്നതുകൊണ്ടാണ് മദീനയിൽ മൈതാനിയിലേക്കിറങ്ങിയതെ ങ്കിൽ, അത് ഇത്തിബാഅ് ചെയ്യ പ്പെടേണ്ടതാണെങ്കിൽ റസൂലുല്ലാ ഹി(സ)യുടെ കാലത്തും ഉത്തമ നൂറ്റാണ്ടുകളിലും സ്വഹാബികൾ ഉൾപ്പെടെയുള്ളവർ മക്കയിൽ അത് ഇത്തിബാഅ് ചെയ്യുമായി രുന്നല്ലോ.

ഇമാം നവവി(റ) എഴുതുന്നു: പെരുന്നാൾനിസ്കാരത്തിന് വരു ന്നവരുടെ വർദ്ധനവ് കാരണം അന്നത്തെ മദീനാപള്ളി എല്ലാ വർക്കും വിശാലമായിരുന്നില്ല. അതുകൊണ്ടാണ് പള്ളിക്കു പുറ ത്ത് നിസ്കാരം നിർവ്വഹിച്ചത്. (ശറഹുൽമുഹദ്ദബ് 5-5) ഹാഫി ള് ഇബ്നുഹജർ അൽഅസ്ഖ ലാനി(റ) പറയുന്നു: പള്ളിയിൽ സൗകര്യമില്ലാത്തതിനാലാണ് പള്ളിക്കു പുറത്ത് നിസ്കരിച്ച ത്. മസ്ജിദല്ലാത്ത മരുഭൂമിയിൽ നിസ്കരിക്കുന്നതിന് മഹത്വമുള്ള തുകൊണ്ടല്ല. പള്ളിയിൽ സ്ഥല സൗകര്യമുണ്ടെങ്കിൽ പള്ളിയിൽ നിസ്കരിക്കൽ തന്നെയാണ് ശ്രേ ഷ്ഠം. (ഫത്ഹുൽബാരി 2-522) റസൂലുല്ലാഹി(സ)യുടെ കാലം മുതൽ ഇന്നോളം മക്കയിൽ മസ് ജിദിലാണ് പെരുന്നാൾ നിസ് കാരം നടത്തിയിട്ടുള്ളത്. പള്ളി തന്നെയാണ് ഉത്തമം. (അൽഹാ വിൽകബീർ 2-486, മുഹദ്ദബ് - 5-5) പെരുന്നാൾനിസ്കാരം പള്ളിയിൽ നിർവ്വഹിക്കലാണ് ഉത്തമമെന്ന് ഇമാം നവവി(റ) എഴുതിയത് വിശദീകരിച്ചുകൊ ണ്ട് ഇമാം ഇബ്നുഹജർ(റ) പറയുന്നു: നബി(സ) പള്ളിക്കു പുറത്ത് നിസ്കരിച്ചുവെന്ന് പറഞ്ഞുകൊണ്ട് മൈതാനിയാ ണ് ഉത്തമം എന്ന് പറയുന്നത് തള്ളപ്പെടേണ്ടതാണ്. കാരണം, നബി(സ) പുറത്തിറങ്ങിയത് അന്നത്തെ മദീനാപള്ളി വളരെ ചെറുതായതിനാലായിരുന്നു.

(തുഹ്ഫ 3-47)

സ്നേഹതീരം

സൈറ അലി അരീക്കോട്

# ആതുരകാലത്തിന്റെ സ്മരണകളിലൂടെ

അതിവേഗതയിൽ സഞ്ചരിച്ചുകൊണ്ടിരുന്നൊരു ലോകം പെട്ടെന്ന് നിശ്ചലവും നിശ്ശബ്ദവുമായിപ്പോയൊരു കാലമായിരുന്നു കോവിഡ് കാലം. കണ്ണുകൾക്ക് കാണാൻ കഴിയാത്തത്ര സൂക്ഷ്മമായ ഒരു വൈറസിനു മുന്നിൽ, ലോകമാകെ പകച്ചുപോയ കാലം. എത്ര വലിയ സൈനികസഖ്യമുണ്ടായിട്ടും എത്ര മികച്ച സാങ്കേതിക വിദ്യകളുണ്ടായിട്ടും മനുഷ്യർക്ക് മതിയായ സംരക്ഷണം കിട്ടാതിരുന്നൊരു കാലം. നിത്യജീവിതത്തിന്റെ എല്ലാ മേഖലകളിലും കോവിഡിന്റെ ഭീഷണി പ്രതിഫലിച്ചു. പെട്ടിക്കടകൾ മുതൽ അന്താരാഷ്ട്ര വിമാനത്താവളങ്ങൾ വരെ അടഞ്ഞുകിടന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളും ഓഫീസുകളും ഓൺലൈനിലേക്ക് മാറി. നഗരങ്ങളും ഷോപ്പിംഗ്മാളുകളും ശൂന്യമായി. വാഹനങ്ങൾ മിക്കവാറും വിശ്രമത്തിലായി. പള്ളികളും മറ്റു ആരാധനാലയങ്ങളും ഒഴിഞ്ഞുകിടന്നു. മനുഷ്യർക്ക് അന്നു വരെ ചിന്തിക്കാൻ പോലും കഴിയാത്ത മറ്റൊരു ജീവിതത്തിലേക്ക് ആധുനികലോകം വഴി മാറി.

മനുഷ്യന് ജീവിക്കാൻ ഒരുപാട് ഘടകങ്ങളൊന്നും ആവശ്യമില്ലെന്ന് അന്ന് നാം തിരിച്ചറിഞ്ഞു. ലളിതമായ രീതിയിലും ജീവിതം മുന്നോട്ടുകൊണ്ടു പോകാമെന്ന് കൊറോണ നമ്മെ പഠിപ്പിച്ചുവെന്ന് പറയുന്നതാവും ശരി. വൃത്തിയും വെടിപ്പും അത്യന്താപേക്ഷിതമാണെന്ന് നാം തിരിച്ചറിഞ്ഞു. സോപ്പ് ഉപയോഗിച്ച് കൈ കഴുകുന്നതിലെ അനിവാതാര്യത നമ്മൾ മനസ്സിലാക്കി. അനാവശ്യമായ പല ആഘോഷങ്ങളും അമിത ചെലവുകളും ഇല്ലാതായി. അവനവന്റെ വീടിനോട് ചേർന്നിരിക്കുന്നതിൽ സന്തോഷം കണ്ടെത്തി. വീട്ടുകാർ തമ്മിലുള്ള ബന്ധം ശക്തിപ്പെട്ടു. കുടുംബത്തോടൊപ്പം ഒരുമിച്ചു ചെലവഴിക്കുന്ന നിമിഷങ്ങൾ നമുക്ക് പ്രിയപ്പെട്ടതായി. ചക്കക്കുരു കൊണ്ട് ജ്യൂസ് ഉണ്ടാക്കാമെന്നും കുക്കറിൽ കേക്ക് ചുടാമെന്നും നമ്മൾ പഠിച്ചു. ഇഞ്ചിയും മഞ്ഞളും കുരുമുളകും ചേർത്ത വിശിഷ്ട പാനീയം പ്രതിരോധശേഷി കൂട്ടാൻ വേണ്ടി ഉപയോഗിച്ചു. വീട്ടിലിരിക്കുന്നതിലെ ശാന്തത ആസ്വദിച്ചു. അത്യാവശ്യമായ ചടങ്ങുകൾ മാത്രം വലിയ ബഹളങ്ങളൊന്നുമില്ലാതെ നാം സംഘടിപ്പിച്ചു. അവശ്യവേളകളിൽ മനുഷ്യർ പരസ്പരം താങ്ങും തണലുമായി. അത്യാവശ്യമായ മരുന്നുകളും മറ്റും നാം പരസ്പരം കൈമാറി. വളരെ ലളിതമായിത്തന്നെ സന്തോഷം കണ്ടെത്താമെന്നും അകലം പാലിച്ചുകൊണ്ടു തന്നെ അടുപ്പം സൂക്ഷിക്കാമെന്നും പഠിച്ചു.

എന്നാൽ, കോവിഡ് കാലത്തിന് ദുഖത്തിന്റെ മറ്റൊരു മുഖം കൂടിയുണ്ടായിരുന്നു. അവിചാരിതമായി എത്രയെത്ര മുഖങ്ങളാണ് ഓർമയിലേക്ക് പോയ്മറഞ്ഞത്! കോവിഡ് കൊണ്ടുപോയ പ്രിയപ്പെട്ടവരുടെ ഓർമകളിൽ ഇന്നും വിങ്ങിപ്പിടയുന്നുണ്ട് മനുഷ്യർ. ആശുപത്രികളിലും കൊറന്റൈൻ കേന്ദ്രങ്ങളിലും പ്രിയപ്പെട്ടവരെ ഒരു നോക്ക് കാണാൻ പോലും കഴിയാതെ മരണപ്പെട്ടുപോയവർ നിരവധിയുണ്ടായിരുന്നല്ലോ! ഒരു നോക്ക് കാണാതെ, ഒന്ന് ചേർത്തുപിടിക്കാൻ പോലും കഴിയാതെ, മനുഷ്യർ അവരുടെ പ്രിയപ്പെട്ടവരുടെ വേർപാടിൽ

മനുഷ്യന് ജീവിക്കാൻ ഒരുപാട് ഘടകങ്ങളൊന്നും ആവശ്യമില്ലെന്ന് അന്ന് നാം തിരിച്ചറിഞ്ഞു. ലളിതമായ രീതിയിലും ജീവിതം മുന്നോട്ടുകൊണ്ടു പോകാമെന്ന് കൊറോണ നമ്മെ പഠിപ്പിച്ചുവെന്ന് പറയുന്നതാവും ശരി. വൃത്തിയും വെടിപ്പും അത്യന്താപേക്ഷിതമാണെന്ന് നാം തിരിച്ചറിഞ്ഞു. സോപ്പ് ഉപയോഗിച്ച് കൈ കഴുകുന്നതിലെ അനിവാതാര്യത നമ്മൾ മനസ്സിലാക്കി. അനാവശ്യമായ പല ആഘോഷങ്ങളും അമിത ചെലവുകളും ഇല്ലാതായി.



നിസ്സഹായരായിപ്പോയതായിരിക്കണം ആ കാലത്തിന്റ ഏറ്റവും വേദനിപ്പിച്ച ഓർമ്മ! ഇതുപോലെ മരണത്തെ ഇത്രയും അരികിലായി മനുഷ്യർ കണ്ടുകൊണ്ടിരുന്ന കാലം ലോകചരിത്രത്തിൽ തന്നെ വളരെ അപൂർവമാണ്.

കോവിഡ് കാലത്തെക്കുറിച്ച് ഓർക്കുമ്പോഴെല്ലാം പ്രിയ കൂട്ടുകാരി റംലയെക്കുറിച്ചുള്ള ഓർമകൾ മനസ്സിൽ തികട്ടിവരും. അവളുടെ വിവാഹം കഴിഞ്ഞ് കൂടുതൽ നാളായിട്ടുണ്ടായിരുന്നില്ല. പ്രവാസിയായ പ്രിയതമന്റെ സ്നേഹത്തിനുവേണ്ടി യാചിച്ചു നടക്കേണ്ട ഒരവസ്ഥയിലേക്ക് അവൾ മാറാൻ ഏറെക്കാലം വേണ്ടിവന്നില്ല. വീട്ടുകാരെ ഭയന്ന്, അവരുടെ കൈയിലെ കളിപ്പാവയായി മാറിയ ഭർത്താവ് അഫ്സലാവട്ടെ, റംലയെ ഒന്ന് വിളിച്ചുസംസാരിക്കാൻ പോലും സമയം കണ്ടെത്താറില്ലായിരുന്നു. അവൻ ദുബായിൽ മറ്റു ചില ബന്ധങ്ങളുമായി ജീവിതം ആസ്വദിച്ചുകൊണ്ടിരുന്നു. റംല അഫ്സലിനുവേണ്ടി പ്രാർത്ഥിച്ചും കിനാവ് കണ്ടും അവന്റെ വീട്ടിൽ ദിവസങ്ങൾ തള്ളിനീക്കി. അഫ്സലിന്റെ മാതാപിതാക്കൾ റംലയെ ഒരു ജോലിക്കാരിയെപ്പോലെ നോക്കിക്കണ്ടു. കുടുംബപരിപാടികളിൽ നിന്നും ആഘോഷങ്ങളിൽ നിന്നും റംലയെ മനപ്പൂർവ്വം ഒഴിവാക്കി. കടുത്ത നിയന്ത്രണങ്ങൾകൊണ്ട് അവർ റംലയെ ശ്വാസം മുട്ടിച്ചു. അഫ്സലുമായി ഫോണിൽ സംസാരിക്കാൻ പോലും അവർ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു.

അങ്ങനെയിരിക്കെയാണ് അഫ്സലിന്റെ പിതാവിന് കോവിഡ് സ്ഥിരീകരിച്ചത്. ഹോസ്പിറ്റലിൽ അഡ്മിറ്റായപ്പോൾ ആ വീട്ടിലുള്ളവരാരും അദ്ദേഹത്തെ പരിചരിക്കാൻ ആശുപത്രിയിൽ കൂട്ടുനിൽക്കാൻ തയ്യാറായില്ല. അഫ്സൽ വിളിച്ച് സംസാരിക്കേണ്ട താമസം റംല സന്തോഷത്തോടെ അതിനു തയ്യാറായി. അന്നവൾ മെസ്സേജ് ചെയ്തു: ‘സൈറാ, ഞാനിന്ന് വളരെയധികം ഹാപ്പിയാണ്. അഫ്സലിനോട് കുറച്ച് സംസാരിക്കാൻ പറ്റി. ഞാൻ ഇക്കയുടെ ഉപ്പാന്റടുത്തേക്ക് പോകുകയാണ്. അവിടെവെച്ച് കോവിഡ് വന്നു മരിച്ചാലും പ്രശ്നമില്ലെനിക്ക്. അഫ്സലിനു വേണ്ടിയല്ലേ....’ അതിനുവേണ്ടി അവർ റംലയെ ഉപയോഗിച്ചു എന്ന് വേണമെങ്കിൽ പറയാം.

അതുവരെ കിട്ടാത്ത പരിഗണനയും സ്നേഹവും എവിടെ നിന്നോ പെട്ടെന്ന് തനിക്കു കിട്ടിയതായി റംലക്ക് തോന്നി. അഫ്സലടക്കം നാല് മക്കളും തടിമിടുക്കുള്ള സഹോദങ്ങളുമുണ്ടായിട്ടും, അത്രയും നാൾ അവരുടെ അവഗണനയും പുച്ഛവും ഏറ്റുവാങ്ങിയ റംലയാണ് ആ സമയം പിതാവിന്റെ കൂടെയുണ്ടായിരുന്നത്. പണത്തിന്റെ പേരിൽ മറ്റു മക്കളുടെ ഭാര്യമാരുടെ മേന്മകൾ ഉയർത്തിക്കാണിച്ച ആ പിതാവിനരികിൽ നിൽക്കാനുള്ള ധൈര്യം കാണിച്ചത് റംലയായിരുന്നു. സുഖം പ്രാപിച്ച പിതാവിനെയും കൊണ്ട് റംല വീട്ടിലെത്തുന്നതുവരെമാത്രമേ വീട്ടുകാരുടെ ഈ അപൂർവ്വസ്നേഹത്തിന് ആയുസ്സുണ്ടായിരുന്നുള്ളൂ എന്നവൾ വിതുമ്പിപ്പറഞ്ഞപ്പോൾ ഉള്ള് നീറി നൊന്തു! ആത്മാർത്ഥമായ സ്നേഹവും സഹാനുഭൂതിയും ത്യാഗസന്നദ്ധതയുമെല്ലാം തിരിച്ചറിയാൻ കഴിഞ്ഞ കാലമായിരുന്നു കോവിഡ് കാലം.

ഈയിടെ, ഒരു സുഹൃത്ത്



**വർഷങ്ങൾ കടന്നുപോയി. ലോകം, അതിന്റെ തിരക്കുകളിലേക്ക് തുറക്കപ്പെട്ടു. നഗരങ്ങളും നിരത്തുകളും സജീവമായി. മാസ്കും സാനിറ്റൈസറും നിത്യജീവിതത്തിൽ നിന്ന് ഒഴിവാക്കപ്പെടുമ്പോലെ കോവിഡ് കൊണ്ടുവന്ന പാഠങ്ങളെ എങ്ങനെയാണ് അത്ര വേഗത്തിൽ മറന്നുകളയുക? ലാളിത്യത്തിന്റ സൗന്ദര്യമല്ലേ ആ കാലം പഠിപ്പിച്ചത്? കുടുംബബന്ധങ്ങളുടെ മൂല്യമല്ലേ നമുക്ക് ബോധ്യപ്പെടുത്തിത്തന്നത്? മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളുടെയും പരസ്പര സഹകരണത്തിന്റെയും നേർചിത്രമല്ലേ നമുക്ക് സമ്മാനിച്ചത്?**

കൂട്ടുകാരന്റെ ഉമ്മ കോവിഡ് ബാധിച്ചുമരണപ്പെട്ടതിന്റെ വേദനപ്പിക്കുന്ന ഒരോർമ്മ പങ്കുവെച്ചു. സ്വന്തം ഉമ്മയെപ്പോലെത്തന്നെയായിരുന്നു അവന് ആ ഉമ്മ. ഹോസ്പിറ്റലിലാണെന്നും വെന്റിലേറ്ററിലാണെന്നും അവൻ അറിഞ്ഞിരുന്നു. രക്ഷപ്പെടുമെന്ന് പ്രതീക്ഷയുണ്ടായിരുന്നു. പക്ഷേ, അധികം വൈകാതെ, അവർ മരണപ്പെട്ട വാർത്ത തേടി വന്നപ്പോൾ മാതൃസ്നേഹത്തിൽ പൊതിഞ്ഞ ആ കാരുണ്യസ്പർശം നഷ്ടമായതിന്റെ വേദനയിൽ ഇന്നും അവന്റെ വാക്കുകളിടറി. ആ ഉമ്മാക്ക് വേണ്ടി ഇന്നുമവൻ മനമുരുകി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു!

വീട്ടിലേക്ക് കോവിഡ് കടന്നുവന്നത് ഉപ്പാക്ക് ചെറിയൊരു പനിയുമായിട്ടാണ്. പിന്നീട് പനി കൂടി വിറയലായി. ഉപ്പ ഭക്ഷണമോ മരുന്നോ കഴിക്കാതായി. ഹോസ്പിറ്റലിൽ കൊണ്ടുപോയി. മറവിരോഗത്തിന്റെ മൂർദ്ധന്യാവസ്ഥയിലായിരുന്ന ഉപ്പയെ കൊറോണ ടെസ്റ്റ് ചെയ്യുന്നതിൽ നഴ്സുമാർ പരാജയപ്പെട്ടു. അങ്ങനെ, ഉപ്പയെ വീട്ടിൽവെച്ച് പരിചരിക്കാൻ ഡോക്ടർമാർ നിർദ്ദേശം നൽകി. ശരീരത്തിൽ ഓക്സിജന്റെ അളവ് കുറയുമ്പോഴാണ് വിറയൽ ഉണ്ടാവുന്നതെന്നും ശ്വാസതടസ്സം ഉണ്ടാവുന്നതെന്നും ഡോക്ടർ പറഞ്ഞു. ഓരോ രണ്ടു മണിക്കൂറിലും പാനീയങ്ങൾ നൽകാനും ഓക്സിമീറ്റർ ഉപയോഗിച്ച് ഓക്സിജൻ പരിശോധിക്കാനും ഡോക്ടർ നിർദ്ദേശിച്ചു. ഓക്സിജൻ നില 90 ൽ താഴെ വന്നാൽ ഉടനെ ഹോസ്പിറ്റലിലെത്തിക്കാനും ഡോക്ടർ പറഞ്ഞു. ഇക്കാക്കമാരൊന്നും നാട്ടിലില്ലായിരുന്നു. ഞാൻ ഉപ്പാന്റെ അരികിൽ നിലയുറപ്പിച്ചു. ഉറക്കം വന്നതേയില്ല. ഉപ്പയുറങ്ങുന്നതും നോക്കി ഞാനങ്ങനെ ഇരുന്നു. പാതിരാത്രി രണ്ടു മണിയും മൂന്നുമണിയുമെല്ലാം പകലെന്നപോലെ പരിചിതമായി. ഓരോ രണ്ടു മണിക്കൂറിലും ഓക്സിമീറ്റർ ഉപയോഗിച്ച് ഓക്സിജൻ നില പരിശോധിച്ചുകൊണ്ടിരുന്നു. ഇടയ്ക്കിടെ ഉപ്പാനെ തട്ടിയുണർത്തി കഞ്ഞിവെള്ളം സ്പൂൺ കൊണ്ട് കോരിനൽകി. ഒരു ചെറിയ കുഞ്ഞിനെപ്പോലെ ഉപ്പ കണ്ണ് തുറക്കാതെ അല്പാല്പമായി ആ വെള്ളം കുടിച്ചു.

രണ്ടു ദിവസം കഴിഞ്ഞ് ഹെൽത്തിൽ നിന്ന് ആളുകൾ വന്നു. ടെസ്റ്റ് ചെയ്തപ്പോൾ പോസിറ്റീവ്! എനിക്കോ ഉമ്മക്കോ ലക്ഷണങ്ങളൊന്നും പ്രകടമാകാത്തതിനാൽ ടെസ്റ്റ് ചെയ്തില്ല. ഉപ്പയെ വീട്ടിൽ തന്നെ തുടരാൻ അവർ അനുവദിച്ചു. മരുന്നുകളും ഭക്ഷണപാനീയങ്ങളുമായി ഉപ്പയെ സുഖം പ്രാപിക്കും വരെ പരിചരിക്കാൻ എന്നെ അല്ലാഹു അനുഗ്രഹിച്ചു.

അന്ന് നമ്മുടെയൊക്കെ ഫാമിലി വാട്ട്സാപ്പ് ഗ്രൂപ്പുകളിൽ, ചർച്ച ചെയ്യപ്പെട്ട കല്യാണവിശേഷങ്ങൾ ഓർമയിലുണ്ട്. അതിഗംഭീരമായ രീതിയിൽ നടത്താൻ ഉദ്ദേശിച്ചിരുന്ന പല കല്യാണങ്ങളും വളരെ ചുരുങ്ങിയ രീതിയിലേക്ക് ഒതുക്കുകയായിരുന്നു. പുതിയാപ്പിളയുടെ വീട്ടുകാരും പുതുപെണ്ണിന്റെ വീട്ടുകാരും ഖാളിയാരും മാത്രമായിരുന്നു അന്നത്തെ ചില

കല്യാണഫോട്ടോകളിൽ ഉണ്ടായിരുന്നത്. വിശേഷങ്ങൾ പങ്കുവെക്കാനും വീഡിയോകോളുകൾ ചെയ്യാനുമായി ഫാമിലിഗ്രൂപ്പുകൾ അന്നൊരുപാട് രൂപീകരിക്കപ്പെട്ടു. അനാവശ്യമായി നടത്തുന്ന ബർത്ഡേപാർട്ടികളും മറ്റു മാമൂലുകളും അക്കാലത്ത് തീർത്തും അപ്രത്യക്ഷമായിരുന്നു.

ഉമ്മയുടെ അനിയത്തിയുടെ മകളുടെ കല്യാണത്തിന് അവർ ക്ഷണിച്ചത് ഇങ്ങനെയായിരുന്നു: 'കുട്ടിയെ കൂട്ടിക്കൊണ്ടുപോകുന്നത് ഞായറാഴ്ച്ചയാണ്. എല്ലാവരും നമ്മുടെ കുട്ടികൾക്കു വേണ്ടി പ്രാർത്ഥിക്കുക.'

ഇങ്ങനെ വളരെ ചുരുങ്ങിയ രീതിയിൽ മനോഹരമാക്കാവുന്ന എത്രയെത്ര കല്യാണങ്ങളാണ് കടം വാങ്ങിയും പലിശക്കെടുത്തും നാം ആഢംബരമാക്കുന്നത്. 'എനിക്കിത്രയും മതി' എന്നു പറയാൻ ആരെയാണ് നമ്മൾ ഭയപ്പെടുന്നത്? സമൂഹത്തെ തൃപ്തിപ്പെടുത്താൻ വേണ്ടിയാണോ, നമ്മൾ ഈ ആഢംബരത്തിന്റെ പിറകെ പോകുന്നത്? കടം കൊണ്ട് വലയുന്ന മനുഷ്യനെ സഹായിക്കാൻ ഈ സമൂഹം കൂടെക്കാണുമോ? ആഢംബരത്തെക്കാൾ മൊഞ്ചില്ലേ ലാളിത്യത്തിന്?

വർഷങ്ങൾ കടന്നുപോയി. ലോകം, അതിന്റെ തിരക്കുകളിലേക്ക് തുറക്കപ്പെട്ടു. നഗരങ്ങളും നിരത്തുകളും സജീവമായി. മാസ്കും സാനിറ്റൈസറും നിത്യജീവിതത്തിൽ നിന്ന് ഒഴിവാക്കപ്പെടുമ്പോലെ കോവിഡ് കൊണ്ടുവന്ന പാഠങ്ങളെ എങ്ങനെയാണ് അത്ര വേഗത്തിൽ മറന്നുകളയാൻ പറ്റുക? ലാളിത്യത്തിന്റ സൗന്ദര്യമല്ലേ ആ കാലം പഠിപ്പിച്ചത്? കുടുംബബന്ധങ്ങളുടെ മൂല്യമല്ലേ നമുക്ക് ബോധ്യപ്പെടുത്തിത്തന്നത്? മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളുടെയും പരസ്പര സഹകരണത്തിന്റെയും നേർചിത്രമല്ലേ നമുക്ക് സമ്മാനിച്ചത്? കോവിഡ് എന്ന മഹാമാരി നമ്മെ ഭയപ്പെടുത്തുക മാത്രമല്ല, ഒന്നോർത്താൽ നമുക്കോരുരുത്തർക്കും അതൊരു ഉണർത്തു പാട്ടുകൂടിയായിരുന്നില്ലേ?

ആരോഗ്യം

# യൂറിക് ആസിഡ് നിയന്ത്രിക്കാൻ

ഇന്ന് യുവാക്കളിലും മുതിർന്നവരിലും കാണപ്പെടുന്ന പ്രധാന ജീവിതശൈലി രോഗങ്ങളിലൊന്നാണ് ശരീരത്തിൽ യൂറിക് ആസിഡിന്റെ അളവ് അമിതാകുന്ന അവസ്ഥ. യൂറിക് ആസിഡ് നിയന്ത്രിക്കാൻ 10 കാര്യങ്ങൾ ശ്രദ്ധിക്കാം:

1. ധാരാളം വെള്ളം കുടിക്കുക: ശരീരത്തിലെ വിഷാംശങ്ങളും അധികമുള്ള യൂറിക് ആസിഡും പുറന്തള്ളാൻ ദിവസവും കുറഞ്ഞത് 2.5 മുതൽ 3 ലിറ്റർ വരെ വെള്ളം കുടിക്കേണ്ടത് അത്യാവശ്യമാണ്.

2. റെഡ് മീറ്റ് ഒഴിവാക്കുക: പോത്തിറച്ചി, ആട്ടിറച്ചി തുടങ്ങിയ ചുവന്നമാംസങ്ങൾ യൂറിക്ആസിഡ് വർദ്ധിപ്പിക്കും. ഇവ ഭക്ഷണത്തിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുക.

3. മദ്യം, ലഹരി ഒഴിവാക്കുക: മദ്യം യൂറിക് ആസിഡ് നില പെട്ടെന്ന് വർദ്ധിപ്പിക്കാൻ കാരണമാകും. മദ്യപാനം പൂർണ്ണമായും ഒഴിവാക്കണം.

4. പഞ്ചസാരയും മധുരപാനീയങ്ങളും കുറയ്ക്കുക: ഫ്രക്ടോസ് അടങ്ങിയ മധുരപാനീയങ്ങൾ, സോഡ, പാക്കറ്റ് ജ്യൂസുകൾ എന്നിവ യൂറിക് ആസിഡ് കൂടാൻ കാരണമാകും.

5. ചെറിപഴങ്ങളും ബെറികളും: ചെറി, ബ്ലൂബെറി, ബ്ലാക്ക്ബെറി തുടങ്ങിയ പഴങ്ങൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് യൂറിക് ആസിഡ് കുറയ്ക്കാൻ സഹായിക്കും.

6. വിറ്റാമിൻ സി അടങ്ങിയ ഭക്ഷണങ്ങൾ: നാരങ്ങ, ഓറഞ്ച്, നെല്ലിക്ക തുടങ്ങിയ വിറ്റാമിൻ സി ധാരാളമുള്ള ഭക്ഷണങ്ങൾ യൂറിക് ആസിഡ് നിയന്ത്രിക്കാൻ നല്ലതാണ്.

7. പയർവർഗ്ഗങ്ങൾ നിയന്ത്രിക്കുക: പയർ, പരിപ്പ് വർഗ്ഗങ്ങളിൽ പ്യൂരിൻ കൂടുതലായതിനാൽ യൂറിക് ആസിഡ് കൂടുതലുള്ളവർ ഇവയുടെ ഉപയോഗം കുറയ്ക്കണം.

8. തൈര് ഒഴിവാക്കുക: യൂറിക് ആസിഡ് പ്രശ്നമുള്ളവർ പുളിച്ച തൈര് കഴിക്കുന്നത് സന്ധിവേദന വർദ്ധിപ്പിക്കാൻ കാരണമായേക്കാം.

9. ശരീരഭാരം നിയന്ത്രിക്കുക: അമിതഭാരം യൂറിക് ആസിഡ് വർദ്ധിപ്പിക്കാൻ കാരണമാകും. അതിനാൽ, കൃത്യമായ വ്യായാമത്തിലൂടെ ഭാരം നിയന്ത്രിക്കണം.

10. മത്സ്യങ്ങളുടെ ഉപയോഗം: ചൂര, അയില, മത്തി തുടങ്ങിയ ചില പ്രത്യേക മത്സ്യങ്ങളിൽ പ്യൂരിൻ കൂടുതലായതിനാൽ അവയുടെ ഉപയോഗത്തിലും ശ്രദ്ധ വേണം.

ലൈഫ്സ്റ്റൈൽ

ജാശിർ കുന്നളം

# കുട്ടികളുടെ വ്യക്തിത്വ വളർച്ച

കുട്ടികളുടെ വളർച്ച വൈജ്ഞാനിക സമ്പാദനത്തിൽ മാത്രം ഒതുങ്ങുന്നതല്ല; അവരുടെ മനസ്സിനെയും സ്വഭാവത്തെയും ജീവിതദർശനത്തെയും രൂപപ്പെടുത്തുന്ന ഒരു ദീർഘകാലപ്രക്രിയയാണത്. പാഠപുസ്തകങ്ങൾക്കപ്പുറം, താൻ അനുഭവിക്കുന്ന സ്നേഹവും പരിചരണവും മൂല്യങ്ങളും തന്നെയാണ് കുട്ടികളുടെ യഥാർത്ഥ വ്യക്തിത്വത്തെ നിർമിക്കുന്നത്. നേർവഴിയിൽ നയിക്കപ്പെടുന്ന മൂല്യങ്ങൾ കുട്ടിയെ നല്ലൊരു വ്യക്തിയാക്കി വളർത്തുന്നു. സമൂഹത്തിന്റെ ഭാവി കുട്ടികളുടെ കൈകളിലാണ്. അതിനാൽ, അവരുടെ വ്യക്തിത്വം പൂർണ്ണതയിലേക്കെത്തിക്കാൻ ആവശ്യമായ ഗുണങ്ങൾ ചെറുപ്പം മുതൽ തന്നെ വളർത്തേണ്ടത് അനിവാര്യമാണ്. അതിന്നുതകുന്ന ചില കാര്യങ്ങൾ വായിക്കാം.

## 1. ധീരത

'ഭയം തോന്നാത്തവനല്ല; ഭയത്തെ കീഴ്പ്പെടുത്തുന്നവനാണ് ധീരൻ.' ജോഹന്ന ബെയ്‌ലി

പരാജയഭീതിയെയും പരിഹാസങ്ങളെയും അവഗണിച്ച് സ്വന്തം നിലപാടുകളിൽ ഉറച്ചു നിൽക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നത് അവരുടെ മനസ്സിലുള്ള ധീരതയാണ്. മാതാപിതാക്കളും ചുറ്റുപാടുകളും നൽകുന്ന പിന്തുണയിലൂടെയാണ് കുട്ടികൾ ഈ ഗുണം ആർജ്ജിച്ചെടുക്കുന്നത്. എല്ലാ പ്രശ്നങ്ങളിലും മുതിർന്നവർ നേരിട്ട് ഇടപെടുന്നതിനുപകരം, പ്രതിസന്ധികളെ സ്വന്തം നിലയ്ക്ക് നേരിടാൻ കുട്ടികളെ അനുവദിക്കണം. ആത്മവിശ്വാസം വർദ്ധിക്കാനും പരാജയങ്ങളിൽ തളരാതെ വീണ്ടും പരിശ്രമിക്കാനുമുള്ള മനക്കരുത്ത് ഇതുവഴി കുട്ടികൾക്ക് ലഭിക്കും.

ധൈര്യമുള്ള കുട്ടിക്ക് അനാവശ്യ സമ്മർദ്ദങ്ങളെ അതിജീവിക്കാനും സ്വന്തം വ്യക്തിത്വം കാത്തുസൂക്ഷിക്കാനും എളുപ്പത്തിൽ സാധിക്കും. ഇത് കുട്ടികളുടെ ഏകാഗ്രത വർദ്ധിപ്പിക്കുകയും ജീവിതത്തിന്റെ എല്ലാ മേഖലകളിലും മികവു പുലർത്താൻ സഹായിക്കുകയും ചെയ്യുന്നു. എന്നാൽ ധീരത വെറും സാഹസികതയല്ലെന്നും ശരിയായ കാര്യങ്ങൾക്കായി നിലകൊള്ളാനുള്ള ആർജ്ജവമാണെന്നും കുട്ടികളെ പഠിപ്പിക്കണം.

## 2. സഹാനുഭൂതി

'ദയ നമ്മെ സ്വയം ഉയർത്തുന്നു.' എൽ എം ചൈൽഡ്

മറ്റുള്ളവരുടെ വികാരങ്ങളെയും വേദനകളെയും മനസ്സിലാക്കാനുള്ള മനോഭാവം കുട്ടികളെ നല്ല വ്യക്തിത്വത്തിന്റെ ഉടമകളാക്കാൻ സഹായിക്കുന്നു. സഹജീവികളോട് ആദരവോടെ പെരുമാറുന്ന കുട്ടികൾക്ക് സമൂഹവുമായി ആഴത്തിലുള്ള ബന്ധം



സ്ഥാപിക്കാനും ഭാവിയിൽ മികച്ച നേതൃപാടവം കാഴ്ചവെക്കാനും സാധിക്കുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഉപദേശങ്ങളിലുപരി, മാതാപിതാക്കളുടെയും മുതിർന്നവരുടെയും പ്രവൃത്തികൾ കണ്ടാണ് കുട്ടികൾ ഇത്തരം സദ്ഗുണങ്ങൾ പഠിക്കുന്നത്. അയൽക്കാരോടുള്ള പെരുമാറ്റം, മറ്റുള്ളവരെ സഹായിക്കാനുള്ള മനസ്സ്, തെറ്റു പറ്റിയാൽ ക്ഷമ ചോദിക്കാനുള്ള ആർജ്ജവം എന്നിവയിലൂടെ മുതിർന്നവർ അവർക്ക് മാതൃകയാകണം. വീട്ടിലെ ചെറിയ ജോലികളിൽ പങ്കുചേരുന്നതും വിഭവങ്ങൾ പങ്കുവെക്കുന്നതും വഴി മറ്റുള്ളവർക്ക് നൽകുന്നതിലെ സന്തോഷം അവർ തിരിച്ചറിയുന്നു. മുതിർന്നവർ ഇത്തരം സ്വഭാവഗുണങ്ങൾ സ്വന്തം ജീവിതത്തിൽ പകർത്തി അവർക്ക് വഴികാട്ടികളാവുകയാണ് വേണ്ടത്.

**മുതിർന്നവർ പലപ്പോഴും കുട്ടികളുടെ ചോദ്യങ്ങളെ തള്ളിക്കളയാറുണ്ട്. എന്നാൽ ഇത്തരം ജിജ്ഞാസകളെ പ്രോത്സാഹിപ്പിക്കുന്നത് അവരുടെ ആജീവനാന്ത പഠനശീലത്തിന് അടിത്തറ പാകുന്നു. അറിവിലെ വിടവുകൾ തിരിച്ചറിയുന്നിടത്താണ് യഥാർത്ഥത്തിൽ ജിജ്ഞാസ ജനിക്കുന്നത്. മാതാപിതാക്കളും അധ്യാപകരും ലളിതമായ ചോദ്യങ്ങളിലൂടെയോ അത്ഭുതകരമായ വസ്തുതകളിലൂടെയോ ഈ അന്വേഷണ തൃഷ്ണയെ ഉണർത്തണം.**



### 3. ജിജ്ഞാസ

കുട്ടികളിലെ ജിജ്ഞാസ ലോകത്തെക്കുറിച്ചുള്ള അറിവ് വർദ്ധിപ്പിക്കാനുള്ള കരുത്തുറ്റ ആയുധമാണ്. വിശപ്പിന് ഭക്ഷണമെന്നപോലെ അറിവിനായുള്ള വിശപ്പാണ് ജിജ്ഞാസ. 'എന്തുകൊണ്ട്', 'എങ്ങനെ' എന്നിങ്ങനെയുള്ള കുട്ടികളുടെ ചോദ്യങ്ങൾ വെറും സംശയങ്ങളല്ല; അവരുടെ ബുദ്ധിവികാസത്തിന്റെയും സർഗാത്മകതയുടെയും തെളിവുകളാണ്. ഒരു പുതിയ വസ്തുവിനെ കാണുമ്പോഴോ ഒരു വസ്തുവിലേക്ക് കൗതുകത്തോടെ നോക്കുമ്പോഴോ അവർ ലോകത്തെ പഠിക്കുകയാണ് ചെയ്യുന്നത്. മുതിർന്നവർ പലപ്പോഴും കുട്ടികളുടെ ചോദ്യങ്ങളെ തള്ളിക്കളയാറുണ്ട്. എന്നാൽ ഇത്തരം ജിജ്ഞാസകളെ പ്രോത്സാഹിപ്പിക്കുന്നത് അവരുടെ ആജീവനാന്ത പഠനശീലത്തിന് അടിത്തറ പാകുന്നു. അറിവിലെ വിടവുകൾ തിരിച്ചറിയുന്നിടത്താണ് യഥാർത്ഥത്തിൽ ജിജ്ഞാസ ജനിക്കുന്നത്. അറിയാത്ത ഒരു കാര്യത്തെക്കുറിച്ച് ഒരു സൂചന ലഭിക്കുമ്പോൾ അത് പൂർണ്ണമായി മനസ്സിലാക്കാനുള്ള കുട്ടിയുടെ ശ്രമമാണ് ജിജ്ഞാസയുടെ പാരമ്യത. മാതാപിതാക്കളും അധ്യാപകരും ലളിതമായ ചോദ്യങ്ങളിലൂടെയോ അത്ഭുതകരമായ വസ്തുതകളിലൂടെയോ ഈ അന്വേഷണ തൃഷ്ണയെ ഉണർത്തണം.

ജിജ്ഞാസ നിലനിർത്താൻ കുട്ടികൾക്ക് നിർഭയം ചോദ്യങ്ങൾ ചോദിക്കാനുള്ള അന്തരീക്ഷമൊരുക്കണം. തെറ്റുകൾ സംഭവിക്കുന്നത് സ്വാഭാവികമാണെന്ന ബോധ്യം നൽകണം. പ്രകൃതി നിരീക്ഷണം, വായന, പരീക്ഷണങ്ങൾ എന്നിവയിലൂടെ സ്വയം കണ്ടെത്താനുള്ള അവസരങ്ങൾ നൽകുമ്പോൾ അവർ ആത്മവിശ്വാസമുള്ള പഠിതാക്കളായി വളരും. ജിജ്ഞാസ തലച്ചോറിന്റെ പ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുകയും ഓർമ്മശക്തി വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അറിവിനായുള്ള കുട്ടികളുടെ ഈ ദാഹം 'PACE' എന്ന നാല് ഘട്ടങ്ങളിലൂടെ



യാണ് പ്രവർത്തിക്കുന്നത്:

Prediction (പ്രവചനം): ഒരു കാര്യത്തെക്കുറിച്ച് മുൻകൂട്ടി ഊഹിക്കുക.

Assessment (വിലയിരുത്തൽ): ആ ഊഹം ശരിയാണോ എന്ന് പരിശോധിക്കുക.

Curiosity (ജിജ്ഞാസ): പുതിയ വിവരങ്ങൾ അറിയാനുള്ള താല്പര്യം ജനിക്കുക.

Exploration (അന്വേഷണം): അത് കണ്ടെത്താനായി പരിശ്രമിക്കുക.

കുട്ടികളിൽ ജിജ്ഞാസ വളർത്തുന്നത് അവരുടെ അക്കാദമിക് മികവിനും ഭാവിയിലെ പ്രതിസന്ധികളെ നേരിടാനുള്ള കഴിവിനും അടിത്തറ പാകുന്നു.

## 4. കൃതജ്ഞത

ചുറ്റുമുള്ള നല്ല കാര്യങ്ങളെ ശ്രദ്ധിക്കാനും അവയെ അഭിനന്ദിക്കാനും കുട്ടികളെ സഹായിക്കുന്ന ഉന്നതമായ വികാരമാണ് കൃതജ്ഞത. ഇത് വെറും 'നന്ദി' പറയൽ മാത്രമല്ല. മറിച്ച്, തനിക്ക് ലഭിക്കുന്ന സ്നേഹത്തെയും കരുതലിനെയും തിരിച്ചറിയുന്ന മനോഭാവമാണ്. കൃതജ്ഞതയുള്ള കുട്ടികളിൽ വൈകാരിക സന്തുലിതാവസ്ഥയും പോസിറ്റീവ് ചിന്താഗതിയും വർദ്ധിക്കുന്നു. ജീവിതത്തിലെ ചെറിയ സന്തോഷങ്ങളെപ്പോലും വിലമതിക്കാൻ ശീലിക്കുന്നത് കുട്ടികളിൽ സംതൃപ്തിയും ശാന്തതയും വളർത്തുന്നു. മുതിർന്നവരുടെ ചെറിയ നന്ദിപ്രകടനങ്ങൾ പോലും അവർ ശ്രദ്ധിച്ച് അനുകരിക്കുന്നുണ്ട്. മുതിർന്നവർ ഇക്കാര്യത്തിൽ അവർക്കു മാതൃകയാകണം.

## 5. ആത്മവിശ്വാസം

'ധീരതയുടെ ആരംഭമാണ് ആത്മവിശ്വാസം.' വെർഗ്ഗർ

സ്വന്തം കഴിവുകളിൽ വിശ്വസിക്കാനും ലക്ഷ്യങ്ങൾ നേടിയെടുക്കാനുമുള്ള ആന്തരികകരുത്താണ് ആത്മവിശ്വാസം. ഇത് വിജയത്തിനുള്ള വഴിയാകുന്നതോടൊപ്പം, പരാജയങ്ങളിൽ തളരാതെ വീണ്ടും ശ്രമിക്കാനുള്ള നിശ്ചയദാർഢ്യവും നൽകുന്നു. ആത്മവിശ്വാസമുള്ള കുട്ടികൾ പുതിയ വെല്ലുവിളികളെ ഭയക്കാതെ ഏറ്റെടുക്കും. കുട്ടികളുടെ പരിശ്രമങ്ങളെ അഭിനന്ദിക്കുകയും തെറ്റുകൾ പഠനത്തിന്റെ ഭാഗമാണെന്ന് ബോധ്യപ്പെടുത്തുകയും വേണം. 'എനിക്ക് കഴിയില്ല' എന്ന ചിന്തയ്ക്കു പകരം 'ഞാൻ ശ്രമിക്കും' എന്ന മനോഭാവം വളർത്തുമ്പോൾ അവർ കൂടുതൽ കരുത്തുറ്റവരായി മാറുന്നു. ചെറിയ ചില ഉത്തരവാദിത്തങ്ങൾ അവർക്കു നൽകുന്നതും ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ സഹായിക്കുന്നു.

## 6. സന്തോഷം കണ്ടെത്തുക

സാഹചര്യങ്ങൾ ഒത്തുവരുമ്പോൾ മാത്രമുണ്ടാകുന്നതല്ല സന്തോഷം; ഏതു സാഹചര്യത്തിലും പോസിറ്റീവായി നിലകൊള്ളാനുള്ള ഒരു മാനസിക

തിരഞ്ഞെടുപ്പാണത്. ചെറിയ കാര്യങ്ങളിൽ പോലും ആനന്ദം കണ്ടെത്താൻ കുട്ടികളെ ശീലിപ്പിക്കണം. ചിരിയും കളിയും നിറഞ്ഞ അന്തരീക്ഷം കുട്ടികളുടെ മാനസികാരോഗ്യവും പഠനക്ഷമതയും മെച്ചപ്പെടുത്തുന്നു. സന്തോഷമായിരിക്കുമ്പോൾ ശരീരത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഹോർമോണുകൾ പഠനത്തെ കൂടുതൽ ഫലപ്രദമാക്കുന്നു. പഠനം ഒരു ഭാരമല്ല; ആസ്വാദ്യകരമായ അനുഭവമാണെന്ന് തിരിച്ചറിയാനും ഇത് സഹായിക്കുന്നു.

## 7. ക്ഷമ

എല്ലാം ഉടൻ വേണമെന്ന സ്വഭാവം കുട്ടികളിൽ സ്വാഭാവികമാണെങ്കിലും, കാത്തിരിക്കാനുള്ള മനസ്സ് വളർത്തുന്നത് അവരുടെ വൈകാരിക പക്വതയ്ക്ക് അനിവാര്യമാണ്. ക്ഷമ കുട്ടികളെ ശാന്തമായി ചിന്തിക്കാനും വിവേകത്തോടെ പ്രവർത്തിക്കാനും സഹായിക്കുന്നു. കുട്ടികളുടെ പ്രായത്തിനനുസരിച്ച് ക്ഷമ വളർത്താൻ വിവിധ പ്രവർത്തനങ്ങൾ ഉപയോഗിക്കാം. പാചകം, ഗാർഡനിംഗ്, പസിലുകൾ എന്നിവ അവരെ കാത്തിരിക്കാൻ പഠിപ്പിക്കുന്നു. മുതിർന്നവർ ക്ഷമയോടെ പെരുമാറുന്നത് കുട്ടികൾക്ക് മികച്ച മാതൃകയാണ്.

## 8. സഹായ മനോഭാവം

മറ്റുള്ളവരെ സഹായിക്കുമ്പോൾ ലഭിക്കുന്ന ആത്മസംതൃപ്തി കുട്ടികളിൽ സഹകരണമനോഭാവവും ഉദാരശീലവും വളർത്തുന്നു. ചെറിയ സഹായങ്ങൾ പോലും അവരുടെ മനസ്സിൽ വലിയ സന്തോഷം സൃഷ്ടിക്കുന്നു. വീട്ടിലും വിദ്യാലയത്തിലും സഹായിക്കാൻ പ്രോത്സാഹിപ്പിക്കുന്നത് കുട്ടികളെ ഉത്തരവാദിത്തമുള്ളവരാക്കുന്നു. അവരുടെ സഹായങ്ങളെ അഭിനന്ദിക്കുന്നത് കൂടുതൽ പ്രചോദനമേകും. ഈ ഗുണം ഭാവിയിൽ സമൂഹത്തിന് ഗുണകരമായ വ്യക്തികളായി വളരാൻ അവരെ സഹായിക്കുന്നു.

**സ്വന്തം കഴിവുകളിൽ വിശ്വസിക്കാനും ലക്ഷ്യങ്ങൾ നേടിയെടുക്കാനുമുള്ള കരുത്താണ് ആത്മവിശ്വാസം. ഇത് പരാജയങ്ങളിൽ തളരാതെ വീണ്ടും ശ്രമിക്കാനുള്ള നിശ്ചയദാർഢ്യം നൽകുന്നു. ആത്മവിശ്വാസമുള്ള കുട്ടികൾ പുതിയ വെല്ലുവിളികളെ ഭയക്കാതെ ഏറ്റെടുക്കും. കുട്ടികളുടെ പരിശ്രമങ്ങളെ അഭിനന്ദിക്കുകയും തെറ്റുകൾ പഠനത്തിന്റെ ഭാഗമാണെന്ന് ബോധ്യപ്പെടുത്തുകയും വേണം.**

## 9. സർഗാത്മകത

കുട്ടികളുടെ ഭാവനയെ ഉണർത്തുകയും പ്രശ്നപരിഹാരങ്ങളെ രസകരമാക്കുകയും ചെയ്യുന്നതാണ് സർഗ്ഗാത്മകത. പുതിയ ആശയങ്ങൾ പരീക്ഷിക്കാനും സ്വന്തം വ്യക്തിത്വം പ്രകടിപ്പിക്കാനുമുള്ള കഴിവ് ഇത് കുട്ടികൾക്ക് നൽകുന്നു. മുതിർന്നവരെക്കാൾ വേഗത്തിൽ വിചിത്രവും വൈവിധ്യപൂർണ്ണവുമായ കാര്യങ്ങൾ ചിന്തിക്കാൻ കുട്ടികൾക്ക് സാധിക്കും. ഓരോ ദിവസവും സർഗ്ഗാത്മകചിന്തയോടെ തുടങ്ങുന്നത് കുട്ടികളിൽ അന്വേഷണ തൃഷ്ണയും കലകളോടുള്ള താല്പര്യവും വർദ്ധിപ്പിക്കുന്നു. ലോകത്തെ പുതിയൊരു കാഴ്ചപ്പാടിലൂടെ നോക്കിക്കാണാനും വെല്ലുവിളികൾക്ക് തനതായ പരിഹാരങ്ങൾ കണ്ടെത്താനും ഇതവരെ സഹായിക്കുന്നു.

കുട്ടികളിലെ സർഗ്ഗാത്മകതയെ ശാസ്ത്രീയമായി വളർത്തിയെടുക്കാൻ 'CREATE' എന്ന ആറു ഘട്ടങ്ങൾ സഹായിക്കുന്നു:

C (Child Directed): താല്പര്യമുള്ള വിഷയങ്ങൾ സ്വന്തമായി തിരഞ്ഞെടുക്കാൻ കുട്ടികളെ അനുവദിക്കുക.

R (Risk Friendly): പരാജയഭീതിയില്ലാതെ പുതിയ കാര്യങ്ങൾ പരീക്ഷിക്കാൻ പ്രോത്സാഹിപ്പിക്കുക.

E (Exploratory): കാര്യങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് തനിയെ പരീക്ഷിച്ച് കണ്ടെത്താൻ അവസരം നൽകുക.

A (Active): ശാരീരികമായ ചലനങ്ങളും വ്യായാമവും വഴി സർഗ്ഗാത്മക ചിന്തയെ ഉത്തേജിപ്പിക്കുക.

T (Time for Imagination): കഥകൾ പറയാനും നിർമ്മിക്കാനും അവർക്ക് സമയം നൽകുക.

E (Exchange of Ideas): മറ്റുള്ളവരുമായി ആശയങ്ങൾ പങ്കുവെക്കാനും സംഭാഷണങ്ങളിൽ ഏർപ്പെടാനും പ്രേരിപ്പിക്കുക.

ഈ രീതിയിലുള്ള പ്രോത്സാഹനങ്ങൾ കുട്ടികളെ മികച്ച ചിന്തകരാക്കി മാറ്റുകയും ഭയപ്പെടാതെ പുതുമയുള്ള കാര്യങ്ങൾ ചെയ്യാൻ അവർക്ക് ആത്മവിശ്വാസം നൽകുകയും ചെയ്യുന്നു.

## 10. ശുഭാപ്തിവിശ്വാസം

എത്ര കഠിനമായ സാഹചര്യത്തിലും 'നല്ലത് സംഭവിക്കും' എന്ന് വിശ്വസിക്കാനാണ് കുട്ടികളെ പഠിപ്പിക്കേണ്ടത്. ഈ പ്രതീക്ഷയാണ് പ്രതിസന്ധികളിൽ തളരാതെ മുന്നോട്ട് നയിക്കുന്ന ശക്തി. പരാജയങ്ങൾ താൽക്കാലികമാണെന്നും ഓരോ തടസ്സവും ഒരു പാഠമാണെന്നും അവരെ ബോധ്യപ്പെടുത്തണം. ശുഭാപ്തി കുട്ടികളെ ആത്മവിശ്വാസത്തോടെയും ധൈര്യത്തോടെയും ജീവിതത്തെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുന്നു.

നോവൽ

മുജ്തബ നസ്വീഹ്

# അസർമുല്ലപ്പൂക്കൾ

17



പ്രിയപ്പെട്ടവരുടെ മരണങ്ങൾ ജീവിച്ചിരിക്കുന്നവർക്ക് ഏറെക്കാലം തുടരുന്ന ഷോക്കാണ്. ഇടയ്ക്കിടെ അവരുടെ സ്മരണകൾ കടന്നുവരും. മധുരവും കയ്പ്പും നിറഞ്ഞ അനുഭൂതികൾ മനസ്സിനെ മഥിച്ചുകൊണ്ടിരിക്കും. അവരോടുള്ള ഇഷ്ടത്തിന്റെയും താൽപര്യത്തിന്റെയും തോതനുസരിച്ച് അതിന്റെ അളവിലും ഇടവേളയിലും വ്യത്യാസങ്ങളുണ്ടാവാം. ജീവിച്ചിരിക്കുന്ന പ്രിയപ്പെട്ടവരുടെ സാന്നിധ്യവും ഇടപെടലുകളുമാണല്ലോ അപ്പോഴൊക്കെ ആശ്വാസം പകരുന്നത്.

## എല്ലാവരും കുറ്റക്കാരല്ലേ?

മൂന്ന് കഴിയുന്നതുവരെ ഉപ്പയുടെ അസാന്നിധ്യം അത്ര അറിഞ്ഞിരുന്നില്ല. അന്ന് വീടു നിറയെ ആളുകളുണ്ടായിരുന്നല്ലോ. പിന്നെ, പതിനഞ്ചു വരെ അയൽവാസികളും ബന്ധുക്കളും നിരന്തരം വന്നുകൊണ്ടിരുന്നതുകൊണ്ട് അപ്പോഴും വലിയ പ്രയാസമില്ലാതെ കടന്നുപോയി. ഇപ്പോൾ ആരുമില്ല വരാൻ. ഏകാന്തതയാണ് കൂട്ടിന്. പങ്കുചേരാൻ ഒത്തിരി ഓർമ്മകളും.

ചിലപ്പോൾ തോന്നും, വരാന്തയിൽ നിന്ന് 'മോളേ' എന്ന വിളി കേട്ടല്ലോ. ഉപ്പ വിളിക്കുകയാണോ? ഒരാവേശത്തിൽ ചിലപ്പോൾ ചെന്നു നോക്കുകയും ചെയ്യും. ഉപ്പ ഇരിക്കാറുള്ള ശൂന്യമായ കസേര കാണുമ്പോൾ ഒന്നു ഞെട്ടും. നൊമ്പരസ്മരണകൾ ഒന്നൊന്നായി കടന്നുവരും. കണ്ണുതുടച്ച് അടുക്കളയിലേക്ക് വലിയും. രാത്രികളിൽ ഉറക്കം തഴുകിയെത്തുമ്പോൾ സ്വപ്നങ്ങളായെത്തും പലതരം കാഴ്ചകൾ. ഇടയ്ക്കെപ്പോഴോ ഞെട്ടിയുണരുമ്പോൾ ബോധമണ്ഡലം ഉണരും. മരിച്ചുപോയ ഉപ്പയുടെ സാന്നിധ്യം അനുഭവപ്പെടുമ്പോൾ പേടി തോന്നും. ആരോടെങ്കിലുമൊന്നു മിണ്ടിപ്പറഞ്ഞാൽ ഇത്തരം വേദനകൾക്കൊക്കെ ശമനമുണ്ടാകും. പക്ഷേ, അതിന് ആരാണുള്ളത്? ചിലപ്പോൾ അനിയത്തി കൂട്ടിനു വരും. അന്ന് ഒരാശ്വാസമാണ്. എന്നും അവൾക്ക് ഇവിടെ വന്നു നിൽക്കാനാവില്ലല്ലോ.

ഉള്ളിലൊരാളുണ്ട്, പുറത്തേക്കു വരാൻ വെമ്പൽകൊള്ളുന്നു.



അത് ഒരാശ്വാസമാണ്. ആനന്ദമുണർത്തുന്ന വിചാരമാണ്. പക്ഷേ, ആശങ്കകളാണിപ്പോൾ മനം നിറയെ! ആദ്യപ്രസവം സ്വന്തം മാതാവിന്റെ കൂടെ കഴിഞ്ഞാണ് നടക്കേണ്ടതെന്നാണ് നാട്ടുനടപ്പ്. ആറേഴു മാസമാകുമ്പോൾ അവിടെനിന്ന് കൂട്ടിക്കൊണ്ടുപോകാൻ ആളു വരും. അവരോടൊപ്പം പിറന്നുവളർന്ന വീട്ടിലെത്തുമ്പോൾ വല്ലാത്തൊരു ആശ്വാസമാണ്. പിന്നെ പ്രസവശേഷം തൊണ്ണൂറു കഴിഞ്ഞാണ് ഭർത്താവിന്റെ വീട്ടിലേക്ക് പോകാറ്. പക്ഷേ, ഇവിടെ അതൊക്കെ നടക്കുമോ? ഇദ്ദയിരിക്കുന്ന ഉമ്മയെ തനിച്ചാക്കി പോകാൻ പറ്റില്ലല്ലോ. ഇക്ക ഇവിടെയുണ്ടായിരുന്നെങ്കിൽ...!

ഇടയ്ക്കിടെ കത്തുകൾ കിട്ടുന്നുണ്ട്. അതിൽ ആശ്വാസവാക്കുകളുണ്ടാവും. സ്വപ്നങ്ങളുടെ വിവരണങ്ങളുണ്ടാവും. അതുകൊണ്ടായില്ലല്ലോ.

> **ആദ്യപ്രസവം സ്വന്തം മാതാവിന്റെ കൂടെ കഴിഞ്ഞാണ് നടക്കേണ്ടതെന്നാണ് നാട്ടുനടപ്പ്. ആറേഴു മാസമാകുമ്പോൾ കൂട്ടിക്കൊണ്ടുപോകാൻ ആളു വരും. പിന്നെ പ്രസവശേഷം തൊണ്ണൂറു കഴിഞ്ഞാണ് ഭർത്താവിന്റെ വീട്ടിലേക്ക് പോകാറ്. പക്ഷേ, ഇവിടെ അതൊക്കെ നടക്കുമോ?**

*** *** ***

ആശുപത്രിക്കിടക്കയിൽ തൊട്ടരികെ കിടത്തിയിരിക്കുന്ന പൊന്നോമനയുടെ മുഖത്തേക്കു നോക്കി. കണ്ണടച്ച് ഉറങ്ങുകയാണവൾ. അകത്തു നിന്നുഴറി പുറത്തുവന്നതിന്റെ ക്ഷീണത്തിലായിരിക്കും. ആ മുഖത്ത് നിഴലിക്കുന്നത് ആശ്വാസമാണോ അതോ സന്തോഷമാണോ? അവിടെ ഒരു പുഞ്ചിരി തത്തിക്കളിക്കുന്നുണ്ടല്ലോ. അതു കാണുമ്പോൾ എല്ലാ വേദനകളും മറന്നുപോകുന്നു. മനസ്സ് കുളിരണിയുന്നു. ഒരുമ്മയുടെ ആത്മനിർവൃതി ഇപ്പോഴാണ് അനുഭവിച്ചറിയുന്നത്. ഈ ആനന്ദത്തിൽ പങ്കുചേരാൻ ഇക്ക ഇവിടെയുണ്ടായിരുന്നെങ്കിൽ...! എപ്പോഴാണാവോ ഇക്ക പൊന്നുമോളെ കാണാൻ വന്നണയുക?

*** *** ***

'ഉമ്മയെന്തിനാ ഇങ്ങനെ ഒറ്റയ്ക്കിരുന്നു ചിന്തിക്ക്ണത്?' ചോദ്യം കേട്ട് ഒന്നു ഞെട്ടി. മകളാണ് ചോദിക്കുന്നത്. അന്നത്തെ ആ കുഞ്ഞുമോൾ. അവളിപ്പോൾ വലുതായിരിക്കുന്നു. കൗമാരം പുതിയ ചമയങ്ങൾ തീർത്തിരിക്കുന്നു; അവളുടെ നിറത്തിലും കോലത്തിലും ഭാവത്തിലും! അന്നത്തെ ആ പൈതലാണല്ലോ മുമ്പിൽ വന്നിങ്ങനെ ചിരിക്കുന്നതെന്ന് വിശ്വസിക്കാൻ പ്രയാസം. പെറ്റുമ്മയുടെ മനസ്സിൽ നിന്ന് ആ ചിത്രങ്ങളൊന്നും മാഞ്ഞുപോകുന്നില്ലല്ലോ.

'ഉമ്മാ, ഉമ്മയെന്താ ഒന്നും മിണ്ടാത്തത്? എന്നെ മനസ്സിലാകാത്ത പോലെ?' ചുമലിൽ കൈ ചുറ്റിമുറുക്കിയാണ് അവൾ ചോദിക്കുന്നത്. പരിസരബോധമുണർന്നപ്പോൾ ചിരിച്ചുപോയി; ഒപ്പം രണ്ടു തുള്ളി കണ്ണീരും!

ഒന്നു പിടിച്ചുകുലുക്കിക്കൊണ്ടവൾ പിന്നെയും ചോദിക്കുന്നു: 'ഉമ്മാ, ഉമ്മയെന്താ എപ്പോഴുമിങ്ങനെ, ഒന്നും മിണ്ടാതെയും കരഞ്ഞും. ആ നസീറാന്റെ ഉമ്മ അവളോട് എന്തൊക്കെ തമാശയാണ് പറയാറെന്നോ? അവരുടെ വീട്ടിൽ എപ്പോഴും ഹാപ്പിയാണ്.

കളിയും ചിരിയുമൊക്കെയായി നല്ല രസമാണ്. ഇവിടെ വന്നാലോ, കണ്ണീരും സങ്കടവും ദേഷ്യവും പിണക്കവും! എന്താണുമ്മാ ഇങ്ങനെ?'

സീനമോളുടെ ഇടയ്ക്കിടെയുള്ള പരിഭവം പറച്ചിലാണ്. അവളിപ്പോൾ കാര്യങ്ങളൊക്കെ തിരിച്ചറിഞ്ഞുതുടങ്ങിയിട്ടുണ്ടല്ലോ. അവൾക്ക് പല കഥകൾ പറയാനുണ്ടാവും. അനുഭവങ്ങൾ പങ്കുവെക്കാനുണ്ടാവും. സംശയങ്ങൾ ചോദിച്ചറിയാനുണ്ടാവും. ഈ ഉമ്മയാണല്ലോ അവൾക്കെല്ലാം ചോദിക്കാനും പറയാനുമുള്ളത്. പക്ഷേ...!

അവൾക്കു വേണ്ടതൊക്കെ നൽകുന്നുണ്ടെന്നു പറയാം. കഴിവതും നല്ല ഭക്ഷണം തന്നെ നൽകുന്നുണ്ട്. പ്രയാസപ്പെട്ടാണെങ്കിലും നല്ല സ്കൂളിൽ തന്നെ പറഞ്ഞയക്കുന്നുണ്ട്. മറ്റു കുട്ടികൾക്കുള്ളതൊക്കെ ഒന്നും കുറവ് വരാതെ അവൾക്കും വാങ്ങിക്കൊടുക്കുന്നുണ്ട്. ഒരു പ്രയാസവും അറിയിക്കാതെയാണ് അവളെ ഇതേവരെ വളർത്തിയത്.

ഇത്രയൊക്കെ മതിയോ? ഒരുമ്മയിൽ നിന്ന് അവൾക്ക് കിട്ടേണ്ട സ്നേഹവാത്സല്യങ്ങൾ തന്നിൽ നിന്നു കിട്ടുന്നുണ്ടോ? ഉമ്മയിൽ നിന്നു മാത്രമല്ല, ഉപ്പയിൽ നിന്നു ലഭിക്കേണ്ട സ്നേഹവും വാത്സല്യവും നൽകാൻ ബാധ്യതപ്പെട്ടവളല്ലേ താൻ? അതൊന്നും കിട്ടുന്നില്ലെന്ന പരിഭവമല്ലേ അവളുടെ വാക്കുകളിൽ നിഴലിക്കുന്നത്?

'ഞാൻ ചോദിക്കുന്നതും പറയുന്നതുമൊന്നും ഉമ്മ കേൾക്കുന്നില്ലേ?' കവിളിൽ കവിൾ ചേർത്തുവെച്ചുകൊണ്ടാണ് അവൾ ചോദിക്കുന്നത്. കവിളിൽ ചൂടു തട്ടിയപ്പോൾ മനസ്സിലായി, അവളുടെ കണ്ണുകളും നിറഞ്ഞൊഴുകുന്നുണ്ട്. അതിനിടെ അവൾ വിങ്ങിപ്പൊട്ടിക്കൊണ്ട് പറഞ്ഞു: 'ഉമ്മാ, അവരൊക്കെ പറയാണ്, എന്റെ ഉപ്പയുടെ തല വെട്ടിപ്പോകുമെന്ന്...! നേരാണോ ഉമ്മാ, ഉമ്മയെന്താ എന്നോടൊന്നും തുറന്നു പറയാത്തത്? എന്റെ ഉപ്പ എന്തു തെറ്റാ ഉമ്മാ ചെയ്തത്? ആരെയോ കൊന്നതാണോ? നമ്മുടെ ഉപ്പാനെ ഇനി കാണാൻ കഴിയില്ലേ ഉമ്മാ?'

അവൾ കരഞ്ഞപ്പോൾ കൂടെ കരയാനല്ലാതെ കഴിയുന്നില്ല. അതൊരു ആർപ്പുവിളിയാകുന്നതിനു മുമ്പേ തടഞ്ഞേ പറ്റൂ. അല്ലെങ്കിൽ ആരെങ്കിലും ഓടി വരും. പിന്നെ, അവരുടെ പഴിയും വർത്തമാനങ്ങളും കേൾക്കേണ്ടി വരും.

പെട്ടെന്നു തന്നെ അവളെ വരിഞ്ഞുമുറുക്കി കവിളിലൊരുമ്മ കൊടുത്ത് ഉറച്ച ശബ്ദത്തിൽ പറഞ്ഞു: 'ആരാ പറഞ്ഞത്, ന്റെ മോളോട് ഈ പച്ചക്കള്ളം? ന്റെ മോളെ ഉപ്പാക്ക് ഒന്നും സംഭവിക്കില്ല. മോളേ, നിന്റെ ഉപ്പ നല്ല മനുഷ്യനാ. ഒരു തെറ്റും ചെയ്യാത്ത പാവം. മോളെ കാണാൻ ഉപ്പ വരും. മുറ്റത്തെ അസർമുല്ല പൂക്കുമ്പോൾ എത്തുമെന്നു പറഞ്ഞാ നിന്റെ ഉപ്പ പോയത് മോളേ. ഉപ്പ വാക്കു പാലിക്കും. വരും; വരാതിരിക്കില്ല.'

**കവിളിൽ ചൂടു തട്ടിയപ്പോൾ മനസ്സിലായി, അവളുടെ കണ്ണുകളും നിറഞ്ഞൊഴുകുന്നുണ്ട്. അതിനിടെ അവൾ വിങ്ങിപ്പൊട്ടിക്കൊണ്ട് പറഞ്ഞു: 'ഉമ്മാ, അവരൊക്കെ പറയാണ്, എന്റെ ഉപ്പയുടെ തല വെട്ടിപ്പോകുമെന്ന്...! നേരാണോ ഉമ്മാ, ഉമ്മയെന്താ എന്നോടൊന്നും തുറന്നു പറയാത്തത്? എന്റെ ഉപ്പ എന്തു തെറ്റാ ഉമ്മാ ചെയ്തത്? ആരെയോ കൊന്നതാണോ? നമ്മുടെ ഉപ്പാനെ ഇനി കാണാൻ കഴിയില്ലേ ഉമ്മാ?'**

മനസ്സിലപ്പോൾ വല്ലാത്തൊരു ഉറപ്പുവന്ന പോലെ! കണ്ണുനീർ തുടച്ചുകൊണ്ട് സീനമോളെ വീണ്ടും പുണരുമ്പോൾ അവൾ തേങ്ങലടക്കി ചോദിക്കുന്നു: 'ഉപ്പ പോയിട്ട് എത്രകാലമായി ഉമ്മാ. ഉപ്പയെ കണ്ട ഓർമ്മപോലും എനിക്കില്ലല്ലോ. ഇത്രയും കാലം ആരെങ്കിലും നാട്ടിലേക്കു വരാതെ ഗൾഫിൽ കഴിയുമോ? ഉപ്പയ്ക്കെന്താ സീനമോളെ കാണണ്ടേ? ഉപ്പയെന്താണ് ഉമ്മാ, ഈ സീനമോൾക്ക് ഒരു കത്തുപോലും അയക്കാത്തത്? ഉപ്പക്ക് എന്നോടിഷ്ടമില്ലേ? ഞങ്ങളുടെ ക്ലാസിലെ റസീനക്ക് അവളുടെ ഉപ്പ ഗൾഫിൽ നിന്ന് എന്തെല്ലാം സമ്മാനങ്ങളാണെന്നോ അയച്ചു കൊടുക്കാറ്! നല്ല ഭംഗിയുള്ള കടലാസിൽ ഉപ്പ അവൾക്കെഴുതിയ കത്തുകൾ അവൾ കാണിച്ചുതരാറുമുണ്ട്. അങ്ങനെയൊരു കത്ത് പോലും ഈ സീനമോൾക്ക് ഉപ്പ ഇതുവരെ അയച്ചില്ലല്ലോ. ഉമ്മാ, ഉമ്മ സത്യം പറയൂ, എന്റെ ഉപ്പ ഗൾഫിലുണ്ടോ? അല്ലെങ്കിൽ അവരൊക്കെ പറയും പോലെ....!'

അവൾ വീണ്ടും കരയാൻ തുടങ്ങിയപ്പോൾ എങ്ങനെ സമാധാനിപ്പിക്കണമെന്നറിയാതെ ഇരുന്നുപോയി. അവൾക്കിപ്പോൾ തിരിച്ചറിവിന്റെ പ്രായമായിരിക്കുന്നു. ഗൾഫിലാണ്, നാട്ടിലേക്കു വരാൻ പറ്റാത്ത വിധം ജോലിത്തിരക്കിലാണ് എന്നൊന്നും പറഞ്ഞ് ഇനി അവളെ സമാധാനിപ്പിക്കാനാവില്ല. അവൾ ചോദ്യങ്ങൾ ചോദിച്ചു തുടങ്ങിയിരിക്കുന്നു. ഗൾഫുകാരുടെ വീടുകളിൽ വരുന്ന മാറ്റങ്ങളും അവിടുത്തെ വർത്തമാനങ്ങളും അവൾ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. ഇനി അവളെ കാര്യം ബോധ്യപ്പെടുത്തുക തന്നെ വേണം. എന്നെങ്കിലും അവൾ സത്യം അറിയണമല്ലോ. ഇതുതന്നെയാണ് അതിനവസരം. പക്ഷേ, എങ്ങനെ തുടങ്ങണം?

(തുടരും)

ചോദ്യോത്തരം/ ഹനഫീ

ഡോ. അബ്ദുൽ ഹകീമിൽ കനാഫലി

# അലങ്കാര മത്സ്യങ്ങൾ

***ചോദ്യം: ഹനഫീമദ്ഹബിൽ ജുമുഅ സ്ഥാപിക്കാനുള്ള നിബന്ധനകൾ എന്തെല്ലാമാണ്? ജുമുഅ നടത്തുന്നത് പള്ളിയിൽ തന്നെ ആവൽ നിർബന്ധമുണ്ടോ? ഒരു പ്രദേശത്ത് ഒന്നിലധികം ജുമുഅ നടത്തുന്നതിന്റെ വിധിയെന്താണ്?***

**ഉത്തരം:** ജുമുഅ സാധുവാകാൻ ആറ് നിബന്ധനകളുണ്ട്.

ഒന്ന്: പട്ടണത്തിലോ പട്ടണത്തിന്റെ പരിധിയിൽ വരുന്ന സ്ഥലത്തോ ആയിരിക്കുക. (നിയമങ്ങളും ശിക്ഷകളും നടപ്പാക്കുന്ന അധികാരിയുള്ള സ്ഥലമാണ് പട്ടണം കൊണ്ടുദ്ദേശിക്കുന്നത്).

രണ്ട്: ഭരണാധികാരിയോ അയാളുടെ പ്രതിനിധിയോ ജുമുഅക്ക് നേതൃത്വം നൽകുക. അല്ലെങ്കിൽ ആ പ്രദേശത്തെ മുസ്‌ലിംകൾ തെരഞ്ഞെടുക്കുന്ന ഒരാൾ നേതൃത്വം നൽകുക.

മൂന്ന്: ളുഹ്റിന്റെ സമയത്തായിരിക്കുക.

നാല്: ജുമുഅ നിസ്കരിക്കുന്നതിനു മുമ്പ് ഖുതുബ ഓതുക.

അഞ്ച്: ജുമുഅയിൽ സംബന്ധിക്കാൻ ഉദ്ദേശിച്ചവരുടെ പൊതുസമ്മതത്തോടൊപ്പം പരസ്യ സ്വഭാവത്തിലായിരിക്കുക.

ആറ്: ജമാഅത്തായി നിസ്കരിക്കുക.

ജുമുഅ നടത്താൻ പള്ളി തന്നെ വേണമെന്നില്ലെങ്കിലും മുകളിൽ പറഞ്ഞ നിബന്ധനകളിൽ അഞ്ചാമത്തെ നിബന്ധനയൊത്ത സ്ഥലത്ത് മാത്രമേ ജുമുഅ ശരിയാവുകയുള്ളൂ. പള്ളിയിൽ തന്നെയാണെങ്കിലും ജുമുഅക്ക് വരാൻ ഉദ്ദേശിക്കുന്ന എല്ലാവർക്കും പൊതുസമ്മതമില്ലാതെയും പരസ്യപ്പെടുത്താതെയും പള്ളി അടച്ചിട്ടുകൊണ്ട് നിസ്കരിച്ചാൽ ജുമുഅ സാധുവാകുന്നതല്ല. (മറാഖിൽഫലാഹ്, ഹാശിയതുത്വഹ്ത്വാവീ പേ:506–513)

ഒരു പ്രദേശത്ത് ഒന്നിലധികം ജുമുഅ പാടില്ലെന്നും രണ്ട് സ്ഥലത്ത് ജുമുഅ ആകാമെന്നും നിരവധി സ്ഥലങ്ങളിൽ ജുമുഅ നടത്താമെന്നും മൂന്ന് അഭിപ്രായമുണ്ട്. നിരവധി സ്ഥലങ്ങളിൽ ജുമുഅ നടത്താമെന്ന മൂന്നാമത്തെ അഭിപ്രായമാണ് പ്രബലമായത്. (ഹാശിയതുത്വഹ്ത്വാവീ പേ:506)

***ചോദ്യം: സുബ്ഹി നിസ്കാരം ശാഫിഈ മദ്ഹബുകാരനായ ഇമാമിനോട് തുടർന്ന് നിസ്കരിക്കുന്ന ഹനഫീ മദ്ഹബുകാരൻ ഖുനൂത്തിന്റെ സമയത്ത് എന്താണ് ചെയ്യേണ്ടത്?***

**ഉത്തരം:** ശാഫിഈ മദ്ഹബുകാരനായ ഇമാം, സുബ്ഹി നിസ്കാരത്തിൽ ഖുനൂത്ത് ഓതുമ്പോൾ അദ്ദേഹത്തെ തുടർന്ന് നിസ്കരിക്കുന്ന ഹനഫീ മദ്ഹബുകാരൻ ഇരുകൈകളും താഴ്ത്തിയിട്ട് മൗനം പാലിച്ചു നിൽക്കേണ്ടതാണ്.

(അദ്ദുർറുൽ മുഖ്താർ 2/9)

***ചോദ്യം: സുബ്ഹി ബാങ്കിന് ശേഷം 50 മിനിറ്റ് കഴിഞ്ഞാണ് ജമാഅത്ത് നടക്കുന്നത്. അപ്പോൾ ഏകദേശം പ്രഭാതം വെളിവായിട്ടുണ്ടാകും. (ഉദയത്തിന് മുമ്പ്) എന്താണ് ഇതിന് കാരണം? ഇങ്ങനെയാണോ സുബ്ഹി നിസ്കരിക്കേണ്ടത്?***

**ഉത്തരം:** സുബ്ഹി നിസ്കാരത്തെ ഇസ്ഫാറ് ചെയ്യൽ മുസ്തഹബ്ബാണ്. ഇരുട്ട് നീങ്ങിത്തുടങ്ങുകയും വെളിച്ചം വന്നു തുടങ്ങുകയും ചെയ്യുന്ന സമയത്ത്, അതായത് വസ്തുക്കൾ അവ്യക്തമായി കണ്ടു തുടങ്ങുന്ന സമയമാകുമ്പോൾ നിസ്കരിക്കുക എന്നതാണ് ഇസ്ഫാറ് കൊണ്ടുദ്ദേശ്യം. ഈ സമയത്ത് സുബ്ഹി നിസ്കരിച്ചാൽ അതിനു ശേഷം അത് ബാത്വിലായെന്ന് ബോധ്യപ്പെട്ടാൽ സമയം കഴിയുന്നതിനു മുമ്പ് അദാആയി മടക്കി നിസ്കരിക്കാൻ സാധിക്കും. പുരുഷന്മാർക്കാണ് ഈ സമയത്ത് നിസ്കരിക്കൽ മുസ്തഹബ്ബ്. എന്നാൽ സ്ത്രീകൾ സുബ്ഹിയുടെ സമയമായ ഉടനെ ഇരുട്ട് മാറിത്തുടങ്ങുന്നതിനു മുമ്പായിത്തന്നെ നിസ്കരിക്കേണ്ടതാണ്. (അൽലുബാബ്, പേ: 85)

***ചോദ്യം: അലങ്കാരമത്സ്യങ്ങൾ, പ്രാവ് പോലെയുള്ള പക്ഷികൾ തുടങ്ങിയവയെ വീടുകളിൽ വളർത്തുന്നതിന്റെ വിധിയെന്താണ്?***

**ഉത്തരം:** പൂച്ചക്ക് അന്നപാനീയങ്ങൾ കൃത്യമായി നൽകുന്നുണ്ടെങ്കിൽ അതിനെ കൈവശം വെക്കലും അഥവാ, വളർത്തലും കെട്ടിയിടലും അഥവാ, കൂട്ടിലടച്ചിടലും അനുവദനീയമാണ്. പൂച്ചയെപ്പോലുള്ള മറ്റു ജീവികളെയും വളർത്താവുന്നതാണെന്ന് ഇമാം ബദ്റുദ്ദീനിൽ ഐനി അൽഹനഫി(റ) ഉംദത്തുൽ ഖാരിയിൽ രേഖപ്പെടുത്തിയിട്ടുണ്ട് (15/273). ചോദ്യത്തിൽ പറഞ്ഞ അലങ്കാര മത്സ്യങ്ങളും പ്രാവുമൊക്കെ ഈ ഗണത്തിൽ പെട്ടതാണല്ലോ.

ലൈഫ്സ്റ്റൈൽ

മുഹമ്മദ് പാറന്നൂർ

# നിങ്ങളുടെ സ്ക്രീൻടൈം എത്ര?




കണ്ടുകണ്ടങ്ങനെയിരിക്കാൻ ബഹുരസമാണ്. കൈയിലിരിക്കുന്ന ഉപകരണത്തിൽ ഇടയ്ക്കിടെ ഒന്നു തോണ്ടിക്കൊടുക്കണമെന്നു മാത്രം. തുടരെത്തുടരെ വന്നുകൊണ്ടിരിക്കും റീലുകളും ട്രോളുകളും കമന്റുകളും അതിശയിപ്പിക്കുന്ന കാഴ്ചകളും പരസ്യങ്ങളും മറ്റും. പലർക്കുമതൊരു നേരമ്പോക്കാണ്. ഒറ്റപ്പെടലിൽ നിന്നുള്ള മോചനമാണ്. ദുഃഖങ്ങൾ ഒഴുക്കിക്കളയാനുള്ള കൈത്തോടുകളാണ്. വെറുതെയിരിക്കുന്നവർ മാത്രമല്ല; തൊഴിലെടുക്കുന്നവരും വായിക്കുന്നവരും പരസ്പരം വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുന്നവരുമൊക്കെ ഇടയ്ക്കിടെ അറിഞ്ഞും അറിയാതെയും തോണ്ടാൻ തുടങ്ങും. തോണ്ടിക്കഴിഞ്ഞാലോ പിന്നെ പരിസരം മറന്നുള്ള ഉറ്റുനോട്ടത്തിലായിരിക്കും. എത്രനേരമങ്ങനെ കഴിഞ്ഞുപോയെന്ന ചിന്തയുണരുന്നത് വളരെ വൈകിയിട്ടായിരിക്കും. ബോധമുണരുമ്പോൾ ഒന്നു ചിന്തിച്ചുനോക്കിയാലോ? ഈ സമയത്തിനുള്ളിൽ നാം എന്തു നേടി? കാര്യമായി ഒന്നും ഓർത്തെടുക്കാനുണ്ടാവില്ല. അപകടകരമായ പലതും മനസ്സിൽ തങ്ങിക്കിടക്കുന്നുണ്ടാവും. ഈ വ്യാപാരത്തിൽ നിങ്ങൾക്കു സന്തോഷമുണ്ടായോ? സംതൃപ്തി കൈവന്നോ? നിങ്ങൾ ഒന്നും നേടിയിട്ടുണ്ടാവില്ലെന്നും സന്തോഷത്തിനും സംതൃപ്തിക്കും ആശ്വാസത്തിനും പകരം നിങ്ങളു

വെറുതെയിരിക്കുന്നവർ മാത്രമല്ല; തൊഴിലെടുക്കുന്നവരും വായിക്കുന്നവരും പരസ്പരം വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുന്നവരുമൊക്കെ ഇടയ്ക്കിടെ അറിഞ്ഞും അറിയാതെയും തോണ്ടാൻ തുടങ്ങും. തോണ്ടിക്കഴിഞ്ഞാലോ പിന്നെ പരിസരം മറന്നുള്ള ഉറ്റുനോട്ടത്തിലായിരിക്കും. എത്രനേരമങ്ങനെ കഴിഞ്ഞുപോയെന്ന ചിന്തയുണരുന്നത് വളരെ വൈകിയിട്ടായിരിക്കും. ബോധമുണരുമ്പോൾ ഒന്നു ചിന്തിച്ചുനോക്കിയാലോ? ഈ സമയത്തിനുള്ളിൽ നാം എന്തു നേടി?




ടെ മനസ്സിൽ തങ്ങിനിൽക്കുന്നത് അസംതൃപ്തിയും അസ്വസ്ഥതയും ഭയവും ആശങ്കയുമൊക്കെയായിരിക്കുമെന്നുമാണ് പഠനങ്ങൾ തെളിയിക്കുന്നത്.

കാര്യം മനസ്സിലായില്ലേ? പറഞ്ഞുവരുന്നത് സ്മാർട്ട് ഫോണുകളുടെ ഉപയോഗത്തെക്കുറിച്ചാണ്. സാമൂഹിക ശാസ്ത്രജ്ഞനും മനഃശാസ്ത്രജ്ഞരും അധ്യാപകരും മത പണ്ഡിതരുമൊക്കെ നിരന്തരം ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്ന കാര്യമാണിതൊക്കെ. പക്ഷേ, അധികമാരുടെയും മനസ്സിലേക്കവ കടക്കുന്നില്ലെന്നു മാത്രം. കടന്നിട്ടും ഒഴിവാക്കാൻ പറ്റാത്ത അവസ്ഥയിലായിത്തീർന്നവരും നിരവധിയാണ്. കുട്ടികളും യുവാക്കളും മാത്രമല്ല, വൃദ്ധന്മാർ വരെ പ്രായഭേദമില്ലാതെ ഇന്ന് ഡിജിറ്റൽ അടിമത്തത്തിൽ അകപ്പെട്ടു കഴിഞ്ഞിരിക്കുന്നു എന്ന് ചുരുക്കം.

ഇനിയെന്തു പറയാനാ, ഇന്ന് ലോകത്തിന്റെ അവസ്ഥ അങ്ങനെയാണല്ലോ, നമ്മൾ മാത്രം വഴി മാറി നടന്നിട്ടെന്താ, ഒറ്റപ്പെട്ടു പോകില്ലേ, അതിനാൽ നമ്മളും ആ കൂട്ടത്തിൽ ചേരുന്നതല്ലേ ഉചിതം എന്നൊക്കെ ന്യായീകരണങ്ങൾ പലതും പറയാനുണ്ടാവും. എങ്കിൽ ഓർക്കണം; ഭയാനകമായ ഒരു ദുരന്തത്തിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുകയാണ് മാനവസമൂഹം. പല മേഖലകളിൽ നിന്നും മുന്നറിയിപ്പുകൾ വന്നുകൊണ്ടിരിക്കുന്നു.

കഴിഞ്ഞ ദിവസങ്ങളിൽ വന്ന ഈ വാർത്ത ശ്രദ്ധിച്ചോ നിങ്ങൾ? സാമൂഹിക മാധ്യമങ്ങൾ മാനവ സമൂഹത്തിന്റെ സന്തോഷം കെടുത്തിക്കൊണ്ടിരിക്കുകയാണെന്ന്! മനുഷ്യർക്കിടയിൽ അസ്വസ്ഥതയും അരാജകത്വവും അധാർമികതയും പലതരം മാനസിക രോഗങ്ങളും വളർത്തുന്നതിൽ ഡിജിറ്റൽ മാധ്യമങ്ങൾക്കുള്ള പങ്ക് അതിവിപുലമാണെന്ന്! ഈ വർഷത്തെ ലോക സന്തുഷ്ടി റിപ്പോർട്ട് ഇക്കാര്യം ഗൗരവപൂർവ്വം നമ്മെ ഉണർത്തുന്നു. 25 വയസ്സിൽ താഴെയുള്ളവരുടെ, പ്രത്യേകിച്ച് 15 വയസ്സിൽ താഴെയുള്ള പെൺകുട്ടികളുടെ ജീവിതത്തിൽ സാമൂഹിക മാധ്യമങ്ങൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ റിപ്പോർട്ടിൽ എടുത്തു പറഞ്ഞിരിക്കുന്നു. ദിവസം അഞ്ചു മണിക്കൂറിലധികം സമയം സാമൂഹിക മാധ്യമങ്ങളിൽ ചെലവഴിക്കുന്ന പെൺകുട്ടികളുടെ ജീവിതം അസംതൃപ്തമായിത്തീരുന്നുവെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. സ്വന്തം സൗന്ദര്യത്തെക്കുറിച്ച്, നിറത്തെക്കുറിച്ച്, ജീവിതനിലവാരത്തെക്കുറിച്ച്, സാമ്പത്തികാവസ്ഥയെക്കുറിച്ച് സംശയം ജനിപ്പിച്ച് അവയ്ക്കപ്പുറമുള്ള അവസ്ഥയിലേക്കും ആർഭാടത്തിലേക്കും കൊതിയുണ്ടാക്കി അസംതൃപ്തിയുടെ വിത്തുകൾ പാകാനാണ് പല ഇൻഫ്ളുവൻസർമാരും ശ്രമിക്കുന്നത്. ഇത്തരം ദൃശ്യങ്ങൾ കൗമാരക്കാരുടെ ആത്മവിശ്വാസം കെടുത്തുന്നു, അസ്വസ്ഥത വർദ്ധിപ്പിക്കുന്നു, പലതരം മാനസിക രോഗങ്ങളിലേക്ക് നയിക്കുന്നു, പഠനതാൽപര്യം കുറയ്ക്കുന്നു, ആത്മഹത്യക്ക് പോലും പ്രേരകമാകുന്നു.

കൗമാരക്കാരുടെ മാത്രമല്ല, നിഷ്കളങ്കരായ സ്ത്രീകളുടെയും മറ്റും അവസ്ഥയും ഭിന്നമല്ല. ഇതു കാരണം കുടുംബത്തകർച്ചയുണ്ടാകുന്നു, മാതാപിതാക്ക

**സ്വന്തം സൗന്ദര്യത്തെക്കുറിച്ച്, നിറത്തെക്കുറിച്ച്, ജീവിതനിലവാരത്തെക്കുറിച്ച്, സാമ്പത്തികാവസ്ഥയെക്കുറിച്ച് സംശയം ജനിപ്പിച്ച് അവയ്ക്കപ്പുറമുള്ള അവസ്ഥയിലേക്കും ആർഭാടത്തിലേക്കും കൊതിയുണ്ടാക്കി അസംതൃപ്തിയുടെ വിത്തുകൾ പാകാനാണ് പല ഇൻഫ്ളുവൻസർമാരും ശ്രമിക്കുന്നത്. ഇത്തരം ദൃശ്യങ്ങൾ കൗമാരക്കാരുടെ ആത്മവിശ്വാസം കെടുത്തുന്നു, പലതരം മാനസിക രോഗങ്ങളിലേക്ക് നയിക്കുന്നു, പഠനതാൽപര്യം കുറയ്ക്കുന്നു, ആത്മഹത്യക്ക് പോലും പ്രേരകമാകുന്നു.**

ളും മക്കളും തമ്മിൽ അകലുന്നു, കുടുംബ കലഹങ്ങൾക്ക് വഴിയൊരുക്കുന്നു. നമ്മുടെ ഗ്രാമാന്തരങ്ങളിൽ പോലും ഇതിനൊക്കെ എത്രയെത്ര ഉദാഹരണങ്ങൾ! ഇങ്ങനെ തുടർന്നാൽ സാമൂഹിക ജീവിതം തന്നെ അവതാളത്തിലാകുമെന്നാണ് സാമൂഹികശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകുന്നത്.

നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ, വീടിനകത്തായാലും പുറത്തിറങ്ങിയാലും സമൂഹത്തിൽ നല്ലൊരു ശതമാനം സ്മാർട്ട്ഫോണിൽ കണ്ണുനട്ടിരിക്കുകയായിരിക്കും. വാഹനങ്ങളിലും മറ്റും തൊട്ടുതൊട്ടിരിക്കുന്നവർ പോലും തലകുനിച്ച് സ്വന്തം ലോകങ്ങളിൽ വിഹരിക്കുകയായിരിക്കും. അടുത്തിരിക്കുന്നയാളെ പരിചയപ്പെടാനോ പുറം കാഴ്ചകൾ കാണാനോ തുനിയുന്നവർ അപൂർവത്തിൽ അപൂർവ്വമായിരിക്കും. ഈ പ്രവണത പരസ്പര ബന്ധങ്ങളിൽ കനത്ത ആഘാതങ്ങൾ ഏൽപ്പിച്ചു കഴിഞ്ഞിരിക്കുന്നു. സാമൂഹിക ജീവി എന്ന പദവിയിൽ നിന്ന് മനുഷ്യസമൂഹം അവനവനിസത്തിലേക്ക് ആപതിച്ചുകൊണ്ടിരിക്കുന്നു.

ഈ അവസരത്തിൽ, ലോക സന്തുഷ്ടി റിപ്പോർട്ടിൽ ഒന്നാമതെത്തിയ ഫിൻലന്റിലെ ജനങ്ങളുടെ അവസ്ഥ മനസ്സിലാക്കുന്നത് നന്നായിരിക്കും. സാമൂഹികമായ ഇടപെടലുകൾ സർവ്വത്രികമാണവിടെ. ജനങ്ങൾ സന്തോഷം തേടിയിറങ്ങുന്നത് പ്രകൃതിയിലേക്കാണ്. മനസ്സിനും ശരീരത്തിനും ആനന്ദം പകരാൻ സഹായകമായ തടാകങ്ങളും തുറസ്സായ സ്ഥലങ്ങളും ധാരാളമുണ്ടത്രെ അവിടെ. പ്രകൃതിയെ അവർ പരമാവധി ഉപയോഗപ്പെടുത്തുന്നു. സ്മാർട്ട്ഫോണുകളും മറ്റു ഡിജിറ്റൽ ഉപകരണങ്ങളും നിയന്ത്രിത തോതിൽ മാത്രമേ അവർ ഉപയോഗിക്കുന്നുള്ളൂ. പരസ്പരസൗഹാർദ്ദം പുലർത്തുന്നതിലും സഹജീവികളുമായി ഇടപഴകുന്നതിലും ആശയവിനിമയം നടത്തുന്നതിലും പങ്കിടുന്നതിലും സഹായസഹകരണ പ്രവർത്തനങ്ങളിലും ഏറെ തല്പരരാണവർ. വിദ്യാലയങ്ങളിലെ ഡിജിറ്റൽ പാഠപുസ്തകങ്ങൾ പിൻവലിച്ച് പഴയ രീതിയിലുള്ള കടലാസ് പുസ്തകങ്ങളിലേക്ക് മാറിക്കൊണ്ടിരിക്കയാണത്രെ അവർ. കാര്യത്തിന്റെ ഗൗരവം നേരത്തെ തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നുവെന്നു വ്യക്തം.

ഓസ്ട്രേലിയ പോലുള്ള മറ്റു ചില രാജ്യങ്ങളും ഇക്കാര്യത്തിൽ ഉണർന്നുകഴിഞ്ഞു. കുട്ടികളുടെ സ്മാർട്ട്ഫോൺ ഉപയോഗം കുറയ്ക്കാനുള്ള നടപടികൾ അവിടങ്ങളിൽ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. നമ്മുടെ ഇന്ത്യയിലും ചില പ്രദേശങ്ങൾ മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു. മഹാരാഷ്ട്രയിലെ 'വടുകാവ്' എന്ന ഗ്രാമത്തിലെ മുഴുവൻ ജനങ്ങളും രാത്രി നിശ്ചിത

**വീടിനകത്തായാലും പുറത്തിറങ്ങിയാലും സമൂഹത്തിൽ നല്ലൊരു ശതമാനം സ്മാർട്ട് ഫോണിൽ കണ്ണുനട്ടിരിക്കുകയായിരിക്കും. വാഹനങ്ങളിലും മറ്റും തൊട്ടുതൊട്ടിരിക്കുന്നവർ പോലും തലകുനിച്ച് സ്വന്തം ലോകങ്ങളിൽ വിഹരിക്കുകയായിരിക്കും. അടുത്തിരിക്കുന്നയാളെ പരിചയപ്പെടാനോ പുറം കാഴ്ചകൾ കാണാനോ തുനിയുന്നവർ അപൂർവത്തിൽ അപൂർവ്വമായിരിക്കും. ഈ പ്രവണത പരസ്പര ബന്ധങ്ങളിൽ കനത്ത ആഘാതങ്ങൾ ഏൽപ്പിച്ചു കഴിഞ്ഞിരിക്കുന്നു.**



സമയം സ്മാർട്ട് ഫോണുകൾ ഉപയോഗിക്കില്ലെന്ന നിശ്ചയത്തിലാണ്. ഈ സമയം അവർ പുറത്തിറങ്ങി പരസ്പര സ്നേഹവും സൗഹൃദവും പങ്കുവെക്കാനുപയോഗിക്കുന്നു. കർണാടക ഗവൺമെന്റ് ഈ വർഷത്തെ ബജറ്റ് പ്രസംഗത്തിൽ കുട്ടികളുടെ സ്മാർട്ട്ഫോൺ ഉപയോഗം നിയന്ത്രിക്കുമെന്ന് പ്രഖ്യാപിച്ചു കഴിഞ്ഞു. കേരളത്തിലും ഇങ്ങനെയൊരു നിയന്ത്രണത്തെക്കുറിച്ച് സർക്കാർ പൊതുജനാഭിപ്രായം തേടിയിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ ഉത്തമ സമുദായമെന്ന നിലക്ക് നമ്മുടെ പങ്ക് അതിവിപുലമാണ്. ധാർമിക സദാചാര അപചയത്തിൽ നിന്ന് നമ്മെയും കുടുംബത്തെയും സമൂഹത്തെയും രാജ്യത്തെയും സുരക്ഷിതമാക്കാനുള്ള ബാധ്യത നമുക്കുണ്ട്. അതിന് നാം മാതൃക കാണിച്ചു രംഗത്തിറങ്ങേണ്ടതുണ്ട്. ഗൗരവപൂർവ്വം ആലോചിച്ചു നോക്കൂ, നമുക്ക് ഈ കാര്യത്തിൽ മുന്നിട്ടിറങ്ങാൻ പ്രയാസമുണ്ടോ? ദേഹേച്ഛയോട് പടപൊരുതി ആത്മീയാഭിവൃദ്ധി നേടുന്നവ



**പൈശാചികതകളെ അകറ്റിനിർത്തുന്നതിന്റെ ഭാഗമായി ഈ സോഷ്യൽമീഡിയയെയും നമുക്ക് നിയന്ത്രണവിധേയമാക്കിക്കൂടേ? സർക്കാർ നിയമങ്ങൾ വരുന്നതിനു മുമ്പേ സ്വയം നിയന്ത്രിച്ചു നമുക്കു മാതൃക കാണിച്ചുകൂടേ? ഓരോരുത്തർക്കുമുണ്ട് ഇക്കാര്യത്തിൽ സ്വന്തം റോളുകൾ. മാതാപിതാക്കൾ വീട്ടിൽ നിന്ന് തുടങ്ങണം. സ്മാർട്ട്ഫോണുകളിൽ കണ്ണുനട്ട് സ്വയം മറന്നിരിക്കുന്ന രക്ഷിതാക്കൾക്ക് ഒരിക്കലും മക്കളെ അതിന്റെ ആകർഷണവലയത്തിൽ നിന്ന് അകറ്റിനിർത്താനാവില്ല.**

രാണ് നമ്മൾ. പൈശാചികതകളെ അകറ്റിനിർത്തുന്നതിന്റെ ഭാഗമായി ഈ സോഷ്യൽമീഡിയയെയും നമുക്ക് നിയന്ത്രണവിധേയമാക്കിക്കൂടേ? സർക്കാർ നിയമങ്ങൾ വരുന്നതിനു മുമ്പേ സ്വയം നിയന്ത്രിച്ചു നമുക്കു മാതൃക കാണിച്ചുകൂടേ? ഓരോരുത്തർക്കുമുണ്ട് ഇക്കാര്യത്തിൽ സ്വന്തം റോളുകൾ. മാതാപിതാക്കൾ വീട്ടിൽ നിന്ന് തുടങ്ങണം. സ്മാർട്ട്ഫോണുകളിൽ കണ്ണുനട്ട് സ്വയം മറന്നിരിക്കുന്ന രക്ഷിതാക്കൾക്ക് ഒരിക്കലും മക്കളെ അതിന്റെ ആകർഷണവലയത്തിൽ നിന്ന് അകറ്റിനിർത്താനാവില്ല. നിങ്ങൾ ഫോൺ മാറ്റിവെക്കൂ. കുട്ടികൾക്ക് അപ്രാപ്യമാംവിധം അകറ്റി നിർത്തൂ. അധ്യാപകർ കുട്ടികളെ ബോധവൽക്കരിക്കുന്നതോടൊപ്പം വിദ്യാലയത്തിലും പരിസരത്തും സ്മാർട്ട്ഫോണിന്റെ ഉപയോഗത്തിൽ നിന്നു മാറി നിൽക്കൂ. സമൂഹത്തിലെ ഓരോ വ്യക്തിയും പരീക്ഷണത്തിന് തയ്യാറാവൂ. ഈ മാരണത്തെ മാറ്റിനിർത്തിയാൽ നമുക്കൊന്നും നഷ്ടപ്പെടാനില്ല; ലാഭിക്കാനല്ലാതെ. സമയലാഭം, സാമ്പത്തിക ലാഭം, രോഗമുക്തി, സമാശ്വാസം, സന്തോഷം, സംതൃപ്തി എന്നിങ്ങനെ എത്രയെത്ര നേട്ടങ്ങൾ! പൂർണ്ണമായി സോഷ്യൽമീഡിയ കൈവെടിയാൻ ഇനി നമുക്കാവില്ല. അങ്ങനെ ചെയ്യണമെന്ന് ആരും പറയുന്നുമില്ല. നിയന്ത്രണം ഏർപ്പെടുത്തണം. അതിന്റെ അടിമത്തത്തിൽ നിന്ന് മുക്തി നേടണം. അതിനുള്ള ശ്രമമാണ് വേണ്ടത്. ഒരു കൈ നോക്കാനായി നമുക്ക് ഒന്നിച്ചിറങ്ങാം.

മാതാപിതാക്കൾ കുട്ടികളെ ഡിജിറ്റൽ അടിമത്തത്തിൽ നിന്ന് മുക്തരാക്കാൻ പരിശ്രമിക്കണം. അവധിക്കാലമാണ്. കുട്ടികൾ വീട്ടിൽ ചടഞ്ഞിരുന്ന് ഫോണിനായി വാശിപിടിക്കുന്നുണ്ടാവും. അവരുടെ ശ്രദ്ധ മറ്റു പല കാര്യങ്ങളിലേക്കും തിരിച്ചുവിടാം. പലതരം കളികളിലേക്ക്, വായനയിലേക്ക്, പ്രകൃതിയിലേക്ക്, വീട്ടുജോലികളിലേക്ക്, കൃഷികളിലേക്ക് തരം പോലെ അവരെ നയിക്കാം. അവർ നമ്മുടെ പ്രകൃതി ആസ്വദിക്കട്ടെ. വൃക്ഷങ്ങളെയും പക്ഷികളെയും സസ്യലതാദികളെയും അവയിലെ കായ്കനികളെയും നിരീക്ഷിക്കട്ടെ, അനുഭവിച്ചറിയട്ടെ, പരിസരം വൃത്തിയാക്കട്ടെ, അലക്കാൻ പഠിക്കട്ടെ, അയൽ ബന്ധങ്ങളും കുടുംബബന്ധങ്ങളും സുദൃഢമാകട്ടെ, നിങ്ങൾക്ക് കൂടെ നിൽക്കാൻ കഴിയുമോ? എങ്കിൽ ഗുണഫലങ്ങൾ താമസിയാതെ നമുക്ക് അനുഭവിക്കാം, ആസ്വദിക്കാം.

**ആത്മയാനം – 16**

അലി സഖാഫി പുൽപ്പറ്റ

# പേടിയില്ലാത്തവർ

അല്ലാഹുവിൽ സമ്പൂർണ്ണമായി ലയിച്ച് ഭൗതികാസക്തിയെ നിർവീര്യമാക്കിയ സൂഫിവര്യർ കാര്യകാരണബന്ധങ്ങളെക്കുറിച്ച് ചിന്തിക്കുകയില്ല. അവർക്ക് അല്ലാഹുവിന്റെ കലർപ്പറ്റ ഏകത്വവും രക്ഷാകർതൃത്വവും വെളിപ്പെടും. പിന്നെ ലൗകിക ആകുലതകളുണ്ടാവില്ല. ഭൗതിക സുഖദുഃഖങ്ങൾ സ്വന്തം കർമ്മഫലമാണെന്ന് അല്ലാഹു അവരുടെ മനസ്സിൽ അങ്കുരിപ്പിക്കും. ശരീഅത്തിനു നിരക്കാത്തതോ സൂക്ഷ്മതക്കു വിരുദ്ധമോ ആയ വല്ലതും സംഭവിച്ചാൽ അതിന്റെ പ്രത്യാഘാതം തത്സമയം അനുഭവിക്കുമെന്ന് സൂഫിക്കു ഗ്രാഹ്യമാകും. ഒരു സൂഫീവര്യന്റെ കാലുറ എലി കരണ്ടു. അത് ശ്രദ്ധയിൽപ്പെട്ടപ്പോൾ അതിനു നിമിത്തമായി തന്നിൽ നിന്നുണ്ടായ തെറ്റിനെക്കുറിച്ചാണ് മഹാൻ ചിന്തിച്ചത്.

ഭക്ഷണത്തെക്കുറിച്ച് ആശങ്കപ്പെട്ടിരുന്ന ഒരു സൂഫിവര്യൻ മരുഭൂമിയിലൂടെ സഞ്ചരിക്കുന്നതിനിടെ മണൽപരപ്പിൽ തളർന്നു കിടക്കുന്ന ഒരു വാനമ്പാടിയെ കണ്ടു. കണ്ണുകൾക്കു കാഴ്ചയില്ല. ചിറകുകൾ ഒടിഞ്ഞിരിക്കുന്നു. കാലുകൾ മുറിഞ്ഞിട്ടുമുണ്ട്. പറക്കാനും നടക്കാനും കാണാനും വയ്യ. ഈ പക്ഷി എങ്ങനെ ജീവൻ നിലനിർത്തുന്നു? അയാൾ ആശ്ചര്യപ്പെട്ടു നോക്കിനിൽക്കവെ ഭൂമിയിൽ ഒരു ഗർത്തം രൂപപ്പെട്ട് രണ്ടു തളികകൾ ബഹിർഗമിച്ചു! ഒന്നിൽ ശുദ്ധ എള്ള്, മറ്റേതിൽ തെളിഞ്ഞ വെള്ളം! പക്ഷി അതിൽ നിന്ന് തിന്നുകയും കുടിക്കുകയും ചെയ്തു. ശേഷം ആ തളികകൾ അന്തർഗമിച്ചു! ഈ വിചിത്ര രംഗത്തിനു സാക്ഷിയായതോടെ തന്റെ ഹൃത്തിൽ നിന്ന് ഭക്ഷണത്തെ പ്രതിയുള്ള ആകുലതകൾ അശേഷം നീങ്ങിയതായി അദ്ദേഹം പറഞ്ഞു.

ആത്മീയതയുടെ ഉന്നത പടവുകളിലെത്തിയ ശ്രേഷ്ഠ മനുഷ്യർ സൃഷ്ടികളെ ശ്രദ്ധിക്കുകയേയില്ല. അവരുടെ ഹൃദയനേത്രങ്ങൾ അല്ലാഹുവിന്റെ വ്യവഹാരങ്ങളെയാണ് വീക്ഷിച്ചുകൊണ്ടിരിക്കുക. അവന്റെ കല്പനകൾ പാലിക്കുന്നതിലായിരിക്കും ശ്രദ്ധ മുഴുവൻ. അവർക്ക് തങ്ങൾ വിചാരിക്കാത്ത വിധത്തിൽ നിശ്ചിത വിഹിതങ്ങൾ വന്നെത്തും. അനുഗ്രഹങ്ങൾ വർഷിക്കപ്പെടും. അല്ലാഹുവിൽ നിന്നുള്ള പ്രകാശദർശനങ്ങൾ (തജല്ലിയ്യാത്ത്) അവർക്കു വെളിപ്പെടും.

മൂന്നു ഘട്ടങ്ങളിലൂടെയാണ് അല്ലാഹുവിന്റെ ദർശനമുണ്ടാവുക. അവന്റെ പ്രവർത്തനങ്ങൾ (അഫ്ആൽ) വഴിയാണ് പ്രഥമഘട്ടം. പ്രപഞ്ചത്തിലെ ഏക ചാലകശക്തിയും ഊർജ്ജസ്രോതസ്സുമായി അല്ലാഹുവിനെ മാത്രം ദർശിക്കലാണത്. മറ്റൊരു സൃഷ്ടിയുടെയും പ്രവർത്തനത്തെ അവർ കാണുകയില്ല.



അടുത്തപടി അവന്റെ വിശേഷണ (സ്വിഫാത്ത്) മാർഗേണയുള്ള ദർശനമാണ്. അറിവ്, കേൾവി, കാഴ്ച തുടങ്ങി സർവ്വവിശേഷണങ്ങളും പൂർണ്ണാർത്ഥത്തിൽ സമ്മേളിച്ച ഏകനായ പ്രപഞ്ചനാഥനെ അവർ കണ്ടെത്തുന്നു. തുടർന്ന് അല്ലാഹുവിന്റെ സത്താപരമായ (ദാതിയ്യ്) ദർശനങ്ങൾ ലഭിക്കുന്നു. അല്ലാഹുവല്ലാത്ത ഒന്നിന്റെയും അസ്തിത്വത്തെ ദർശിക്കാതിരിക്കുന്ന അവസ്ഥയാണിത്. ആത്യന്തികമായി അല്ലാഹു മാത്രമേയുള്ളൂ എന്ന് ഈ ഘട്ടത്തിൽ ബോധ്യപ്പെടുന്നു. ദൃഢജ്ഞാനത്തിന്റെ (ഇൽമുൽയഖീൻ) ഉപര്യുക്ത മൂന്നു പടികളിൽ ഓരോന്നും

മറ്റൊന്നിനെക്കാൾ ഉയർന്നതും തെളിച്ചം നൽകുന്നതുമാണ്.

അഫ്ആലുകൾ വഴിയുള്ള വെളിപാട് അല്ലാഹുവിന്റെ വിധികളിൽ സമ്പൂർണ്ണ സംതൃപ്തിയും അനുസരണവും കൈവരുത്തും. വിശേഷണങ്ങളിലൂടെയുള്ള വെളിപാട് അവന്റെ ഔജ്ജല്ല്യത്തെയും സൗന്ദര്യത്തെയും അരക്കിട്ടുറപ്പിക്കും. സത്തയിലൂടെയുള്ള വെളിപാട് അല്ലാഹുവിൽ വിലയം (ഫനാഅ്) പ്രാപിക്കുന്നതിനും അനശ്വരത (ബഖാഅ്) നേടുന്നതിനും സജ്ജമാക്കും.

സൂഫിഭാഷ്യത്തിൽ ഫനാഇന് രണ്ടു മുഖങ്ങളുണ്ട്; പ്രത്യക്ഷം, ആന്തരീയം. സ്വാഭീഷ്ടങ്ങൾ പൂർണ്ണമായും വെടിഞ്ഞ് അല്ലാഹുവിന്റെ ഹിതങ്ങളിൽ ലയിക്കലാണ് പ്രത്യക്ഷ ഫനാഅ്.

സകല വസ്തുക്കളിലും അല്ലാഹുവിന്റെ സത്തയുടെ ഒളി ദർശിക്കുകയും അവനല്ലാത്ത സമസ്ത വസ്തുക്കളുടെയും അസ്ഥിത്വ അടയാളങ്ങൾ അപ്രത്യക്ഷമാവുകയും ചെയ്യുന്ന അവസ്ഥയാണ് ആന്തരിക ഫനാഅ്. ഭൗതിക ലോകത്തു വെച്ച് ലഭിക്കാവുന്ന ദൃഢജ്ഞാനത്തിന്റെ പാരമ്യതയാണിത്. എന്നാൽ നഗ്നനേത്രങ്ങൾക്കു ദൃശ്യമാകും വിധമുള്ള അല്ലാഹുവിന്റെ പ്രത്യക്ഷപ്പെടൽ പരലോകത്തു മാത്രം സംഭവിക്കുന്നതാണ്. മിഅ്റാജു രാവിൽ തിരുദൂതർക്കു ലഭിച്ച ദർശനമാണ് ഇതിന്നപവാദം.

ഉപര്യുക്ത ദർശനങ്ങളിലൂടെ ഉന്നത പദവിയിലെത്തിയ വിശ്വാസി അല്ലാഹുവിൽ നിന്ന് ഔദാര്യമായി ലഭിക്കുന്നതു മാത്രമേ സ്വീകരിക്കുകയുള്ളൂ. തിരുനബി(സ) അരുളി: ''ആർക്കെങ്കിലും യാചിക്കാതെയും മോഹിക്കാതെയും വല്ല ഔദാര്യവും നൽകപ്പെടുന്ന പക്ഷം അവരത് സ്വീകരിക്കുകയും ഭക്ഷണം വിശാലമാക്കുകയും ചെയ്യട്ടെ. തന്റെ അടുക്കൽ ആവശ്യത്തിനുണ്ടെങ്കിൽ അതു വാങ്ങി ആവശ്യക്കാർക്കു ദാനം നൽകുകയും ചെയ്യട്ടെ.'' (അഹ്മദ് 5/65)

ആവശ്യത്തിലധികം ലഭിക്കുന്ന ദാനവസ്തുക്കൾ മറ്റുള്ളവർക്കു വിതരണം ചെയ്യാനെന്ന ഉദ്ദേശ്യത്തോടെ സ്വീകരിക്കാമെ

**ഉമറുബ്നുൽ ഖത്താബ്(റ) പറയുന്നു: ''തിരുദൂതർ(സ) എനിക്കു വല്ലതും നൽകുമ്പോൾ എന്നെക്കാൾ പ്രയാസം അനുഭവിക്കുന്നവർക്കു നൽകാൻ ഞാൻ പറയുമായിരുന്നു. അപ്പോൾ അവിടുന്ന് പറയും: ''ഇതു സ്വീകരിക്കുക. എന്നിട്ടിതു ധനമാക്കി വെക്കുകയോ ദാനം നൽകുകയോ ചെയ്യുക. ചോദിക്കുകയോ ആഗ്രഹിക്കുകയോ ചെയ്യാതെ വല്ല ധനവും താങ്കൾക്കു ലഭിച്ചാൽ അതു സ്വീകരിക്കുക. മറ്റു വസ്തുക്കൾ ആശിക്കാതിരിക്കുകയും ചെയ്യുക.'' (ബുഖാരി 1473)**

ന്ന് മേൽ നബിവചനം പഠിപ്പിക്കുന്നു. സമസ്തവും അല്ലാഹുവിന്റെ പ്രവർത്തനമായി ദർശിക്കുന്ന സൂഫി അത് എങ്ങനെ നിരസിക്കും?

ഉമറുബ്നുൽ ഖത്താബ്(റ) പറയുന്നു: ''തിരുദൂതർ(സ) എനിക്കു വല്ലതും നൽകുമ്പോൾ എന്നെക്കാൾ പ്രയാസം അനുഭവിക്കുന്നവർക്കു നൽകാൻ ഞാൻ പറയുമായിരുന്നു. അപ്പോൾ അവിടുന്ന് പറയും: ''ഇതു സ്വീകരിക്കുക. എന്നിട്ടിതു ധനമാക്കി വെക്കുകയോ ദാനം നൽകുകയോ ചെയ്യുക. ചോദിക്കുകയോ ആഗ്രഹിക്കുകയോ ചെയ്യാതെ വല്ല ധനവും താങ്കൾക്കു ലഭിച്ചാൽ അതു സ്വീകരിക്കുക. മറ്റു വസ്തുക്കൾ ആശിക്കാതിരിക്കുകയും ചെയ്യുക.'' (ബുഖാരി 1473)

സാലിം(റ) പറയുന്നു: ''ഇക്കാരണത്താൽ ഇബ്നു ഉമർ(റ) ഒരാളോടും ഒന്നും ആവശ്യപ്പെടാറുണ്ടായിരുന്നില്ല. വല്ലതും നൽകപ്പെട്ടാൽ തിരസ്കരിക്കാറുമില്ല.'' (സ്വഫതുത്തസ്വവ്വുഫ് 276)

സൈദുബ്നു ഖാലിദ്(റ) നിവേദനം. നബി(സ) അരുളി: ''ചോദിക്കാതെയും ആഗ്രഹിക്കാതെയും തന്റെ സഹോദരനിൽ നിന്നു വല്ലതും ലഭിച്ചാൽ അതു സ്വീകരിക്കുക. അല്ലാഹു അയാൾക്കു കൊടുത്ത ഭക്ഷണമാണത്.'' (ഇബ്നു ഹിബ്ബാൻ 3404)

അല്ലാഹു നൽകുന്നതു സ്വീകരിക്കുന്ന വിശ്വാസി അതു നിരസിക്കുന്നവനെക്കാൾ സുരക്ഷിതനായിരിക്കും. കാരണം ദാനം തിരസ്കരിക്കുന്നവന്റെ മനസ്സിൽ ദേഹേച്ഛ കടന്നുകൂടാനിയുണ്ട്. താൻ ഭൗതിക വിരക്തനാണെന്നു ജനത്തെ തെര്യപ്പെടുത്താനായിരിക്കാം ദാനം നിരസിക്കുന്നത്. അതു സ്വീകരിക്കുകയും ആവശ്യമുള്ളവർക്കു വിതരണം നടത്തുകയും ചെയ്യുന്നതാണു സത്യസന്ധത. മറ്റുള്ളതു കാപട്യമാണ്. പൊതുജനം ഈ സമീപനത്തെ ചെറുതായിക്കണ്ടേക്കാം. അതവരുടെ അജ്ഞതയാണ്. ഇങ്ങനെ ചെയ്യുമ്പോൾ വിശ്വാസിക്ക് ധനത്തിലും പ്രസിദ്ധിയിലും സുഹ്ദ് നേടിയെടുക്കാൻ സാധിക്കുന്നു.

ആവശ്യപ്പെടാതെ കിട്ടുന്ന ഉപജീവനത്തെക്കുറിച്ച് ചില സൂഫികൾക്ക് മുന്നറിവു ലഭിക്കാറുണ്ട്. ചിലർക്കുണ്ടാവില്ല. ചിലർ മുന്നറിയിപ്പില്ലാതെ ലഭിക്കുന്നതൊന്നും വിനിയോഗിക്കുകയില്ല. ചിലർ വിനിയോഗിക്കും. അല്പം ഉയർന്ന വിതാനത്തിലുള്ളവരാണ് രണ്ടാം വിഭാഗം. സർവ്വദാ അല്ലാഹുവിന്റെ ഇച്ഛകൾക്കൊപ്പം ആയതിനാൽ ഇവർക്ക് മറ്റൊന്നും ആലോചിക്കാനില്ല. '...ഞാൻ അവനെ സ്നേഹിച്ചാൽ അവന്റെ കേൾവിയും കാഴ്ചയും ഞാനാകും. എന്നിലൂടെ അവൻ കേൾക്കുകയും എന്നിലൂടെ കാണുകയും എന്നിലൂടെ സംസാരിക്കുകയും ചെയ്യും' എന്ന നബിവചനത്തെ സാക്ഷാൽക്കരിച്ചവരാണവർ.

അല്ലാഹുവിന്റെ ഔദാര്യത്തിൽ നിന്നു ലഭിക്കുന്നതല്ലാതെ ഞാൻ ഭക്ഷിക്കാറില്ലെന്ന് ശൈഖ്

ഹമ്മാദു ദ്ദബ്ബാസ്(റ) പറയാറു ണ്ടായിരുന്നു. അദ്ദേഹത്തിനു ഭക്ഷണമെത്തിക്കാൻ പലർക്കും സ്വപ്നദർശനം ലഭിക്കുകയും ഏതു ഭക്ഷണമാണു വേണ്ടതെന്ന് നിർണയിച്ചു നൽകുകയും ചെയ്തിരുന്നുവത്രേ. ''അല്ലാഹുവിന്റെ ഔദാര്യം കഴിച്ച് വളരുന്ന ദേഹത്തിന് ജീർണ്ണത ബാധിക്കുകയില്ല''എന്ന് അദ്ദേഹം പറഞ്ഞിരുന്നു.

ഇമാം നൂരി(റ) ജനങ്ങളോട് യാചിക്കുന്നതു കാണാനിടയായ ഒരാൾ പറയുന്നു: ''അതെന്നെ വല്ലാതെ അസ്വസ്ഥനാക്കി. ഞാൻ ഇക്കാര്യം ജുനൈദുൽ ബഗ്ദാദി(റ)യെ അറിയിച്ചു. അദ്ദേഹം പറഞ്ഞു: ''താങ്കൾ അസ്വസ്ഥനാവേണ്ടതില്ല. ജനങ്ങൾക്കു കിട്ടാനല്ലാതെ അവരോടൊന്നും നൂരി ചോദിക്കുകയില്ല. പരലോകത്ത് അവർക്കു പ്രതിഫലം ലഭിക്കാനും അങ്ങനെ നരകമോചനം ഉറപ്പാക്കാനുമായിരിക്കും അദ്ദേഹം അങ്ങനെ ചോദിക്കുന്നത്.''

തുടർന്ന് ജുനൈദ്(റ) ഒരു ത്രാസ് കൊണ്ടുവരാൻ നിർദ്ദേശിച്ചു. അതിൽ നൂറു ദിർഹം (1 ദിർഹം 2.95 ഗ്രാം വെള്ളി) തൂക്കിയെടുത്ത് അതിലേക്കു ഒരു പിടി കൂടി വാരിയിട്ടു. എന്നിട്ട് എന്നോട് അത് നൂരിക്കു കൊണ്ടുപോയി കൊടുക്കാനാവശ്യപ്പെട്ടു. ഞാൻ സ്വയം പറഞ്ഞു: ''ഒരു വസ്തു തൂക്കുന്നത് അളവു കൃത്യമാക്കാനാണല്ലോ. അതിൽ തൂക്കാത്തത് കലർത്തിയാൽ പിന്നെ എന്തു ഫലം?'' ലജ്ജ കാരണം ഞാനതു ചോദിച്ചില്ല.

ഞാൻ ധൃതിയിൽ പോയി ആ സഞ്ചി നൂരിയെ ഏൽപ്പിച്ചു. അദ്ദേഹം ഉടനെ ഒരു ത്രാസ് കൊണ്ടുവരാൻ ആവശ്യപ്പെടുകയും നൂറു ദർഹം തൂക്കിയെടുത്ത് അത് ജുനൈദി(റ)നു തിരിച്ചുകൊടുക്കാൻ പറയുകയും ബാക്കി അദ്ദേഹം എടുക്കുകയും ചെയ്തു. അദ്ദേഹത്തിൽ നിന്ന് ഞാൻ ഒന്നും സ്വീകരിക്കുകയില്ല എന്നും പറഞ്ഞു. ഈ പ്രവൃത്തി എന്നെ അത്ഭുതപ്പെടുത്തി. അതിനെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പ്രതിവചിച്ചു:

ജുനൈദ്(റ) നല്ലൊരു തത്വജ്ഞാനിയാണ്. ഒരു കയറിന്റെ



രണ്ടഗ്രങ്ങളും പിടിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. തനിക്കു പ്രതിഫലം ലഭിക്കണമെന്നു മോഹിച്ച് നൂറു വെള്ളി അളന്നു. എന്നിട്ട് അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് തൂക്കാതെ ഒരു പിടി അതിലിടുകയും ചെയ്തു. അല്ലാഹുവിനെ ഉദ്ദേശിച്ച് അദ്ദേഹം നൽകിയത് ഞാൻ സ്വീകരിച്ചു. പ്രതിഫലം കിട്ടണമെന്നു കരുതി നൽകിയത് ഞാൻ തിരിച്ചുകൊടുക്കുകയും ചെയ്തു.

ഞാനത് ജുനൈദി(റ) നെ തിരികെ ഏൽപ്പിച്ചു. ഉടനെ അദ്ദേഹം കരഞ്ഞുകൊണ്ട് പറഞ്ഞു: ''അദ്ദേഹം തനിക്കുള്ളതു സ്വീകരിച്ചു, നമുക്കുള്ളത് തിരിച്ചു നൽകുകയും ചെയ്തു.''

ശൈഖ് സുഹ്റവർദി(റ) ഒരിക്കൽ ശിഷ്യന്മാരോട് പറഞ്ഞു: ''നമുക്ക് ഒരു അത്യാവശ്യം നേരിട്ടിരിക്കുന്നു. നിങ്ങളെല്ലാവരും ഖൽവത്തിൽ പ്രവേശിച്ച് അല്ലാഹുവിനോടു ചോദിക്കുക. അവൻ നിങ്ങൾക്കു വല്ല വഴിയും തുറന്നു തരികയാണെങ്കിൽ അവരത് എന്റെ അടുക്കൽ എത്തിക്കുക.''

അവർ അപ്രകാരം ചെയ്തു. കുറച്ചു കഴിഞ്ഞപ്പോൾ അവരിൽ പെട്ട ഇസ്മാഈലുൽബത്താഇഹി(റ) തനിക്ക് അല്ലാഹു വെളിപ്പെടുത്തിയത് എന്നുപറഞ്ഞ് ഒരു കടലാസുമായി ശൈഖിനെ സമീപിച്ചു. അതിൽ മുപ്പതു വൃത്തങ്ങളുണ്ടായിരുന്നു. ശൈഖ് അതു വാങ്ങി. അൽപ്പസമയത്തിനകം അവിടെ ഒരാൾ വരികയും ഏതാനും സ്വർണ്ണനാണയങ്ങൾ സമർപ്പിക്കുകയും ചെയ്തു. തുറന്നു നോക്കുമ്പോൾ മുപ്പതു നാണയങ്ങളുണ്ട്. ശൈഖ് അവ ഓരോന്നുമെടുത്ത് കടലാസിലെ വൃത്തങ്ങളിൽ വെച്ചു. എല്ലാം കൃത്യം. ശൈഖവർകൾ പറഞ്ഞു: ''ഇത് ശൈഖ് ഇസ്മാഈലിന് അല്ലാഹുവിൽ നിന്നു ലഭിച്ചതാണ്.''

ഒരിക്കൽ ശൈഖ് അബ്ദുൽഖാദിർ(റ) ഒരാളെ വിളിച്ചുവരുത്തി പറഞ്ഞു: ''താങ്കളുടെ കൈവശം ഒരു വ്യക്തി കുറച്ചു സ്വർണ്ണവും ധാന്യവും സൂക്ഷിക്കാൻ ഏൽപ്പിച്ചിട്ടുണ്ടല്ലോ, അതിൽ നിന്ന് ഇത്ര സ്വർണ്ണവും ധാന്യവും എനിക്കു തരിക.''

അദ്ദേഹം ചോദിച്ചു: ''സൂക്ഷിപ്പു സ്വത്ത് ഉടമയുടെ അനുവാദമില്ലാതെ ഞാനെങ്ങനെ വിതരണം ചെയ്യും? ഈ വിഷയത്തിൽ ഞാൻ താങ്കളോട് ഫത്വ ആവശ്യപ്പെട്ടാൽ താങ്കൾ അതിന് അനുകൂല വിധി നൽകുമോ?''

ശൈഖവർകൾ ആവർത്തിച്ച് നിർബന്ധിച്ചപ്പോൾ അതിൽ വല്ല രഹസ്യവുമുണ്ടാകുമെന്നു വിചാരിച്ച് അയാൾ ആവശ്യപ്പെട്ട ധനം കൊണ്ടുവന്നു കൊടുത്തു. വൈകാതെ, ഇറാഖിലെ ഏതോ ഗ്രാമത്തിലായിരുന്ന ആ ധനത്തിന്റെ ഉടമ ശൈഖ് അബ്ദുൽ ഖാദിറി(റ)ന് നിശ്ചിത അളവ് സ്വർണ്ണവും ധാന്യവും കൊടുക്കാൻ നിർദ്ദേശിച്ചുകൊണ്ടെഴുതിയ കത്തു വന്നു. ശൈഖ് ചോദിച്ചു വാങ്ങിയ അതേ അളവും തൂക്കവും ആ കത്തിൽ രേഖപ്പെടുത്തിയതു കണ്ട് അദ്ദേഹം ആശ്ചര്യപ്പെട്ടു.

സത്യവിശ്വാസി അല്ലാഹുവിന്റെ കൂടെ യഥാവിധി നില കൊള്ളുകയും അവന്റെ തൃപ്തി കാംക്ഷിച്ച് സ്വേച്ഛകൾ നിശ്ശേഷം ഹനിക്കുകയും ചെയ്താൽ അല്ലാഹു അവന്റെ ഹൃദയത്തിൽ നിന്ന് ഭൗതിക വ്യാകുലതകൾ തുടച്ചു നീക്കുകയും പൂർണ്ണ മനസ്സംതൃപ്തി നൽകുകയും ഔദാര്യത്തിന്റെ കവാടങ്ങൾ തുറന്നുകൊടുക്കുകയും ചെയ്യും. ഏതെങ്കിലും സൂഫികൾക്ക് ലൗകിക വിഷയങ്ങളിൽ ഉത്കണ്ഠയുണ്ടെങ്കിൽ അവരുടെ ആത്മസമർപ്പണം പൂർണ്ണമായിട്ടില്ലെന്നു ഗ്രഹിക്കാം.

# എസ് ജെ എം ഫത്ഹേമുബാറക് ഉജ്ജ്വലമായി

തിരുവനന്തപുരം: അക്ഷര ലോകത്തേക്ക് ആദ്യചുവട് എന്ന പ്രമേയത്തിൽ സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ വള്ളക്കടവ് ജവാഹിറുൽ ഉലൂം മദ്റസയിൽ സംഘടിപ്പിച്ച മദ്റസാവിദ്യാരംഭം ഫത്ഹേമുബാറക് സംസ്ഥാനതല ഉദ്ഘാടനം ഉജ്ജ്വലവും ശ്രദ്ധേയവുമായി. എസ് ജെ എം പ്രസിഡന്റ് സയ്യിദ് അലി ബാഫഖിയുടെ അധ്യക്ഷതയിൽ സമസ്ത സെക്രട്ടറി സയ്യിദ് ഇബ്റാഹീം ഖലീലുൽ ബുഖാരി ഉദ്ഘാടനം ചെയ്തു. രാജ്യത്തിന്റെ മതനിരപേക്ഷതയും ജനാധിപത്യബോധവും ഉയർത്തിപ്പിടിക്കാൻ സർവ്വജനങ്ങളും തയ്യാറാവണം. ഇളം മനസ്സുകളിൽ നന്മ വളർത്തുന്നതിൽ മദ്റസകൾ വഹിച്ച പങ്ക് വിശ്രുതമാണ്. ഈ നില പൂർവ്വാധികം ഭംഗിയിൽ തുടരണം. അദ്ദേഹം ഉത്ബോധിപ്പിച്ചു.

ഇരുസയ്യിദുമാരും സയ്യിദ് മുഹ്സിൻ തങ്ങളും ചേർന്ന് ഇളംകുരുന്നുകളെ ആദ്യാക്ഷരം കുറിച്ചുകൊടുത്തും മധുരം നൽകിയും അനുഗ്രഹിച്ചു. വഖഫ് ബോർഡ് ചെയർമാൻ കെ എസ് ഹംസ മുഖ്യാതിഥിയായി. സബിൻ സമീദ് അവാർഡ് ദാനം നിർവഹിച്ചു. വിപിഎം ഫൈസി വില്യാപ്പള്ളി, പ്രൊഫ. എ കെ അബ്ദുൽഹമീദ്, എ സൈഫുദ്ദീൻ ഹാജി, സുലൈമാൻ സഖാഫി കുഞ്ഞുകുളം, പി എ മുഹമ്മദ് കുഞ്ഞ് സഖാഫി പ്രസംഗിച്ചു. ജപ്പു അബ്ദുറഹ്മാൻ മദനി, ഡോ. നാസർ ഹിശാമി, കെ ഉമർ മദനി, ബശീർ മുസ്‌ലിയാർ ചെറൂപ്പ, വി വി അബൂബക്കർ സഖാഫി സംബന്ധിച്ചു. എസ് ജെ എം സംസ്ഥാന സെക്രട്ടറി അബൂഹനീഫൽ ഫൈസി സ്വാഗതവും എസ് എം ഹനീഫ ഹാജി നന്ദിയും പറഞ്ഞു.

# 100 കേന്ദ്രങ്ങളിൽ മുഅല്ലിം സംഗമങ്ങൾ സംഘടിപ്പിക്കും

കോഴിക്കോട്: സമസ്ത സെന്റിനറിയുടെ മുന്നോടിയായി സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ 100 മുഅല്ലിം സംഗമങ്ങൾ സംഘടിപ്പിക്കുവാൻ സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ തീരുമാനിച്ചു. സമസ്ത സമ്മേളനത്തിന്റെ പ്രചാരണത്തിൽ മുഅല്ലിംകൾക്കുള്ള ഭാഗധേയത്വം പ്രസ്തുത സംഗമങ്ങളിൽ വിശദീകരിക്കപ്പെടും.

സമസ്തസെന്ററിൽ നടന്ന എസ് ജെ എം സെക്രട്ടറിയേറ്റ് യോഗം മെയ് അഞ്ചിന് സെൻട്രൽ കൗൺസിലും ഏപ്രിൽ നാലിന് ജില്ലാ പ്രസിഡന്റ് - സെക്രട്ടറിമാരുടെ സംയുക്ത സംഗമവും ഏപ്രിൽ 25ന് നാഷണൽ മീറ്റും സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. പ്രസിഡന്റ് സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. ജന. സെക്രട്ടറി അബൂഹനീഫൽ ഫൈസി, ട്രഷറർ വിപിഎം ഫൈസി വില്യാപ്പള്ളി, വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി പ്രൊഫ. എ കെ അബ്ദുൽഹമീദ്, കെ പി എച്ച് തങ്ങൾ, സുലൈമാൻ സഖാഫി കുഞ്ഞുകുളം, കെ ഉമർ മദനി, വി വി അബൂബക്കർ സഖാഫി, ചെറൂപ്പ ബശീർ മുസ്‌ലിയാർ ചർച്ചകൾക്ക് നേതൃത്വം നൽകി.

# വർണാഭമായി മർകസ് അലിഫ് ഡേ

കോഴിക്കോട്: മദ്റസ പ്രവേശനോത്സവത്തിനു മുന്നോടിയായി കുരുന്നുകൾക്ക് ആദ്യാക്ഷരം കുറിക്കാൻ മർകസിൽ സംഘടിപ്പിച്ച അലിഫ് ഡേ വർണാഭമായി. സമസ്ത കേരള ജംഇയ്യത്തുൽ ഉലമ ജന. സെക്രട്ടറി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ ചടങ്ങ് ഉദ്ഘാടനം ചെയ്തു. ധാർമിക സമൂഹത്തെ സൃഷ്ടിക്കുന്നതിലും മൂല്യാധിഷ്ഠിത സ്വഭാവരൂപീകരണത്തിലും മതവിദ്യാഭ്യാസം വഹിക്കുന്ന പങ്ക് വലുതാണെന്നും മതിയായ ശ്രദ്ധയും പ്രാധാന്യവും അതിന് നൽകേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാനത്തിനകത്തു നിന്നും പുറത്തുനിന്നുമായി മുന്നൂറോളം വിദ്യാർഥികൾ ചടങ്ങിൽ പങ്കെടുത്തു.

സി മുഹമ്മദ് ഫൈസി അധ്യക്ഷത വഹിച്ചു. സയ്യിദ് മുഹമ്മദ് തുറാബ് സഖാഫി സന്ദേശ പ്രഭാഷണം നടത്തി. അലിഫെഴുത്ത് ചടങ്ങുകൾക്ക് വി പി എം ഫൈസി വില്യാപ്പള്ളി, സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, ഡോ. മുഹമ്മദ് അബ്ദുൽഹകീം അസ്ഹരി, ഡോ. ഹുസൈൻ സഖാഫി ചുള്ളിക്കോട്, സയ്യിദ് ശിഹാബുദ്ദീൻ അഹ്ദൽ മുത്തനൂർ, സയ്യിദ് അബ്ദുസ്സ്വബൂർ ബാഹസൻ നേതൃത്വം നൽകി.



# മരണത്തിന്റെ വള്ളിപ്പടർപ്പുകൾ

മരണം ഒരു വള്ളിച്ചെടിയാണ്.
ഏതുവഴി, എത്ര ദൂരമത് പടരുമെന്നത്
ദൈവത്തിനല്ലാതെ, മറ്റാർക്കുമറിയില്ല;
മരണമാലാഖക്കുപോലും.

ആയുസ്സിന്റെ പുസ്തകത്തിലെ
താളുകൾ തീർന്നുപോകുമ്പോൾ
ദൈവം മാലാഖയോട് പറയും,
പേരും വിലാസവും നാളും നേരവും
സ്ഥലവും സാഹചര്യവും!
മലാഖയാവട്ടെ, അക്ഷരംപ്രതി,
അണുവിട തെറ്റാതെ അതനുസരിക്കുന്നു.

ആദിയിൽ, ജീവനുണ്ടായ നാൾ മുതൽ
ആ വള്ളിച്ചെടിയും
കിളിർത്തിരിക്കണം.
ആളെണ്ണം കൂടും തോറും
വലുതായി വലുതായി,
ചില്ലകൾ നീണ്ടു നീണ്ട് വളർന്നിരിക്കണം.

പൊള്ളുന്ന മരുഭൂമിയിലേക്ക്,
അലയടക്കാത്ത സമുദ്രത്തിലേക്ക്,
പർവതങ്ങളുടെ ശിഖിരത്തിലേക്ക്,
ഗ്രാമത്തിലെ കുടിലിലേക്ക്,
രാജപ്രൗഢിയുള്ള കൊട്ടാരത്തിലേക്ക്
മരണവള്ളികൾ പടർന്നുകയറി!

സമരക്കളങ്ങളിൽ പടർന്ന വള്ളികളിൽ
ശഹാദത്തിന്റെ സുഗന്ധം പരത്തുന്ന
രക്തപുഷ്പങ്ങൾ വിടർന്നുനിന്നു.
ആരുമവ മുടിയിൽ ചൂടാനെടുത്തില്ല,
ഒരു വേനലിലും ആ വള്ളികൾ
കരിഞ്ഞുണങ്ങിയില്ല.
ഒരു കൊടുങ്കാറ്റിലും കടപുഴകിയില്ല.
ഖബറുകളുടെ ആഴങ്ങളിലേക്കതിന്റെ
താഴ്‌വേരുകൾ നൂണ്ടിറങ്ങിപ്പോയി.
മീസാൻകല്ലുകളെ ചുറ്റിവരിഞ്ഞു.
ഭൂമിഗോളത്തിനു മീതെ
ഒരദൃശ്യ പന്തലായി തണലിട്ടു നിന്നു.

രാത്രിയല്ലെങ്കിൽ പകലിൽ,
പ്രഭാതത്തിലല്ലെങ്കിൽ പ്രദോഷത്തിൽ
ഇപ്പോഴല്ലെങ്കിൽ പിന്നൊരിക്കൽ,
നമ്മെയുമാ വള്ളികൾ പുണരും.
വിരലറ്റം മുതൽ പടരുന്നൊരു വേദന
മൂർദ്ധാവിലൂടെ ആത്മാവുമായി
ഇറങ്ങിപ്പോകുമ്പോൾ മരണവള്ളിയിൽ
ഒരു പൂവു കൂടി വിടരും.
അതിന് നമ്മുടെ ഗന്ധമുണ്ടാകും.

ജീവിതം അവസാനിച്ചുവെന്ന്
മറ്റുള്ളവർ അടക്കം പറയുന്നത്
മരിച്ചയാൾ നന്നായി കേൾക്കും.
ജീവിതത്തിന്റെ തുടക്കമാണതെന്ന്
ആരോടും പറയാനാവാതെ,
അയാൾ കുഴങ്ങുമ്പോഴേക്കും
മരണവള്ളി മറ്റൊരാൾക്കുമേൽ
പടർന്നുകഴിഞ്ഞിട്ടുണ്ടാവും!

Printed & Published by Kunhalavi musliyar on behalf of Samastha Isalamic Centre, Jaferkhan Colony, P.O Eranhipalam
Kozhikode - 673006 and printed at Al kamal offset, East Nadakkavu, Kozhikode, Editor : VP Moidu Faizy Villyapally